പുസ്തകം 71
ലക്കം 10
ഒക്ടോബർ 2003
ഇഖാഅ് 1382
ഷഹബാൻ – റമദാൻ 1424



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ – 100 ക.
ഒറ്റപ്രതി – 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം


**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** *വ്രതവും ഖുർആനും*
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**8** *വ്രതാനുഷ്ഠാനം ഒരാത്മീയാഹാരം*
ഹസ്റത്ത് അഹ്മദ് (അ)

**9** *പരിശുദ്ധ റമദാനു സ്വാഗതം*
മുഹമ്മദ് ഉമർ എച്ച്. എ.

**11** *സ്വർഗ്ഗനരകങ്ങൾ ഇസ്ലാമിലും മറ്റു മതങ്ങളിലും*
ഫസ്ൽ അഹ്മദ്

**16** *അൽ ഇദ്രീസി – ആദ്യത്തെ ശാസ്ത്രീയ ഭൂപട നിർമ്മാതാവ്*
ഫ്രാൻസസ് ഗേയ്സ്

**19** *ഹൃദയവും മനസ്സും*
ഹസ്റത്ത് അഹ്മദ് (അ)

**22** *ഖുർആനും ബൈബിളും അവ അവതരിപ്പിക്കപ്പെട്ട ഭാഷകളും*
ഏ. ക്യു. മഹ്ദി

**25** *സ്വർഗ്ഗനരകങ്ങൾ ഇസ്ലാമിന്റെ വീക്ഷണത്തിൽ*
ഏ. പി. കുഞ്ഞാമു

**29** *എൻട്രോപിയും പരിമിത പ്രപഞ്ചവും*
ഖലീഫത്തുൽ മസീഹ് IV

**31** *ഖിലാഫത്ത് – ദൈവിക സംവിധാനം*
മഹ്മൂദ് കൽക്കുളം

**35** *സൂര്യൻ ചുരുട്ടിമടക്കപ്പെട്ടു*
എം. അലി വെള്ളയിൽ

കുറിപ്പുകൾ, വാർത്തകൾ


മുഖചിത്രം : ബൈത്തുൽ ഹുദാ മസ്ജിദ് &
അഹ്മദിയ്യാ മുസ്ലിം മിഷൻ സിഡ്നി, ആസ്ട്രേലിയ

*തിരുത്ത് : കഴിഞ്ഞ ലക്കം മസ്ജിദുനബ്വി മക്ക എന്നതിനു പകരം മസ്ജിദുനബ്വി മദീന എന്ന് തിരുത്തിവായിക്കണം.*


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut

## ഖുർആനിൽ നിന്ന്

വിശ്വാസികളെ! നിങ്ങൾക്ക് മുമ്പുള്ള വർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി.

(2:184)

## നബിവചനം

'റമദാൻ, ആഗതമായാൽ സ്വർഗ്ഗ കവാടങ്ങൾ തുറക്കപ്പെടുകയും നരക കവാടങ്ങൾ അടക്കപ്പെടുകയും ചെയ്യും. പിശാചിനെ ചങ്ങലകളിൽ ബന്ധനസ്ഥനാക്കുകയുംചെയ്യും.

**(ബുഖാരി).**



# റമദാന്റെ വിവക്ഷ

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

'റമദ' എന്നത് സൂര്യോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണ പാനീയങ്ങളുടെയും ഇതരശാരീരികാനന്ദങ്ങളുടെയും കാര്യത്തിൽ ക്ഷമകൈക്കൊള്ളുന്നു. മറ്റൊന്നു അല്ലാഹുവിന്റെ കല്പനകൾക്കായി ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാതമാകുന്നു. അങ്ങനെ ആത്മീയവും ഭൗതീകവുമായ ഊഷ്മാവുകൾ ഒന്നായിച്ചേർന്ന് റമദാൻ (രണ്ടുവിധത്തിലുള്ള റമദുകൾ) ഉണ്ടാകുന്നു. റമദാൻ മാസം ഉഷ്ണകാലത്തിൽ വന്നത് കൊണ്ടാണ് റമദാൻ എന്ന പേരു സിദ്ധിച്ചതെന്നു വൈയാകരണന്മാരുടെ അഭിപ്രായത്തോടു എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്ക് മാത്രമായുള്ള പ്രത്യേകതയല്ല. ആത്മീയമായ റമദ എന്നത്കൊണ്ട് ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവും ആണുദ്ദേശ്യം.

മുഖക്കുറിപ്പ്

# റമദാൻ

**ഭൗ**തിക പ്രലോഭനങ്ങളുടെ ആന്ദോളനത്തിൽപ്പെട്ട് ആടിയുലയുന്ന മനുഷ്യൻ അന്നപാനീയങ്ങൾ വർജിച്ച് ശരീരത്തിനെതിരെ ആത്മാവിന്റെ രോധങ്ങൾ തീർക്കുന്ന പുണ്യമാസമാണ് റമദാൻ. ഭക്ഷണത്തിന്റെ നിരാസം മനുഷ്യാത്മാവിനുമേൽ മന്ദമായി വേദനിക്കുന്ന ഒരറിവായി പകലുടനീളം നിലകൊള്ളുന്നു. മനുഷ്യന്റെ ആത്മീയ വികാസത്തിന് ഭക്ഷണത്തിന്റെ ജൈവ രസതന്ത്രം ഇസ്‌ലാമിനെപ്പോലെ ഇത്രയും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിയ മറ്റ് മതങ്ങളില്ല എന്ന് നിസ്സംശയം പറയാം. അത്രമാത്രം സൂക്ഷ്മവും ഗഹനവുമാണ് വ്രതാനുഷ്ഠാനത്തിന്റെ അദ്ധ്യാപനങ്ങൾ. വാഗ്ദത്ത മസീഹ് പറയുന്നു. “റമദ എന്ന പദത്തിന്റെ അർത്ഥം സൂര്യതാപം എന്നാകുന്നു. റമദാൻ മാസത്തിൽ ഒരു ഭാഗത്ത് ജനങ്ങൾ ഭക്ഷണ പാനീയങ്ങളും മറ്റെല്ലാ ശാരീരിക സുഖങ്ങളും ത്യജിക്കുകയും മറുഭാഗത്ത് ദൈവിക കല്പനകൾ അനുസരിക്കുന്നതിൽ ശ്രദ്ധയും ആവേശവും വളർത്തുകയും ചെയ്യുന്നു. ആത്മീയമായും ഭൗതികമായും ഈ രണ്ട് ജ്വലനങ്ങളുടെ സംഗമമാണ് റമദാൻ.” (മൽഫൂസാത്ത്).

വ്രതം സ്വന്തം ശരീരത്തോടുള്ള പ്രതിരോധമാണെന്ന് ഖുർആൻ പറയുന്നു: “നിങ്ങൾ നിങ്ങളുടെ സ്വന്തം ശരീരങ്ങളോട് അനീതി പ്രവർത്തിക്കുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ അവൻ നിങ്ങളുടെ മേൽ കനിവുകാണിക്കുകയും നിങ്ങൾക്ക് ആശ്വാസ മേകുകയും ചെയ്തിരിക്കുന്നു” (2:188). ശരീരത്തിന്റെ മേൽ ആത്മാവിന്റെ വിജയം പ്രഖ്യാപിക്കുന്ന വ്രതാനുഷ്ഠാനം ഒരു വിശ്വാസിയുടെ ആത്മീയോൽസവമാണ്. റസൂൽ തിരുമേനി (സ) റമദാനെക്കുറിച്ച് പറഞ്ഞത് ശ്രദ്ധേയമാണ്. ‘റമദാൻ, ആഗതമായാൽ സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുകയും നരക കവാടങ്ങൾ അടക്കപ്പെടുകയും ചെയ്യും. പിശാചിനെ ചങ്ങലകളിൽ ബന്ധനസ്ഥനാക്കുകയുംചെയ്യും. (ബുഖാരി).

ലേഖനം

# വ്രതവും ഖുർആനും

ഹസ്റത്ത് മിർസാ ത്വാഹിർഅഹ്മദ് (റഹ്)

## വ്രതത്തിന്റെ തത്ത്വങ്ങൾ ഖുർആൻ വചനങ്ങളിൽ ഏറ്റവും അർത്ഥപൂർണ്ണമായി വിവരിക്കപ്പെട്ടിരിക്കുന്നു.

വിശ്വാസികളെ! നിങ്ങൾക്ക് മുമ്പു ള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി. ചില നിശ്ചിത ദിവസങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചു കൊള്ളട്ടെ!. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ലനന്മയും ചെയ്യുന്നുവെങ്കിൽ അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ. സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗ്ഗദർശനത്തിന്റേയും സത്യാ സത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിവസങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹുനിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത് അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും, നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു. എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോടു ചോദിക്കുന്നപക്ഷം പറയുക, നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനക്ക് ഞാൻ ഉത്തരം നൽകും. അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി" (2:184 -187).

പ്രസ്തുത ആയത്ത് പലവിധത്തിൽ പരാവർത്തനം ചെയ്യാവുന്നതാണ്. ഒരു നദി ഇടുങ്ങിയ പാതയിലൂടെ സഞ്ചരിക്കുമ്പോൾ അതിന്റെ ആഴം നമുക്ക് പ്രത്യക്ഷത്തിൽ ഗോചരമല്ല. പക്ഷേ നദി അഴിമുഖത്തെത്തുമ്പോൾ അത് വിശാലമായി പരന്നൊഴുകുന്നു. നദിയിലെ ജലസമൃദ്ധിയെകുറിച്ച് ഒരാൾക്ക് അറിയാൻ കഴിയുകയും ചെയ്യുന്നു. അതുപോലെ അല്ലാഹുവിന്റെ വചനങ്ങൾക്ക് പരിമിതവും നിശ്ചിതവുമായ അർത്ഥങ്ങൾ മാത്രമെ പ്രത്യക്ഷത്തിൽ കാണാൻ സാധിക്കുകയുള്ളു ശരിയായ രീതിയിൽ വ്യാഖ്യാനിക്കുമ്പോൾ അതിൽ നിരവധി വിഷയങ്ങൾ സമഞ്ജസമായ രീതിയാൽ അടക്കം ചെയ്തതായി കാണാം.

"യുത്തീഖ" എന്ന അറബി പദം ശക്തി എന്ന അർത്ഥമുള്ള 'താഖത്ത്' എന്ന പദത്തിൽ നിന്നും വന്നതാണ്. ഈ തരത്തിൽ അത് ക്രിയയായി പ്രയോഗിക്കുമ്പോൾ അതിന് നിഷേധാത്മകവും ധനാത്മകവുമായ അർത്ഥങ്ങൾ ലഭിക്കുന്നു. അത് സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കേണ്ടതുണ്ട്. "യുത്തീഖൂനഹു" എന്നത് കഴിവും ശക്തിയുമുള്ള ആളുകൾ എന്നും കഴിവും ശക്തിയും ഇല്ലാത്ത ആളുകൾ എന്നും അർത്ഥമുണ്ട്. ഈ വചനത്തിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ ഉയരുന്ന ചോദ്യം ഇതാണ്. എന്ത് ചെയ്യാനുള്ള കഴിവും ശക്തിയുമാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്? മറ്റൊരു വിധത്തിൽ പറഞ്ഞാൽ 'ഹു' എന്ന പ്രത്യയം ചേർക്കുമ്പോൾ നിശ്ചയാർത്ഥം ലഭിക്കണം. വ്രതം ദീക്ഷയും പ്രായശ്ചിത്തവും ഫിദിയായി ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് ഒരേ സ്ഥലത്ത് തന്നെയാണ്. 'യൂത്തീഖുനഹു' വ്രതമെടുക്കുന്നതിനും, പ്രായശ്ചിത്തം ചെയ്യുന്നതിനും രണ്ടിന്നും ഉപയോഗിക്കാനാവുമോ? ഒരു രീതിയിലുള്ള വ്യാഖ്യാനം ഇങ്ങനെയാണ്. 'ഫിദിയ' കൊടുക്കാൻ കഴിവുള്ള ആളുകൾ അങ്ങിനെ ചെയ്യേണ്ടതാണ്. പക്ഷേ അത് എല്ലാവർക്കും ബാദ്ധ്യതപ്പെടുത്തിയിട്ടില്ല. അത് നിർദ്ദേശിക്കപ്പെട്ടതും

അനുഷ്ഠിക്കാവുന്നതുമായ ഒരു സൽക്കർമ്മമാണ്. പക്ഷേ നോമ്പ് പോലെ നിർബന്ധമില്ല. ഒരാൾക്ക് കഴിവുണ്ടെങ്കിൽ അയാൾ വ്രതമെടുക്കുന്നത് പ്രകാരം ഫിദിയ കൊടുക്കേണ്ടതാണ്. ഈ അർത്ഥത്തിൽ 'യൂത്തീഖൂനഹു' എന്നതിന്ന് വ്രതമനുഷ്ഠിക്കുന്നതിനും പ്രായശ്ചിത്തത്തിനും പറയുന്നതാണ്. മറ്റൊരു വ്യാഖ്യാനം വ്രതവുമായി ബന്ധപ്പെട്ടതാണ്. നോമ്പെടുക്കാൻ കഴിവുണ്ട് പക്ഷേ സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ അയാൾക്ക് നോമ്പനുഷ്ഠിക്കാൻ കഴിയുന്നുമില്ല. അത്തരമാളുകൾ ഫിദിയ കൊടുക്കേണ്ടതാണ്. ഇവിടെ യുത്തീഖൂനഹു എന്നത് നോമ്പുമായി ബന്ധപ്പെട്ടതാണ്. റമദാൻ മാസത്തിൽ നോമ്പനുഷ്ഠിക്കാൻ സാധിക്കാത്തയാൾക്ക് 'ഫിദിയ' പിന്നീടുള്ള ദിവസങ്ങളിൽ നോമ്പെടുക്കാൻ പ്രാപ്തനാകുന്നു എന്നാണ് വാഗ്ദത്ത മസീഹ് പറഞ്ഞത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഫിദിയ എന്നത് മറ്റു ദിവസങ്ങളിൽ നോമ്പെടുത്തു വീട്ടാൻ അല്ലാഹുവിന്റെ സഹായം തേടലാണ്. യുത്തീഖൂനഹു എന്നത് വ്രതവുമായി മാത്രം ബന്ധപ്പെടുത്തിയാൽ അതിന്നർത്ഥം റമദാൻ മാസത്തിൽ വ്രതമെടുക്കലാണ്. അവർക്ക് ഫിദിയ കൊടുക്കാൻ സാധ്യമല്ലെങ്കിൽ അത് കൊടുക്കാൻ യാതൊരു നിർബന്ധവുമില്ല.

യുത്തീഖൂന എന്നതിന് നിഷേധാത്മക രൂപത്തിലുള്ള അർത്ഥം സ്വീകരിച്ചാൽ ഇവിടെയർത്ഥം വ്രതമെടുക്കൽ മാത്രമാകുന്നു ഫിദിയകൊടുക്കലല്ല. മറ്റു വിധത്തിൽ പറഞ്ഞാൽ ദീർഘകാല രോഗം നിമിത്തം നോമ്പ് എടുക്കാൻ സാധിക്കാതെ വന്നാൽ ഫിദിയ കൊടുത്തുകൊണ്ട് പ്രായശ്ചിത്തം ചെയ്യാവുന്നതാണ്. ഇതിൽ നിന്നും റമദാന്റെ അനുഗ്രഹം ലഭിക്കുന്നതാണ്. ചുരുക്കത്തിൽ സാഹചര്യങ്ങൾക്കനുസരിച്ച് ഒരാൾക്ക് നോമ്പ് നോൽക്കുകയും ഫിദിയ നൽകുകയും ചെയ്യാം, നോമ്പ് എടുത്ത് ഫിദിയ നൽകാതിരിക്കാം. നോമ്പ് നീട്ടിവെച്ച് ഫിദിയ കൊടുക്കാം. ദീർഘകാല രോഗിയാണെങ്കിൽ ഫിദിയ മാത്രം നൽകാം.

'നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ' ഇവിടെ നമുക്ക് മനസ്സിലാവുന്നത് മറ്റു മാർഗ്ഗങ്ങളും പ്രതിഫലം കൊണ്ട് അനുഗ്രഹീതമാണ്. പക്ഷേ നോമ്പെടുക്കലാണ് ഏറ്റവും അനുഗ്രഹീതമായത് എന്നാണ്. ഒരാൾ നോമ്പിൽ നിന്നും ഒഴിഞ്ഞുമാറാൻ വേണ്ടി ഫിദിയ കൊടുക്കുന്നത് നിഷ്പ്രയോജനമാണ്. ഫിദിയ ഒരിക്കലും നോമ്പിനുപകരമാവില്ല. ദീർഘകാല രോഗിയല്ലാതെ വ്രതത്തിനുപകരം ഫിദിയ കൊടുക്കൽ ഒരിക്കലും പരിഹാരമാകുന്നില്ല.

അല്ലാഹുഖുർആനിൽ റമദാൻ ഖുർആൻ ഇറങ്ങിയ മാസമാണെന്ന് പറയുന്നു. ഇത് ഖുർആൻ വ്യാഖ്യാതാക്കളെ അമ്പരപ്പിക്കുകയുണ്ടായി. ഖുർആൻ വർഷങ്ങളോളമുള്ള അവതരണത്തിലൂടെയാണ് പൂർത്തീകരിക്കപ്പെട്ടത്. മുപ്പത് ദിവസത്തെ ഹ്രസ്വമായ കാലം കൊണ്ടല്ല. ഈ ഖുർആൻ വചനം പല വിധത്തിലും വ്യാഖ്യാനിക്കാം. റമദാൻ

**സാഹചര്യങ്ങൾക്കനുസരിച്ച് ഒരാൾക്ക് നോമ്പ് നോൽക്കുകയും ഫിദിയ നൽകുകയും ചെയ്യാം, നോമ്പ് എടുത്ത് ഫിദിയ നൽകാതിരിക്കാം. നോമ്പ് നീട്ടിവെച്ച് ഫിദിയ കൊടുക്കാം. ദീർഘകാല രോഗിയാണെങ്കിൽ ഫിദിയ മാത്രം നൽകാം.**

മാസത്തിൽ മുഹമ്മദ് നബി (സ) ഹിറാ ഗുഹയിൽ ധ്യാനനിരതനായിരിക്കുമ്പോഴാണ് ഖുർആൻ അവതരിച്ചത് എന്നതാണത്രെ വ്യാഖ്യാനം. മറ്റൊരു സാധ്യമായ അർത്ഥം ഇങ്ങനെയാണ്. എല്ലാ റമദാൻ മാസവും മലക്ക് ജിബ്രീൽ വന്ന് റസൂൽ തിരുമേനി(സ)ക്ക് ആവർത്തിച്ച് ഖുർആൻ ഓതിക്കൊടുക്കുമായിരുന്നു. അക്കാലത്ത് ഖുർആൻ ഒരിടത്തും പുസ്തകരൂപത്തിൽ രേഖപ്പെടുത്തിയിരുന്നില്ല. ഇക്കാലത്തും ആവർത്തിച്ചോതി ഖുർആൻ ഓർമ്മയിൽ സൂക്ഷിക്കുന്നു. മറ്റൊരു വ്യാഖ്യാന പ്രകാരം റമദാൻ മാസം ഖുർആന്റെ അദ്ധ്യാപനസാരമാകുന്നു എന്നാണ്. അതായത് ഖുർആന്റെ, അദ്ധ്യാപനങ്ങൾ മുഴുവൻ പ്രാവർത്തികമാകുന്ന മാസം.

മേൽ വചനത്തിൽ ഖുർആൻ മനുഷ്യവംശത്തിന്റെ മാർഗ്ഗദർശന ഗ്രന്ഥമാണെന്ന് വിവരിച്ചിരിക്കുന്നു. അതിലെ വെളിപാടുകൾ റമദാൻ മാസത്തിൽ ഇറങ്ങിയതാണ്. റമദാൻ എന്ന പരിശുദ്ധ മാസവും മർഗ്ഗദർശനവുമായി അഗാധമായ ഒരു ബന്ധമുണ്ട്. ഇപ്പോൾ ഇത് കൗതുകകരമായ ഒരു വസ്തുത ഉയർത്തുന്നു. ഈ വചനങ്ങൾ വിശ്വാസികളെ മാത്രമാണ് അഭിസംബോധന ചെയ്യുന്നത്. അപ്പോൾ എങ്ങനെയാണ്. റമദാൻ മാനവരാശിക്ക് മുഴുവൻ മാർഗ്ഗദർശനമാവുക? ഈ വചനങ്ങളിൽ തന്നെ അതിന്റെ ഉത്തരമുണ്ട്. അതായത് പൂർവ്വികസമുദായങ്ങൾക്ക് വ്രതം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് എന്ന വചനത്തിൽ നിന്നും ഈ ഉത്തരം ലഭ്യമാണ്.

വെളിപാടുകൾ ലഭിച്ച എല്ലാ ജനതകൾക്കും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വ്രതം നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സർവ്വമതങ്ങളിലുമുള്ള അത്തരം വ്രതനിർദ്ദേശങ്ങളുടെ അടിസ്ഥാനതത്ത്വങ്ങളെല്ലാം റമസാൻ വ്രതാനുഷ്ഠാനത്തിൽ കാണാം. 'കഅ്ബ'യും മനുഷ്യവംശത്തിന്റെ മാർഗ്ഗദർശനത്തിനുള്ളതാണെന്ന് വി.ഖുർആനിൽ വിവരിച്ചിരിക്കുന്നു.

*(ശേഷം പേജ് 21 ൽ)*

ലേഖനം

# വ്രതാനുഷ്ഠാനം ഒരാത്മീയാഹാരം

ഹസ്റത്ത് അഹ്മദ് (അ)

## വ്രതത്തിന്റെ ആത്മീയ രഹസ്യങ്ങൾ അനുഭവത്തിലൂടെ മാത്രം ഗോചരമാകുന്ന ജ്ഞാനങ്ങളാണ്.

ഇസ്ലാമിലെ ഒരു മൗലിക കർമ്മമാണ് വ്രതാനുഷ്ഠാനം. ഇസ്ലാം നിർദ്ദേശിച്ചിട്ടുള്ള ആരാധനാകർമ്മങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് മുസ്ലിംകൾ എന്നു പറയപ്പെടുന്ന ചിലർതന്നെ ഇക്കാലത്ത് അഭിപ്രായപ്പെടുന്നുണ്ടെന്നത് വ്യസനകരമാണ്. ഇവർ ആത്മീയാന്ധത ബാധിച്ചവരും ദൈവകല്പനകളിൽ അന്തർഭവിച്ചിരിക്കുന്ന തത്വരഹസ്യം ഗ്രഹിക്കാത്തവരും ആകുന്നു. ആദ്ധ്യാത്മിക രംഗത്ത് കാലുറച്ചിട്ടില്ലാത്തവർ പ്രസ്തുത കർമ്മാനുഷ്ഠാനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കൈകടത്താൻ ശ്രമിക്കുന്നത് യുക്തിപൂർവമല്ല. തങ്ങൾ ഒരിക്കലും കടന്നു ചെന്നിട്ടില്ലാത്ത പ്രസ്തുത ആത്മീയ സാമ്രാജ്യത്തിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ഇവർ കൃത്രിമ പദ്ധതികൾ നിർദ്ദേശിക്കുന്നു. ഇവർ ജീവിതം മുഴുവനും ലൗകീക കാര്യങ്ങളിൽ മാത്രം ചെലവഴിക്കുന്നവരും ആത്മീയകാര്യങ്ങളെക്കുറിച്ച് വിവരമില്ലാത്തവരും ആകുന്നു. ആഹാരം കുറക്കുകയും വിശപ്പു സഹിക്കുകയും ചെയ്യുകയെന്നത് ആത്മാവിന്റെ സംസ്കാരത്തിന്നും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമ്മമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. മനുഷ്യൻ ഭക്ഷണ പദാർത്ഥങ്ങളാൽ മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷം അവനു മറ്റൊരു ജീവിതമുണ്ട്. നിത്യമായ ആ പാരത്രിക ജീവിതത്തെ അലക്ഷ്യമാക്കിക്കളയുകയെന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അത്വഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാകുന്നു.

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പു സഹിക്കുക മാത്രമല്ലെന്ന് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നില്കുമാറു നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കുക അത്യാവശ്യമാകുന്നു. വിശുദ്ധനബികരീം (സ) തിരുമേനി റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആകയാൽ നോമ്പ് കാലത്ത് ഭക്ഷ്യപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്നു വിരമിക്കുകയും പ്രസ്തുത കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ടു ശ്രദ്ധയെല്ലാം അല്ലാഹുവിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നു വേണം പറയുവാൻ. ഭക്ഷണം കഴിക്കുന്നത് മൂലം ശരീരത്തിനുബലവും ഓജസ്സും നിലനില്ക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന്നു രക്ഷയും ആത്മീയശക്തികയും ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും വാതിൽ ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്ക് അവങ്കൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്. – *ബദർ – 18. 1. 1907*

'റമദ' സൂര്യോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളുടെയും ഇതരശാരീരികാനന്ദങ്ങളുടെയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്നു അല്ലാഹുവിന്റെ കല്പനകൾക്കായി ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാതമാകുന്നു. അങ്ങനെ ആത്മീയവും ഭൗതീകവുമായ ഊഷ്മാവുകൾ ഒന്നായിച്ചേർന്ന് റമദാൻ (രണ്ടുവിധത്തിലുള്ള റമദുകൾ) ഉണ്ടാകുന്നു. റമദാൻ മാസം ഉഷ്ണകാലത്തിൽ വന്നത് കൊണ്ടാണ് റമദാൻ എന്ന പേരു സിദ്ധിച്ചതെന്നു വൈയാകരണന്മാരുടെ അഭിപ്രായത്തോടു എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്ക് മാത്രമായുള്ള പ്രത്യേകതയല്ല. ആത്മീയമായ റമദ എന്നത് കൊണ്ട് ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവും ആണുദ്ദേശ്യം. – *അൽഹക്കം 24. 7. 1901*

●

ലേഖനം

# പരിശുദ്ധ റമദാനു സ്വാഗതം

മുഹമ്മദ് ഉമർ എച്ച്. എ.

## വിശ്വാസികളുടെ ഹൃദയവും മനവും തനുവും ആത്മീയസുരഭിലമായ റമദാനെ വരവേൽക്കാൻ ഒരുങ്ങുന്നു

പരിശുദ്ധ റമദാൻ അതിന്റെ എല്ലാ ദൈവികാനുഗ്രഹങ്ങളോടും കൂടി നമ്മുടെ ജീവിതത്തിൽ വീണ്ടും സമാഗതമായിരിക്കുന്നു. ദൈവികാരാധനയുടെയും ദൈവിക സ്മരണയുടെയും ആത്മീയോന്നമനത്തിന്റെയും ആ പരിശുദ്ധ വസന്തകാലം സമാഗതമാകുമ്പോൾ ഒരു വിശ്വാസിയുടെ ഹൃദയം സ്വർഗ്ഗീയ കവാടത്തിൽ കൂടി പ്രവേശിച്ചതായ ഒരാത്മീയാനുഭൂതി അനുഭവിച്ചറിയുന്നു.

ഹസ്റത്ത് നബി കരീം (സ) തിരുമേനിയുടെ കാലത്ത് ഒരിക്കൽ റമദാൻ മാസം സമാഗതമാകുന്നതിനു മുമ്പ് അദ്ദേഹം തന്റെ അനുചരന്മാരെ അഭിസംബോധന ചെയ്തു ഇപ്രകാരം അരുൾ ചെയ്തു:

അല്ലയോ ജനങ്ങളേ! അതിമഹത്തായൊരു മാസം നിങ്ങൾക്കു തണലേകുവാൻ ഇതാ സമാഗതമാവുകയാണ്. ദൈവികാനുഗ്രഹങ്ങൾ നിറഞ്ഞ ആ മാസത്തിൽ ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ ഒരു രാത്രിയുണ്ട്. ആ മാസത്തിൽ നിങ്ങൾക്ക് നോമ്പ് കടമയാക്കപ്പെട്ടിരിക്കുന്നു. അതേ പ്രകാരം ആ പരിശുദ്ധമാസത്തിലെ രാത്രിയിൽ തഹജ്ജുദ് എന്ന ഇബാദത്ത് ഐച്ഛിക കടമയാക്കപ്പെട്ടിരിക്കുന്നു. ദൈവസാമീപ്യം ആഗ്രഹിച്ചുകൊണ്ട് ആ മാസത്തിൽ ചെയ്യപ്പെടുന്ന ഐച്ഛികാരാധനകൾക്ക് സാധാരണ ദിവസങ്ങളിലനുഷ്ഠിക്കപ്പെടുന്ന കടമയാക്കപ്പെട്ട നിർബന്ധിത ആരാധനകൾക്ക് തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്. ഈ പുണ്യമാസത്തിൽ ചെയ്യപ്പെടുന്ന 'ഫർളാ'യ ഇബാദത്തുകൾക്ക് എഴുപതിരട്ടി പ്രതിഫലം ലഭിക്കുന്നു. ക്ഷമയുടെയും സഹനത്തിന്റെയും പുണ്യമാസമാകുന്നു ആഗതമാകുന്നത്. ക്ഷമയുടെ പ്രതിഫലം സ്വർഗമാകുന്നു. അത് അനുകമ്പയുടെയും സഹാനുഭൂതിയുടെയും മാസമാകുന്നു. ആ മാസത്തിൽ നോമ്പനുഷ്ഠിച്ച ആളെ നോമ്പു തുറപ്പിക്കുന്നത് അയാളുടെ പാപമോചനത്തിനും നരകാഗ്നിയിൽ നിന്നുള്ള മോക്ഷത്തിനും കാരണമായിത്തീരുന്നു. മാത്രമല്ല നോമ്പുകാരന്റെയത്ര തന്നെ പ്രതിഫലം നോമ്പു തുറപ്പിക്കുന്ന ആൾക്കും ലഭിക്കുന്നതാണ്. എന്നാൽ നോമ്പ് തുറപ്പിക്കപ്പെടുന്ന ആളുടെ പ്രതിഫലം കുറക്കപ്പെടുന്നതുമല്ല. തദവസരത്തിൽ സഹാബാക്കളിൽ ചിലർ അരുൾ ചെയ്തു. യാ റസൂലുല്ലാഹ്! ഞങ്ങളിൽ ഇപ്രകാരം നോമ്പ് തുറപ്പിക്കുവാൻ കഴിയാത്തവരും ഉണ്ടല്ലോ! അപ്പോൾ നബി തിരുമേനി (സ) പ്രതിവചിച്ചു: 'അല്പം വെള്ളമോ, കാരക്കയോ നൽകി നോമ്പു തുറപ്പിക്കുന്നവനും പ്രതിഫലം ലഭിക്കുന്നതാണ്. എന്നാൽ വയറ് നിറച്ചു ആഹാരം നൽകുന്നയാൾക്ക് എന്റെ ഹൗളെ കൗസറിൽ നിന്ന് ജലപാനം ചെയ്യിക്കുന്നതായിരിക്കും. അങ്ങനെയുള്ള ആൾക്ക് പിന്നെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് വരെ ഒരിക്കലും ദാഹം ഉണ്ടാകുന്നതല്ല. ആ പുണ്യമാസത്തിന്റെ ആദ്യഘട്ടം റഹ്മത്തിന്റെയും (കാരുണ്യത്തിന്റെയും) മദ്ധ്യഘട്ടം മഗ്ഫിറത്തിന്റെയും (പാപപ്പൊറുതിയുടെയും) അന്ത്യഘട്ടം പൂർണ്ണപ്രതിഫലം നൽകപ്പെടുന്നതിന്റെയും ആകുന്നു. (മിശ്കാത്ത്)

പ്രസ്തുത സുദീർഘമായ ഹദീസിൽ നിന്നും പുണ്യറമളാൻ മാസത്തിലടങ്ങിയിരിക്കുന്ന പ്രത്യേകതയും അനുഗ്രഹങ്ങളും ഗ്രഹിക്കാൻ സാധിക്കുന്നതാണ്.

ഇനി ഈ പരിശുദ്ധ മാസത്തെക്കുറിച്ച് ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് (അ) എന്താണരുൾ ചെയ്യുന്നതെന്നു നോക്കാം. "ശഹ്‌റുറമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആനു (2:186) എന്ന ആയത്തിൽ നിന്നും വിശുദ്ധ റമദാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം ഹൃദയപ്രകാശത്തിനുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികമായി ആത്മീയ ദർശനങ്ങൾ ഉണ്ടാ

കുന്നതാണെന്നും സൂഫിമാർ എഴുതുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മസംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛകളിൽ നിന്നും ദൂരപ്പെടുകയെന്നും ഹൃദയപ്രകാശം എന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്നു അല്ലാഹുവിനെ കാണുവാൻ സാധിക്കകുയെന്നുമാണുദ്ദേശ്യം. ഉൻസില ഫീഹിൽ ഖുർആൻ എന്ന ആയത്ത് ഇതിലേക്കുള്ള സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം അതിമഹത്തായതാണെന്നതിൽ സംശയമില്ല. എന്നാൽ വിവിധ തരത്തിലുള്ള രോഗങ്ങൾ മനുഷ്യന് ഈ അനുഗ്രഹം നഷ്ടപ്പെടുത്തുന്നു. എനിക്കോർമ്മയുണ്ട്. എന്റെ യൗവന കാലത്ത് വ്രതാനുഷ്ഠാനം അഹ്‌ലെ ബൈത്തിന്റെ ചര്യയിൽ പെട്ടതാണെന്നു ഞാൻ ഒരു സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് ഹസ്റത്ത് റസൂൽ തിരുമേനി (സ) സൽമാൻ മിന്നാ അഹ്‌ലുൽ ബൈത്തി -സൽമാൻ അഹ്‌ലുൽ ബൈത്തിൽപ്പെട്ടയാളാണെന്ന്- അരുൾ ചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന് രണ്ടു വിധത്തിലുള്ള സമാധാനം-രഞ്ജിപ്പ് എന്നാണർത്ഥം. ഇത് കൊണ്ട് ആന്തരീകവും ബാഹ്യവും ആയ രണ്ടു വിധത്തിലുള്ള സമാധാന സ്ഥാപനം എന്നാണുദ്ദേശ്യം. ആ ആൾ (വാഗ്ദത്ത മസീഹ്) കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും ഈ രണ്ടു വിധത്തിലുള്ള സമാധാനവും സ്ഥാപിക്കുക. ഈ സമാധാനസ്ഥാപനം ഖഡ്ഗം മുഖേനയല്ല. സൗമ്യതയും കാരുണ്യവും വഴിയായിരിക്കും എന്ന് ഇതിൽ നിന്നും മനസ്സിലാവുന്നു. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നുവെന്നെനിക്കു തോന്നി. അങ്ങനെ ഞാൻ ആറു മാസക്കാലം തുടർന്ന് നോമ്പനുഷ്ഠിച്ചു. ഇതിന്നിടയിൽ പ്രകാശങ്ങളുടെ സ്തൂപങ്ങൾ ആകാശത്തിലേക്കുയർന്ന് പോകുന്നതായിട്ടെനിക്ക് കാണ്മാൻ സാധിച്ചു. ആ പ്രകാശസ്തൂപങ്ങൾ ഭൂമിയിൽ നിന്നും ആകാശത്തിലേക്കുയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽ നിന്നുമാണോ എന്നെനിക്ക് സംശയമാണ്." (മൽഫൂസാത്ത് വാല്യം IV Page 256, 257) തുടർന്ന് അരുൾ ചെയ്യുന്നു. "കഴിവനുസരിച്ച് അല്ലാഹു നിർദ്ദേശിച്ച കടമകൾ നിർവ്വഹിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെക്കുറിച്ച് അല്ലാഹു പറയുന്നത് വഅൻ തസൂമൂ ഖൈറുൽലകും (2:185) നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അതു നിങ്ങൾക്ക് വളരെയധികം ഗുണകരമാണ് എന്നാണ്.

"എന്തിനാണ് ഫിദ്‌യ നിശ്ചയിക്കപ്പെട്ടിരിക്കുന്നതെന്ന ചിന്ത ഒരിക്കൽ എന്റെ ഹൃദയത്തിൽ ഉദിക്കുകയുണ്ടായി. അപ്പോൾ വ്രതാനുഷ്ഠാനത്തിന്നുള്ള തൗഫീഖ് (സൗഭാഗ്യം) ലഭിക്കുന്നതിന്നായിട്ടാണെന്ന് എന്റെ അന്തരംഗം എനിക്കു മറുപടി തന്നു. മനുഷ്യന്നു തൗഫീഖ് നൽകുന്നവൻ അല്ലാഹുവാണ്. അതുകൊണ്ട് ഓരോ കാര്യവും അല്ലാഹുവിനോടാണ് ആവശ്യപ്പെടേണ്ടതും. അല്ലാഹു സർവ്വശക്തനാണ്. അവൻ ഇച്ഛിക്കുകയാണെങ്കിൽ ഒരു ക്ഷയരോഗിക്കു കൂടി വ്രതാനുഷ്ഠാനത്തിനുള്ള ശക്തി പ്രദാനം ചെയ്യുന്നു. ഫിദ്‌യ നിശ്ചയിക്കപ്പെട്ടതിന്റെ ഉദ്ദേശ്യം ആ ശക്തി കരഗതമാവുകയാണ്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ ഉണ്ടാകുന്നുള്ളൂ. അതു കൊണ്ടു എന്റെ പക്കൽ മനുഷ്യൻ അല്ലാഹുവിനോടു ഇപ്രകാരം ദുആ ചെയ്തു സഹായം തേടേണ്ടതുണ്ട്. അതായത് അല്ലാഹുവേ! ഇത് നിന്റെ അനുഗൃഹീതമായ മാസമാകുന്നു. എന്നാൽ ഞാൻ അതിൽ നിന്നും നഷ്ടപ്പെട്ടവനായിത്തീരുകയാണ്. അടുത്ത വർഷം ഞാൻ ജീവനോടെ ഇരിക്കുമോ ഇല്ലേ? ഈ ഒഴിഞ്ഞു പോയ നോമ്പുകൾ നോറ്റു വീട്ടുവാൻ സാധിക്കുമോ ഇല്ലേ എന്നെനിക്കെന്തറിയാം? ഇങ്ങനെ അല്ലാഹുവിനോടു തൗഫീഖ് തേടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്ക് അല്ലാഹു തീർച്ചയായും ശക്തി നൽകും എന്നെനിക്കുറപ്പുണ്ട്.......... ഈ അവസ്ഥയിൽ അയാൾ റമദാൻ മാസത്തിൽ രോഗഗ്രസ്തനായിത്തീരുകയാണെങ്കിൽ ഈ രോഗം അയാൾക്ക് ഒരു കാരുണ്യമായിത്തീരുന്നതാണ്. കാരണം ഓരോ പ്രവൃത്തിയുടെയും നിദാനം ഉദ്ദേശ്യത്തിലാണുള്ളത്........

"വളരെ സൂക്ഷ്മവും ലോലവുമായ കാര്യമാണിത്. ഒരാൾക്ക് (അയാളുടെ മനസ്സിന്റെ ആലസ്യം കാരണം) നോമ്പ് ഭാരമായിത്തീരുകയും താൻ ഒരു രോഗിയാണെന്ന് കരുതുകയും ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽ തനിക്കു ഇന്നയിന്ന രോഗങ്ങൾ പിടിപെടുന്നതാണെന്നു ശങ്കിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ സ്വന്തം കരം കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തെ തട്ടിമാറ്റുകയാണു ചെയ്യുന്നത്. അയാൾക്ക് അല്ലാഹുവിൽ നിന്ന് എങ്ങനെയാണ് പ്രതിഫലത്തിന് അർഹനായിത്തീരുവാൻ സാധിക്കുക? എന്നാൽ ഏതൊരാളുടെ ഹൃദയം റമദാന്റെ ആഗമനത്തിൽ സന്തുഷ്ടമായിരിക്കുകയും നോമ്പനുഷ്ഠിക്കുന്നതിനായി പ്രതീക്ഷിച്ചിരിക്കുകയും എന്നാൽ തക്ക സമയത്ത് രോഗം കാരണം നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത നിർബന്ധാവസ്ഥ വരികയുമാണെങ്കിൽ ഉപരിലോകത്ത് അയാൾ നോമ്പ് നഷ്ടപ്പെട്ടവനായിത്തീരുന്നതല്ല." (മർഫൂസാത്ത് വാല്യം IV പേജ് 258, 259)

അല്ലാഹു നമുക്ക് ഈ പുണ്യമാസത്തിന്റെ അനുഗ്രഹങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും നോമ്പനുഷ്ടിച്ച് കൊണ്ട് ദിക്റെ ഇലാഹിയിലും തിലാവത്തെ ഖുർആനിലും മുഴുകിയിരിക്കുവാനും നിർബന്ധമാക്കപ്പെട്ട ഇബാദത്തുകളെക്കൂടാതെ തഹജ്ജുദ്, തറാവീഹ് എന്നീ ഐച്ഛിക ഇബാദത്തുകൾ ചെയ്യുവാനും നിസാമെ ജമാഅത്ത് നിശ്ചയിക്കുന്ന ഖുർആൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിൽ നിന്നു ഫലമെടുക്കുവാനും അധികമധികം പ്രാർത്ഥനയിൽ മുഴുകുവാനും ഉള്ള സൗഭാഗ്യം തന്നനുഗ്രഹിക്കുമാറാകട്ടെ. ●

# സ്വർഗ്ഗനരകങ്ങൾ ഇസ്ലാമിലും മറ്റു മതങ്ങളിലും

ഫസ്ൽ അഹ്മദ്

## എല്ലാ മത-വിശ്വാസങ്ങളിലും സ്വർഗ്ഗ നരകങ്ങളെപ്പറ്റി പൊതുവായ ചില സങ്കല്പങ്ങളുണ്ട്

വിശുദ്ധഖുർആനിൽ സ്വർഗ്ഗനരകങ്ങളെ സംബന്ധിച്ചും മനുഷ്യന്റെ ഭൗതികാവസ്ഥയിൽ നിന്നും ആത്മീയാവസ്ഥയിലേക്കുള്ള പരിണാമത്തെക്കുറിച്ചും വിശദമായ വിവരണമുണ്ട്. മതപ്രമാണങ്ങളിലുള്ള ഏറ്റവും വിശദമായ വിവരണം ഒരു പക്ഷെ ഖുർആനിലുള്ളതായിരിക്കാം. താഴെ കൊടുത്ത ഖുർആനിക സൂക്തങ്ങൾ അടിസ്ഥാനപരമായ വീക്ഷണത്തിന്റെ ഉദാഹരണങ്ങളാണ്.

“എന്നാൽ ദൗർഭാഗ്യവാന്മാരാവട്ടെ അവർ തീയിലായിരിക്കും. അവർക്ക് അവിടെ നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണ് ഉണ്ടായിരിക്കുക.

ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ നിവസിക്കുന്നവരായിരിക്കും. നിന്റെ നാഥൻ ഉദ്ദേശിക്കുന്ന കാലം ഒഴിച്ച്. നിന്റെ നാഥൻ അവനുദ്ദേശിക്കുന്നതെന്തും പ്രവർത്തിക്കുന്നവൻ തന്നെയാണ്.

എന്നാൽ സൗഭാഗ്യം പ്രാപിച്ചവരാവട്ടെ, അവർ സ്വർഗ്ഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ പാർക്കുന്നവരായിരിക്കും. നിന്റെ നാഥനുദ്ദേശിക്കുന്ന (കാല)മൊഴിച്ച്. നിരന്തരം ലഭിച്ചു കൊണ്ടിരിക്കുന്ന സമ്മാനമായി (അവർക്കതുണ്ടാകും)” *(സൂറ ഹൂദ്: 107-109)*

നരകത്തിന്റെ ദൈർഘ്യം പരിമിതമായിരിക്കുമെന്ന കാര്യം ശ്രദ്ധേയമാണ്. ദൈവേച്ഛക്ക് വിധേയമായിരിക്കും അതിന്റെ കാലപരിധി. അങ്ങനെ നോക്കുമ്പോൾ നരകത്തിൽ പ്രവേശിക്കുന്നതോടെ ശാശ്വതമായ നാശമാണ് എന്ന് ഇതിനർത്ഥമില്ല. ആത്മാവിനെ ശുദ്ധീകരിക്കുന്ന പ്രക്രിയ ആരംഭിക്കുന്നത് മുതൽ സ്വർഗ്ഗപ്രവേശനത്തിന് സന്നദ്ധമാകുന്നത് വരെയുള്ള കാലമായിരിക്കും അത്. നരകം ഒരു ചികിത്സാ പ്രക്രിയയോ താൽക്കാലികമോ അല്ലെന്ന് ചിത്രീകരിക്കുന്ന മറ്റു മതങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു വീക്ഷണമാണിത്.

മരണത്തിനും വിധിന്യായദിവസത്തിനും ഇടയിൽ എന്ത് സംഭവിക്കുന്നു എന്ന ഒരു ചെറിയ കാര്യവും ഉണ്ട്. അതിന് ശേഷം ആത്മാവ് സ്വർഗ്ഗത്തിലോ നരകത്തിലോ പ്രവേശിക്കുന്നു.

ഇസ്ലാമിക തത്വശാസ്ത്രമനുസരിച്ച് ആത്മാവ് ശരീരത്തിൽ നിന്നും വേർപ്പെട്ട് അടുത്ത ഘട്ടത്തിൽ പ്രവേശിക്കുന്നു. പക്ഷെ ഇത് പെട്ടെന്ന് സംഭവിക്കുന്നില്ല. ഭൗതികലോകവുമായി വളരെയധികം ഒട്ടിച്ചേർന്ന ഒരു വ്യക്തിയുടെ കാര്യത്തിൽ ചിലപ്പോൾ അനേകം ദിവസങ്ങൾ കഴിയേണ്ടി വരും. എന്നാൽ തന്റെ സ്രഷ്ടാവിനു വേണ്ടി എല്ലാം ത്യാഗം ചെയ്ത ഒരു ആത്മീയ മനുഷ്യന്റെ കാര്യത്തിൽ ആത്മാവ് ശരീരത്തെ കൈവെടിയുന്നത് താരതമ്യേന വേഗത്തിലായിരിക്കും. എന്നാലും അത് പെട്ടെന്നുണ്ടാവില്ല. (ഒരു പ്രവാചകന്റെ കാര്യത്തിൽ ഇത് തന്നെയാണ് സംഭവിക്കുക)

വിധിന്യായ ദിവസം ഒരു മനുഷ്യന് തന്റെ ഭൗതികജീവിതത്തിലെ പ്രവൃത്തികൾ ഗോപ്യമാക്കി വെക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ അയാളുടെ പ്രവൃത്തികളെക്കുറിച്ച് ശരീരം തന്നെ സാക്ഷ്യം വഹിക്കുന്നു.

താഴെക്കൊടുത്ത ഖുർആൻ സൂക്തങ്ങൾ ഇക്കാര്യം വിവരിക്കുന്നു.

“അല്ലാഹുവിന്റെ ശത്രുക്കളെ ഒരുമിച്ചു കൂട്ടി നരകത്തിലേക്ക് നയിക്കുകയും അങ്ങനെ അവരെ വിവിധ വിഭാഗങ്ങളായി തിരിച്ച് കൊണ്ടുപോകു

കയും ചെയ്യുന്ന നാളിൽ. അങ്ങനെ അവർ അതിന്റെ സമീപത്ത് എത്തിക്കഴിഞ്ഞാൽ അവരുടെ കാതുകളും കണ്ണുകളും അവരുടെ ചർമ്മങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്. അവർ തങ്ങളുടെ ചർമ്മങ്ങളോട് ചോദിക്കും. 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരിൽ സാക്ഷി പറയുന്നത്.?" ആ ചർമ്മങ്ങൾ പറയും "സർവ്വ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെയും സംസാരിപ്പിക്കുന്നു. അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ചു കൊണ്ടുപോകപ്പെടുന്നതുമാണ്. (നിങ്ങൾ പാപം ചെയ്യുമ്പോൾ) നിങ്ങളുടെ കാതുകളോ കണ്ണുകളോ ചർമ്മങ്ങളോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കാൻ നിങ്ങൾ (അവയിൽ നിന്ന്) സ്വയം മറഞ്ഞു നിൽക്കുന്നവരായിരുന്നില്ല, പക്ഷെ നിങ്ങൾ പ്രവർത്തിക്കുന്നതിൽ പലതും അല്ലാഹു അറിയുന്നില്ലെന്ന് നിങ്ങൾ ധരിച്ചു (സൂറ ഹാമീം സജദ 20–23)

ന്യായപൂർണ്ണമായ വിചാരണക്ക് ശേഷം ആത്മാവിന്റെ അവസ്ഥയുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ വിധി കൽപ്പിക്കപ്പെടുന്നു എന്ന് വളരെ വ്യക്തമായി കാണാൻ സാധിക്കുന്നു.

അതിനാൽ മനുഷ്യന്റെ മരണശേഷമുള്ള അവസ്ഥയെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവ് ഇതാണ്. ഈ സംഭവങ്ങൾ ജീവിക്കുന്ന മനുഷ്യന് ഫലപ്രദമായ അതിർത്തികൾ നിർണ്ണയിക്കപ്പെടാത്തതാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് മുന്നറിവു കൊണ്ടോ അനുഭവം കൊണ്ടോ അത്തരം ഒരു പദ്ധതി അനുഭവഗോചരമാണ് എന്നത് ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ചടത്തോളം വിഷമകരമാണ്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്ത സമയങ്ങളിൽ പരസ്പരം ബന്ധപ്പെട്ടു കഴിയാത്ത വ്യക്തികൾക്ക് ഇത്തരമൊരു പദ്ധതി സ്വതന്ത്രമായി കെട്ടിച്ചമക്കാൻ കഴിയുകയെന്നത് അതിനേക്കാളേറെ അസാദ്ധ്യമാണ്. ലോകത്തെങ്ങുമുള്ള പൗരാണികമായ വിവരങ്ങൾ നമുക്ക് മുമ്പിൽ വെക്കുന്ന മരണാനന്തരാവസ്ഥയെ സംബന്ധിച്ച് പരിശോധിക്കാം.

### പുരാണം

പുരാണങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ ഇപ്പോഴും വേർതിരിച്ചെടുക്കാൻ കഴിയാത്ത നിരവധി വസ്തുതകൾ അതിനെ ആവരണം ചെയ്തതായി കാണാം. പലപ്പോഴും അത്തരം പാരമ്പര്യവിശ്വാസങ്ങൾ വെച്ചു പുലർത്തുന്നതും അവ ഭാവി തലമുറയിലേക്ക് കൈമാറുന്നതും ലിഖിതരൂപത്തിലല്ല, വായ്മൊഴി മുഖേനയാണ്. ഇന്ത്യയിൽ ഹിന്ദുവേദങ്ങൾ പോലെ ചിലപ്പോൾ അവ ലിഖിതരൂപത്തിൽ നിലനിൽക്കുന്നു.

ലോകത്തെങ്ങുമുള്ള സംസ്കാരങ്ങളിൽ നിന്നും ഗോത്രങ്ങളിൽ നിന്നും വിവരങ്ങൾ രേഖപ്പെടുത്താൻ വളരെയധികം ഗവേഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. പൊതുവായ ധാരണയിലെത്താൻ ഈ വിവരങ്ങൾ താരതമ്യപഠനത്തിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. മതതാരതമ്യപഠനങ്ങൾക്ക് പുതിയ മാനങ്ങൾ കണ്ടെത്താൻ ജോസഫ് കാമ്പൽ, മിർസിയ ഇല്ല്യാസ് എന്നീ പണ്ഡിതന്മാർ നടത്തിയ ശ്രമങ്ങൾ സൽഫലമുളവാക്കിയിട്ടുണ്ട്. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പൗരാണിക വിവരണങ്ങളുടെ ഈ പഠനസംഗ്രഹം എല്ലാം ഉൾക്കൊള്ളുവാൻ ഉദ്ദേശിക്കപ്പെട്ടതല്ല.

ഈ വിഷയകമായി പൗരാണികമായ എല്ലാ വിവരങ്ങളും അത് ഉൾക്കൊള്ളണമെന്നില്ല. ഒരു മതചർച്ചയിൽ അതെല്ലാം പുരാണകഥകൾ എന്ന് പറഞ്ഞ് തള്ളിക്കളയപ്പെടില്ല. അത് പൗരാണിക മതങ്ങളെ സംബന്ധിച്ച് വളരെ വിലപ്പെട്ട വിവരങ്ങൾ നൽകുന്നുണ്ട്.

വ്യത്യസ്തമായ വിവരണങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാനകാര്യം അവ ബി.സി. 3000 മുതൽ ആധുനികകാലം വരെ വിശാലമായ ഒരു കാലം ഉൾക്കൊള്ളുന്നുവെന്നതാണ്. കാലപ്പഴക്കം കൊണ്ട് ബൈബിൾ പോലെയുള്ള ഗ്രന്ഥങ്ങളിൽ കൃത്യതയില്ലായ്മ വന്നെങ്കിൽ വായ്മൊഴിയായുള്ള പാരമ്പര്യ അദ്ധ്യാപനങ്ങളിൽ താരതമ്യേന കലർപ്പുകൾ ചേർന്നിട്ടുണ്ടാകുമെന്ന് സുനിശ്ചിതമാണ്. എങ്കിലും ആ വിവരണങ്ങളിൽ അദ്ധ്യാപനങ്ങളുടെയും കഥകളുടെയും അന്തസ്സത്ത ഉണ്ട്. യഥാർത്ഥമായ അദ്ധ്യാപനം എന്തായിരിക്കണം എന്നതിന്റെ സൂചനയും അതിൽ കാണാം. അങ്ങിനെയുള്ള വിവരണങ്ങൾ കൂടുതൽ പഠന വിധേയമാക്കിയാൽ അതുല്യമായ പൊതു സന്ദേശം അവ ഉൾക്കൊള്ളുന്നതായിക്കാണാം.

### ആത്മാവിന്റെ യാത്ര

ആത്മാവിനെ മനസ്സിലാക്കുകയെന്നതാണ് പ്രഥമപ്രശ്നം. മനുഷ്യൻ തന്റെ ദൈനംദിന ജീവിതത്തിൽ കാര്യങ്ങൾ അറിയാൻ പഞ്ചേന്ദ്രിയങ്ങളും ശാരീരികമായ പ്രവർത്തനങ്ങളും ഉപയോഗപ്പെടുത്തുന്നു. എന്തെന്നാൽ അവ വളരെ എളുപ്പത്തിൽ ഗ്രാഹ്യമാണ്. ശരീരത്തിന് സമാന്തരമായി നിലകൊള്ളുന്ന ആത്മാവിനെക്കുറിച്ചുള്ള സൈദ്ധാന്തിക ധാരണ പുരാതനസംസ്കാരങ്ങളിൽ വളരെ കുറഞ്ഞ നിലയിലാണ്, പ്രത്യേകിച്ചും മതപരമായ ധാരണകൾ വേണ്ടത്ര പക്വമാവാത്ത പുരാതനമതങ്ങളിൽ. എങ്കിലും മരണാനന്തരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പൊതുവായ ശരീരത്തെ സംബന്ധിച്ചല്ല ആത്മാവിനെക്കുറിച്ചാണ് ചർച്ച. ആത്മാവ് വിദൂരമായ സ്ഥലത്തേക്ക് ആവാഹിക്കപ്പെടുന്നു, നശ്വരതയുടെ കൈയെത്താത്തിടത്തേക്ക്.

ജർമ്മൻ നാടോടിക്കഥകളിൽ ഒരു നിഴൽ അഥവാ 'ഡോപ്പൽ ഗാൻഗർ' (doppel ganger) ഉണ്ട്. അതിന് ശരീരത്തിൽ നിന്ന് വിദൂരമായി പ്രത്യക്ഷപ്പെടാൻ കഴിയുന്നു. ആഫ്രിക്കക്കാരുടെ വിശ്വാരപ്രകാരം ആത്മാവിനെ അഥവാ നിഴലിനെ ആക്രമിക്കാൻ

സാധിക്കും. ഇതിന്റെ ഫലമായി ശരിക്കും ശരീരത്തിന് തന്നെ ക്ഷതം വരുത്താൻ സാധ്യമാകും. കുപ്രസിദ്ധ മായ അടിമക്കച്ചവടത്തിലൂടെ ഈ ആശയം അമേരിക്കയിലെത്തി. അവിടെ 'വുദൂ' (Vodoo) സമ്പ്രദായം നിലവിൽ വന്നു. അതിൽ വ്യക്തിയുടെ ഒരു കോലമുണ്ടാക്കി അതിനെ സൂചി കൊണ്ടും മറ്റായുധങ്ങൾ കൊണ്ടും ആക്രമിക്കുന്നു. അത് മുഖേന യാഥാർത്ഥവ്യക്തിക്ക് മരണം അല്ലെങ്കിൽ ഗുരുതരമായ പരിക്ക് ഉണ്ടാക്കാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു.

മറ്റു ചില സംസ്കാരങ്ങളിൽ ആത്മാവ് മനുഷ്യന്റെ തലയിൽ സ്ഥിതി ചെയ്യുന്നു. ഒരാളുടെ തലയെടുക്കുന്നത് വഴി അയാളുടെ ആത്മാവിന്റെ അനന്തരാവകാശം കിട്ടുന്നു എന്നാണ് വിശ്വാസം. അതുകൊണ്ടാണ് പോളിനേഷ്യയിലും ആഫ്രിക്കയിലെ ചില സ്ഥലങ്ങളിലും തല വെട്ടുന്ന സമ്പ്രദായം വന്നത്.

എന്നിരിക്കിലും പല ആചാരങ്ങളിലും പൊതുവായ ഒരു ധാരണയുണ്ട്. അതായത് ആത്മാവ് ജീവിതകാലത്ത് ശരീരത്തോടൊപ്പം വസിക്കുന്നത് കൊണ്ടു തന്നെ ആത്മാവ് ഭൂതകാല സ്വഭാവത്തിന്റെ രേഖയുമായി പരലോകത്തെത്തുന്നു.

ആഫ്രിക്കയിലെ ചില വിശ്വാസ പ്രകാരം കുറേക്കാലത്തിനുശേഷം ആത്മാവ് അധോലോകത്ത് നിന്ന് മടങ്ങിവരുന്നു. പുനർജനിക്കാൻ, ആത്മാവ് അതിന്റെ അടുത്ത ഘട്ടത്തിലെത്തുന്നതിന് കുറച്ച് കാലതാമസമുണ്ട് എന്നത് രസാവഹമാണ്. അത് ഇസ്‌ലാമിൽ വിവരിക്കപ്പെട്ടപോലെ തന്നെയാണ്.

### വിധിന്യായ ദിനം

വിധിന്യായദിനത്തെക്കുറിച്ചുള്ള വിശ്വാസം ഈജിപ്ഷ്യൻ പുരാണങ്ങളിൽ പൊതുവാണ്. അധോലോക ദൈവമായ ഒസിറിസന്റെ സിംഹാസന മുറിയിലേക്ക് ആത്മാവ് എടുക്കപ്പെടുന്നു. അവിടെ നാല്പത്തിരണ്ട് ജഡ്ജിമാർ അവയെ പരിശോധിക്കുന്നു. പാപികളെ ഒരു ഭീകരജന്തു ഭക്ഷിക്കുന്നു. സജ്ജനങ്ങൾ ദൈവവുമായി കൂടിച്ചേർത്ത് ആശയക്കുഴപ്പത്തിന്റെ പാമ്പായ അപാപി (Apap) നെതിരെയുള്ള നിരന്തര സമരത്തിൽ പങ്കെടുക്കുന്നു. പുരാതന ഈജിപ്തുകാരുടെ ദൈനംദിന ജീവിതത്തിൽ ഈ വിധിന്യായ ദിവസത്തിനും അതിനുശേഷം മരണാനന്തര ജീവിതത്തിനുമുള്ള പങ്കിന്റെ സ്വാധീനം രസാവഹമാണ്. സത്യത്തിന്റ പ്രതീകമായ മാതിന്റെ തുവലുമായി ഓരോ വ്യക്തിയുടെയും ആത്മാവ് തൂക്കി നോക്കപ്പെടുന്നു. ഈ തൂക്കത്തിന്റെ താരതമ്യത്തിന്റെ അടിസ്ഥാനത്തിലാണ് വിധി നിർണ്ണയിക്കപ്പെടുന്നത്. വിശുദ്ധഖുർആനിൽ വിശദമായി വിവരിക്കപ്പെട്ട ആത്മാവിന്റെ നന്മ തിന്മകളെ പരിശോധിക്കുന്ന വിവരണവുമായി ഇതിന് വ്യക്തമായ സാമ്യതയുണ്ട്. സാത്വികരായി ജീവിക്കാനുള്ള പ്രേരണ ഈ വിചാരണയെക്കുറിച്ചുള്ള ഭയം ഈജിപ്തുകാരിലുണ്ടാക്കുന്നു. ഏകദേശം 3600 ബി സിയിൽ മെൻകൗറ (Men Kau Ra) ഭരണകാലത്തു തന്നെ വിധിന്യായത്തെപ്പറ്റി

**വിശുദ്ധഖുർആനിൽ വിശദമായി വിവരിക്കപ്പെട്ട ആത്മാവിന്റെ നന്മ തിന്മകളെ പരിശോധിക്കുന്ന വിവരണവുമായി ഇതിന് വ്യക്തമായ സാമ്യതയുണ്ട്. സാത്വികരായി ജീവിക്കാനുള്ള പ്രേരണ ഈ വിചാരണയെക്കുറിച്ചുള്ള ഭയം ഈജിപ്തുകാരിലുണ്ടാക്കുന്നു.**

വിശദമായി വിവരിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അമൻ ടെറ്റിന്റെ നാഥനായ (The Lord of Amentet) മഹാനായ ദൈവത്തിന്റെ വിധി ന്യായദിവസത്തെ അതിജീവിക്കുവാൻ പരേതാത്മാക്കളെ സഹായിക്കാൻ ഉപയോഗിച്ചിരുന്ന ലിഖിതങ്ങൾ ഇരുമ്പ് ഫലകങ്ങളിൽ രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഒരു സാമുദായികമായ പ്രവൃത്തി എന്നതിലുപരി വിധിന്യായം നടത്തിയിരുന്നത് ഓരോ വ്യക്തിക്കും വേണ്ടിയായിരുന്നു.

സ്വഭാവത്തിന്റെ വ്യത്യസ്ത വശങ്ങളിൽ തീരുമാനം കല്പിക്കുന്ന നാല്പത്തിരണ്ടു കീഴ് ദൈവങ്ങൾക്ക് മുമ്പിൽ പരേതർ കുറ്റസമ്മതം നടത്തേണ്ടിയിരുന്നു. വിധിയുടെ ഭാഗമായി വ്യത്യസ്ത പാപങ്ങളൊന്നും താൻ ചെയ്തിട്ടില്ലെന്ന് പരേതൻ പ്രഖ്യാപിക്കണമായിരുന്നു. ഈ ലിഖിതത്തിന്റെ ഭാഗം പാപിറസ് വിവരിക്കുന്നതിന്റെഒരു ചുരുക്കമിതാ.

ഖരേരെഫിൽ നിന്ന് വരുന്ന ഹയ്ൽ ആം ഖയിഖിത്തു ഞാൻ മോഷണം നടത്തിയിട്ടില്ല.

സുതൻ ഹെനനിൽ നിന്ന് വരുന്ന ഹെയ്ൽ സെത് ഖെസ്, ഞാൻ വ്യാജം ഉച്ചരിച്ചിട്ടില്ല.

രണ്ടു മാതിയുടെ നഗരത്തിൽ നിന്ന് വരുന്ന ഹെയ്ൽ നെബ് മാത് ഞാൻ കുഴപ്പമുണ്ടാക്കാനുള്ള കാര്യങ്ങളിലൊന്നും ഏർപ്പെട്ടിട്ടില്ല.

അപ്രകാരം പുരാതന ഈജിപ്തുകാരൻ സമ്മതിക്കേണ്ടിയിരുന്നു, താൻ മോഷണം, കൊല, വ്യഭിചാരം, സ്വവർഗ്ഗരതി, എന്നിവ നടത്തിയിട്ടില്ലെന്ന്. താൻ അഹംഭാവിയോ, അത്യാർത്തിയുള്ളവനോ, അക്രമാസക്തനോ, ധൃതിപിടിപ്പെട്ടവനോ, കാപട്യക്കാരനോ, എന്തിന് പൊതു ജലപാതയിൽ വിഘ്നം വരുത്തിയില്ലെന്ന് പോലും സമ്മതിക്കേണ്ടിയിരുന്നു. അത്തരം വിശദമായ പാപങ്ങളുടെ വിവരണം പുരാതന ഈജിപ്തുകാർ മനസ്സിലാക്കിയിരുന്നു. പരേതൻ തന്റെ ഹൃദയത്തെ 'കാ' യുമായി അതായത്

ഇരട്ടയുമായി ബന്ധിച്ചിരുന്നു. ശരീരത്തിലെ പ്രധാന അവയവങ്ങളെ ഭരിക്കുന്ന മെസ്ത, ഹാഖി, തുആമുട്ടെഫ്, ഖെബ്സെനുഫ് തുടങ്ങിയവരെ അഭിസംബോധന ചെയ്തിരുന്നു. ഇത് മനസ്സിലാക്കിത്തരുന്നത് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് കണക്കു ബോധിപ്പിക്കാൻ ശരീരങ്ങൾ വിളിക്കപ്പെടുന്നുവെന്ന് ഈജിപ്തുകാർ വിശ്വസിച്ചിരുന്നു വെന്നാണ്.

## പരലോകത്തിന്റെ സ്ഥാനം

സ്വർഗ്ഗത്തിന്റെ അല്ലെങ്കിൽ നരകത്തിന്റെ സ്ഥാനം വളരെ വിദൂരമാണ്. ഭൂമിയിലെ ജനങ്ങൾക്ക് അപ്രാപ്യമാണ്. അല്ലായിരുന്നുവെങ്കിൽ ജീവിതകാലത്തു തന്നെ ഈ സ്ഥലത്തെത്താൻ അവർ പരിശ്രമിക്കുമായിരുന്നു. സ്വർഗ്ഗം ആകാശങ്ങളും അതിന്റെ ചുറ്റുമുള്ളതും മനുഷ്യർക്ക് അപ്രാപ്യവും ദൈവം അഥവാ ദൈവങ്ങൾ വസിക്കുന്നിടവുമാണ്.

ജപ്പാനിലെ പുരാണങ്ങളിൽ പരലോകമായ അമർ (Amer) സ്ഥിതി ചെയ്യുന്നത് ഭൂമിക്ക് മീതെയാണ്. ക്ഷീരപഥമാണ് അതിനു ജലസേചനം ചെയ്യുന്നത്. മറ്റു സംസ്ക്കാരങ്ങൾ പരേതാത്മാക്കൾ, ഭൂമിയിലെ വിദൂര സ്ഥലങ്ങളിൽ വസിക്കുന്നു എന്നാണ് പറയുന്നത്. ഉദാഹരണമായെടുത്താൽ സ്ലാവ ജനതയുടെ പരമ്പരാഗത വിശ്വാസ പ്രകാരം സൂര്യോദയത്തിന്റെ കിഴക്ക് പരേതർക്ക് അനുഗ്രഹപൂർണ്ണമായ ഒരു ഭൂമിയുണ്ട്. എന്നാൽ സെൽറ്റിക്ക് പുരാണങ്ങൾ പരലോകം പശ്ചിമദേശത്തുള്ള ദ്വീപുകളിലാണെന്നാണ് സങ്കല്പിക്കുന്നത്. അതിലേക്കുള്ള പ്രവേശം ഗുഹകളിൽ കൂടിയാണ്. ഈജിപ്തുകാരുടെ വിശ്വാസപ്രകാരം സ്വർഗ്ഗം ഭൂമിക്കടിയിലാണ്. അപ്രകാരം മെലനേഷ്യൻ പുരാണങ്ങളിലും പാതാളത്തിൽ ആത്മാക്കളുടെ ഒരു ലോകമുണ്ട്. അത് നമ്മുടെ ഇഹലോകത്തെ പ്രതിബിംബിപ്പിക്കുന്നു.

## പുനർജന്മം

എന്തുകൊണ്ടാണ് കിഴക്കൻ സംസ്ക്കാരങ്ങളിൽ പുനർജന്മ സിദ്ധാന്തം വന്നത്? അതെങ്ങനെ ക്രമികമായ ഒരു പദ്ധതിയുമായി യോജിച്ചു പോവുന്നതെന്ന് നോക്കാം. ആഫ്രിക്കക്കാരുടെ വിശ്വാസമനുസരിച്ച് ഏതൊരു ഗോത്രത്തിലാണോ ആത്മാവ് ആദ്യം ഉണ്ടായിരുന്നത് അവിടെത്തന്നെ അത് പുനർജനിക്കുന്നു.

എന്നാൽ ഈ സിദ്ധാന്തത്തിന്റെ സ്വാധീനം ഏറ്റവും അധികം കാണപ്പെടുന്നത് വിദൂര പൗരസ്ത്യദേശങ്ങളിൽ ഹിന്ദുമതത്തിലും ബുദ്ധമതത്തിലുമാണ്. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം ഒരാളുടെ ജീവിതത്തിലുള്ള സ്വഭാവത്തെക്കുറിച്ചുള്ള വിധിന്യായത്തിലാണ്. നല്ലവർ പുനർജനിക്കുന്നത് സാമൂഹ്യമായി ഔന്നത്യമുള്ള വിഭാഗങ്ങളിലും ജാതികളിലുമാണ്. ദുർജ്ജനങ്ങൾ താഴ്ന്ന പദവിയുള്ളവരിലേക്ക് മടങ്ങിവരുന്നു. മൃഗങ്ങളായിപ്പോലും അവർ വന്നേക്കാം. അപ്രകാരം നന്മ ചെയ്യുന്ന മൃഗങ്ങൾ മനുഷ്യരായി മടങ്ങിവന്നേക്കാം. എന്നിരിക്കിലും ഈ സിദ്ധാന്തം സ്വയം തന്നെ ചിലപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഈ സിദ്ധാന്ത പ്രകാരം പ്രകൃതിയിലെ മനുഷ്യന്റെയും മൃഗത്തിന്റെയും സന്തുലനവ്യവസ്ഥ എളുപ്പത്തിൽ വിശദീകരിക്കുന്നില്ല. മൃഗങ്ങളും മനുഷ്യരുമായി വേർപിരിഞ്ഞു നിൽക്കുന്ന ഈ ജിവി രൂപങ്ങൾ ഈ സിദ്ധാന്ത പ്രകാരം അവരുടെ സ്വഭാവത്തെ ആശ്രയിച്ചുള്ളതാണ്. ഇവിടെ മനുഷ്യരുടെയും മൃഗങ്ങളുടെയും എണ്ണത്തിൽ വമ്പിച്ച തോതിലുള്ള ഏറ്റക്കുറച്ചിലുകളുണ്ടാക്കുന്നു. ഇതിന് യാതൊരു യുക്തിപരമായ വിശദീകരണങ്ങളും ഈ സിദ്ധാന്തം നൽകുന്നില്ല. എന്നാൽ ഇപ്പോൾ ഇവ തമ്മിൽ നല്ല നിലയിലുള്ള സന്തുലിതാവസ്ഥയുണ്ട്. അതാവട്ടെ പരിസ്ഥിതിപരമായ പരിവൃത്തിയുടെ ഭാഗമാണ്. അന്തിമമായി പുനർജന്മം മുഖേന എല്ലാ ജന്തുക്കളും സാത്വികരായിത്തീരുകയാണെങ്കിൽ മനുഷ്യരല്ലാത്ത മറ്റൊരു ജീവിയും ഭൂമുഖത്തുണ്ടാവില്ല. അവയെല്ലാം മനുഷ്യരുടെ പദവിയിൽ എത്തുന്നതാണ്.

'ഭൂമിയിലെ സ്വർഗ്ഗം' എന്ന് ഒരു പദപ്രയോഗമുണ്ട്. അത് അക്ഷരാർത്ഥത്തിൽ എടുത്താൽ ഈ സിദ്ധാന്തങ്ങൾ നമ്മുടെ മുമ്പിലവതരിപ്പിക്കുന്ന അവസ്ഥയെ അങ്ങിനെ വിവരിക്കാവുന്നതാണ്. വളരെ വ്യക്തമായ നിലയിൽ ഈ സിദ്ധാന്തം വിധിന്യായദിവസത്തെ അല്ലെങ്കിൽ സമാനമായ മറ്റൊന്നിനെ ആശ്രയിക്കുന്നു. എന്തെന്നാൽ മനുഷ്യന്റെ ആദ്യത്തിലുള്ള സ്വഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിന്യായത്തിന്റെ ഫലമായി അവൻ പുതിയൊരു ജീവിതഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. ഇസ്ലാമിക ചിന്താഗതിയുമായി ഇത് ഒത്തുപോകുന്നു. എന്നാലും ഇസ്ലാമികമായ വീക്ഷണത്തിൽ ആത്മാവിന്റെ സ്വർഗ്ഗനരകങ്ങൾ വ്യത്യസ്തമായൊരു സ്ഥലമാണ്. എന്നാൽ പുനർജന്മത്തിൽ രണ്ടാമത്തെ ഘട്ടവും ഭൂമിയിൽ തന്നെയാണ്. ഇവിടെയാണ് കുഴപ്പം. എന്നിരിക്കിലും ഇസ്ലാമിലെ നരകത്തിന്റെ വിവക്ഷ ആത്മാവിന്റെ ശുദ്ധീകരണത്തിന്റെ ഘട്ടങ്ങളും പരിശുദ്ധിയിലേക്കും അതു വഴി സ്വർഗ്ഗത്തിലേക്കുള്ള പ്രയാണവുമാണെങ്കിൽ പുനർജന്മത്തിൽ നിർവ്വാണം അഥവാ സമാധാനത്തിലേക്കുള്ള യാത്രയുടെ വികാസഘട്ടങ്ങൾ ഉൾക്കൊള്ളുന്നു. അതിനാൽ മരണാനന്തര ജീവിതത്തിന്റെ വിവക്ഷയിലേക്കുള്ള ഒരു വ്യത്യസ്ത സമീപനമാണ് ഈ പുതിയ സിദ്ധാന്തത്തിന് രൂപം കൊടുത്തിരിക്കുന്നത്.

## സ്വർഗ്ഗനരകങ്ങളുടെ പ്രകൃതി

ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്വർഗ്ഗ നരകങ്ങൾ തമ്മിലുള്ള വ്യത്യാസം ഒരു മനോഭാവമാണെന്ന കഥയാണ് പറയപ്പെട്ടിരുന്നത്. ഈ കഥയിൽ പറയപ്പെട്ടിരുന്നത് ഒരു തീൻമേശക്ക് ചുറ്റും ഭക്ഷണം കഴിക്കാൻ ഇരുന്നിരുന്ന ആളുകളെ സംബന്ധിച്ചായിരുന്നു. അവരുടെ കയ്യിൽ ഏഴടി നീളമുള്ള തവി ഉണ്ടായിരുന്നു.

നരകത്തിലുള്ളവർ ഈ വിചിത്രമായ പാത്രങ്ങളിൽ നിന്ന് സ്വയം ഭക്ഷണം കഴിക്കാനുള്ള നിഷ്ഫലമായ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയായി

രുന്നു. എന്നാൽ സ്വർഗ്ഗത്തിലുള്ളവർ അതേ ഉപകരണങ്ങൾ തന്നെയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ അവർ ആ തവികൊണ്ട് ഏഴടി ദൂരെ ഇരുന്നിരുന്നവരെ തീറ്റിയിരുന്നു! ഈ കഥ ശിശു സഹജമായ ഒന്നാണെന്ന് തോന്നിയേക്കാം. എന്നാൽ അതിലടങ്ങിയ സിദ്ധാന്തം വളരെ രസാവഹമാണ്. നരകത്തിലുള്ളവർ പട്ടിണി കിടന്നപ്പോൾ സ്വർഗ്ഗവാസികൾ അവരുടെ നിസ്വാർത്ഥമായ മനോഭാവം കാരണം മറ്റുള്ളവരെ തീറ്റുകയും അതിനിടക്ക് തങ്ങൾക്ക് ഭക്ഷണമുണ്ടാക്കുകയും ചെയ്തു.

മരണാനന്തര ജീവിതത്തെപ്പറ്റി അന്യസംസ്ക്കാരങ്ങളിൽ നിന്നും വിശ്വാസങ്ങൾ സ്വീകരിച്ച ആതിഥേയ സംസ്ക്കാരങ്ങളിൽ അവരുടെ പ്രത്യേകതകളെ ആശ്രയിച്ച് വിവരണങ്ങളിൽ വ്യത്യാസമുണ്ടാവാം. എന്നിരിക്കിലും നരകത്തിന്റെ വിവരണം വളരെ ചീത്തയായിട്ടുള്ളതാണ്. അതിൽ പലപ്പോഴും അഗ്നിയുടെ അടിസ്ഥാനത്തിലുള്ള ചിത്രകൽപ്പനയുണ്ടാവും. സെൽറ്റിക് പുരാണത്തിൽ ഗുഹകളുടെ നീണ്ട സംവിധാനം ഒരു മാന്ത്രികവലയത്തിൽ കുഴച്ചതായിരിക്കും. ഈ സംസ്ക്കാരങ്ങളിൽ നരകത്തെക്കുറിച്ചുള്ള വിവരണമുണ്ടാകുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചില്ലെങ്കിൽ അവരുടെ വിധി വളരെ മോശമായിരിക്കും എന്നതിനാൽ അവരെ ഈ വിവരണം തിന്മയിൽ നിന്നകറ്റി നിർത്തുന്നു. തങ്ങളുടെ ഈ ജീവിതത്തിലുള്ള പ്രവൃത്തികൾ കാണപ്പെടാതെ പോകില്ലെന്നും തങ്ങൾ ചെയ്ത പ്രവൃത്തികൾക്ക് കണക്കുകൾ ബോധിപ്പിക്കണമെന്നുമുള്ള വിചാരം ദൈവ വിശ്വാസവും പരലോക വിശ്വാസവും ജനങ്ങളിലുണ്ടാക്കുന്നു. തങ്ങളുടെ പ്രവൃത്തികൾ മറ്റുള്ളവർ കാണാതെ ഇരുട്ടറയിൽ വെച്ച് ചെയ്താലും കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നവർ വിശ്വസിക്കുന്നു. മുൻ വിവരിച്ച ഖുർആൻ സൂക്തത്തിൽ പ്രസ്താവിക്കുന്നു: “പാപം ചെയ്യുമ്പോൾ നിങ്ങൾ ഭയപ്പെടുന്നില്ല, നിങ്ങളുടെ കണ്ണുകളും കാതുകളും ചർമ്മങ്ങളും നിങ്ങൾക്കെതിരിൽ സാക്ഷി പറയുമെന്ന്. നിങ്ങൾ ചെയ്യുന്നതിലധികവും അല്ലാഹു പോലും അറിയുന്നില്ല എന്ന് നിങ്ങൾ ധരിച്ചുകളഞ്ഞു. മരണശേഷം തങ്ങളെ കാത്തിരിക്കുന്ന ദൈവിക വിധികളിൽ നിന്ന് തങ്ങളുടെ പ്രവൃത്തികളെ മറച്ചുവെക്കാൻ ആർക്കും സാധ്യമല്ല എന്ന ഒരു താക്കീതാണിത്.”

**ഇങ്ങനെയൊരു സിദ്ധാന്തം വ്യത്യസ്ത സംസ്കാരങ്ങളിൽ സ്വതന്ത്രമായി വികാസം പ്രാപിച്ചതാണെന്ന് വിചാരിക്കാൻ ന്യായമില്ല. ആ സംസ്കാരങ്ങൾ തമ്മിൽ പരസ്പരം ബന്ധപ്പെടാൻ താരതമ്യേന സമീപകാലത്ത് മാത്രമാണ് സാധ്യമായിട്ടുള്ളത്. ഇവിടെ വിശ്വാസങ്ങളുടെ ഏകമായ ഉത്ഭവ സ്ഥാനത്തെക്കുറിച്ചുള്ള വാദഗതിയെ വിശുദ്ധ ഖുർആൻ അനുകൂലിക്കുന്നു.**

### പൊതുവായ ആശയങ്ങൾ

ഈ വിവരണങ്ങളിൽ മുഴുവൻ പൊതുവായ ചില ആശയങ്ങളുണ്ട്. പരലോക ജീവിതാവസ്ഥക്ക് നിദാനം ഐഹിക ജീവിതത്തിലെ പ്രവൃത്തികളാണ്. സന്ദർഭവശാൽ ഇതിന്റെ ഫലമായി പറയപ്പെട്ടിരിക്കുന്നത് ഈ ലോകത്തിലേക്കുള്ള വ്യത്യസ്ത രൂപത്തിലുള്ള മടക്കമാണ്. ഇത് മരണാനന്തര ജീവിതത്തിന്റെ സ്ഥലത്തെക്കുറിച്ചുള്ള വെറുമൊരു ആശയക്കുഴപ്പമാണ്. അല്ലാതെ അതിന്റെ പ്രകൃതിയെക്കുറിച്ചല്ല. സൽസ്വഭാവിയായ ഒരു മനുഷ്യന് മരണാനന്തരം പ്രതിഫലം നൽകപ്പെടുന്നു. എന്നാൽ പാപിയായ ഒരാൾ ശിക്ഷിക്കപ്പെടുന്നു. ഈ സംസ്കാരങ്ങളെല്ലാം പറയുന്നത് വിധി ന്യായം ഐഹിക ജീവിതത്തിലെ സ്വഭാവത്തെ ആധാരമാക്കിയാണെന്നതാണ്.

മരണാനന്തര ജീവിതത്തിന്റെ രംഗം ഈ ജീവിതത്തിൽ കയ്യെത്താത്തത്ര വിദൂരത്താണ്. മനുഷ്യൻ കാണാത്ത കാര്യങ്ങളെക്കുറിച്ച് വിവരിച്ച് പൊതുജനത്തെ ആശയക്കുഴപ്പത്തിലാക്കാനാണിതെന്ന് ഒരു ദോഷൈകദൃക്ക് വാദിച്ചേക്കാം. എന്നിരിക്കിലും നാം മനസ്സിലാക്കേണ്ടത് ഐഹിക ജീവിതം ശരീരവും ആത്മാവും ചേർന്നതാണെങ്കിൽ പരലോക ജീവിതത്തിൽ ആത്മാവ് ആണെന്നാണ്. ഈ ജീവിതത്തിൽ തന്നെ നമുക്ക് അനുഭവവേദ്യമായ മറ്റു രംഗങ്ങളുണ്ട്. അത് നമുക്ക് ജീവിതത്തിന്റെ ആത്മീയ വശം കാണിച്ചുതരുന്നു. അതീന്ദ്രിയജ്ഞാനങ്ങളും സ്വപ്നങ്ങളും അവയിൽപ്പെടുന്നു. ആത്മീയമായ ഈ പ്രതിഭാസങ്ങളുടെ യുക്തി കണ്ടെത്താൻ ശാസ്ത്രം പരിശ്രമിക്കുന്നു. ഇക്കാര്യത്തിൽ സംസ്ക്കാരങ്ങൾ എത്രത്തോളം യോജിക്കുന്നുവെന്നത് അത്ഭുതമുളവാക്കുന്നതാണ്.

ഇങ്ങനെയൊരു സിദ്ധാന്തം വ്യത്യസ്ത സംസ്കാരങ്ങളിൽ സ്വതന്ത്രമായി വികാസം പ്രാപിച്ചതാണെന്ന് വിചാരിക്കാൻ ന്യായമില്ല. ആ സംസ്കാരങ്ങൾ തമ്മിൽ പരസ്പരം ബന്ധപ്പെടാൻ താരതമ്യേന സമീപകാലത്ത് മാത്രമാണ് സാധ്യമായിട്ടുള്ളത്. ഇവിടെ വിശ്വാസങ്ങളുടെ ഏകമായ ഉത്ഭവ സ്ഥാനത്തെക്കുറിച്ചുള്ള വാദഗതിയെ വിശുദ്ധഖുർആൻ അനുകൂലിക്കുന്നു.

ദൈവവുമായി ബന്ധം സ്ഥാപിച്ച ആദ്യപ്രവാചകനായ ആദം നബിയെ സംബന്ധിച്ച് വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു.

“ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നുവെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർമ്മിക്കുക. അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിശ്ചയിക്കാൻ പോകുന്നത്? നാമാകട്ടെ നിന്റെ മഹത്വം കൊണ്ട് നിന്നെ സ്തുതിക്കുകയും

*(ശേഷം പേജ് 18 ൽ)*

ലേഖനം

# അൽ ഇദ്രീസി

## ആദ്യത്തെ ശാസ്ത്രീയ ഭൂപട നിർമ്മാതാവ്

ഫ്രാൻസസ് ഗേയ്സ്

**അൽഇദ്രീസിയും സിസിലിയിലെ റോജർ രാജാവും തമ്മിലുള്ള സൗഹൃദത്തിൽ നിന്നാണ് ആദ്യത്തെ ശാസ്ത്രീയ ഭൂപടം ലോകത്തിന് ലഭിച്ചത്.**

കാലം എ. ഡി. 1138; രംഗം സിസിലിയിലെ പാലർമേ കൊട്ടാരം. സിസിലിയിലെ ക്രിസ്ത്യൻ രാജാവ് പ്രതിഭാശാലിയായ ഒരു മുസ്ലിം പണ്ഡിതനുമായി ഒരു കൂടിക്കാഴ്ചക്ക് കൊട്ടാരം വേദിയാവുകയാണ്. രാജാവ് കാത്തിരുന്ന അഭിവന്ദ്യനായ അതിഥി കൊട്ടാരത്തിന്റെ ദർബാറിലേക്ക് പ്രവേശിച്ചു. വിശിഷ്ടാതിഥിയെ ആദരിക്കാൻ രാജാവ് സിംഹാസനത്തിൽ നിന്നും ഉപചാരപൂർവ്വം എഴുന്നേറ്റു വന്നു. ആ ധിഷണാശാലിയുടെ കരം ഗ്രഹിച്ച രാജാവ് തൊട്ടരികെ ബഹുമാന്യമായ ഒരു ഭദ്രാസനത്തിൽ അദ്ദേഹത്തെ ഉപചരിച്ചിരുത്തി. വടക്കൻ ആഫ്രിക്കയിൽ നിന്നും വന്ന ആ പണ്ഡിത വരേണ്യനുമായി രാജാവ് ചർച്ചയാരംഭിച്ചു. അന്നുവരെ അറിയപ്പെട്ട ലോകത്തെ സംബന്ധിച്ച് ശാസ്ത്രീയവും സൂക്ഷ്മവുമായ ഒരു ഭൂപട നിർമ്മാണത്തെക്കുറിച്ചായിരുന്നു ചർച്ച.

പാണ്ഡിത്യത്തെ ആദരിച്ച ആ ക്രിസ്തീയ രാജാവ് സിസിലിയുടെ ഭരണാധികാരിയായിരുന്ന റോജർ രണ്ടാമൻ ആയിരുന്നു. രാജാവിന്റെ ക്ഷണിക്കപ്പെട്ട വിശിഷ്ടാതിഥി സ്പെയിനിന്നഭിമുഖമായി നിന്ന മാറോക്കോവിലെ അറബ് ഭൂമിശാസ്ത്ര വിജ്ഞാനി അൽ ഇദ്രീസിയും. അദ്ദേഹത്തിന് അന്ന് പ്രായം വെറും മുപ്പത് വയസ്സ്. സ്പെയിനിലെ കൊർഡോവായിൽ നിന്നും വിദ്യാഭ്യാസം കഴിഞ്ഞതിന് ശേഷം ലിസ്ബൺ മുതൽ ഡമാസ്കസ് വരെ മെഡിറ്ററേനിയൻ തീരം മുഴുവൻ അദ്ദേഹം സഞ്ചരിച്ചു. യൗവ്വനതാരുണ്യത്തിന്റെ കവിഹൃദയമുള്ള ആ പ്രതിഭാശാലി കവന കലയിൽ ആമഗ്നനായിക്കൊണ്ടായിരുന്നു സഞ്ചാരം. പക്ഷേ അൽ ഇദ്രീസി തന്റെ യാത്രയിൽ സ്വന്തം പ്രതിഭയുടെ അപ്രതിരോദ്യമായ പ്രണയിനിയെ കണ്ടെത്തുകയായിരുന്നു. അത് അദ്ദേഹത്തിന്റെ ഇഷ്ടവിഷയമായ ഭൂമിശാസ്ത്രമായിരുന്നു.

അൽ ഇദ്രീസിയുടെ രചനകളിൽ തന്നെക്കുറിച്ചോ തന്റെ വ്യക്തിത്വത്തെക്കുറിച്ചോ വളരെ അല്പം മാത്രമേ പ്രതിപാദനമുള്ളൂ. അദ്ദേഹത്തിന്റെ ആതിഥേയനായ സിസിലിയിലെ രാജാവ് റോജർ രണ്ടാമനെക്കുറിച്ചുള്ള വിവരണമാണധികവും. റോജർ രണ്ടാമൻ 12-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സിസിലി പിടിച്ചടക്കിയ ഭാഗ്യശാലിയായ ഒരു നോർമൻ ഫ്രഞ്ച് സൈനികന്റെ മകനായിരുന്നു. അക്കാലത്തെ ക്രിസ്തീയ രാജാക്കന്മാരിൽ നിന്നും തികച്ചും വിഭിന്നനായിരുന്നു റോജർ രണ്ടാമൻ. പൗരസ്ത്യ രീതിയിലുള്ള അദ്ദേഹത്തിന്റെ ജീവിത ശൈലി കണ്ട് മറ്റു ക്രിസ്ത്യാനികൾ അദ്ദേഹത്തെ 'അർദ്ധ വിശ്വാസിയായ രാജാവ്' എന്നും 'അഭിഷിക്തനായ സിസിലിയൻ സുൽത്താൻ' എന്നും പരിഹസിക്കുമായിരുന്നു. ഗ്രീക്ക് അറബ് ഗുരുനാഥന്മാരുടെ കീഴിൽ വിദ്യയഭ്യസിച്ച അദ്ദേഹം ശാസ്ത്രത്തിൽ അസാമാന്യമായ താല്പര്യമുള്ളയാളാണ്. മുസ്ലിം പണ്ഡിതന്മാരുമായുള്ള സഹവാസം അഭിലഷിച്ചിരുന്ന റോജർ സ്വയം ഒരു പണ്ഡിതനുമായിരുന്നു. അൽ ഇദ്രീസിയാകട്ടെ അദ്ദേഹത്തിന്റെ ഏറ്റവും ആദരണീയനായ പണ്ഡിത സുഹൃത്തും.

പരിശുദ്ധ ദേശത്തിന് വേണ്ടി കുരിശുയുദ്ധങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുകയും ഇരു ഭാഗത്തുമുള്ള വിശ്വാസികൾ മെഡിറ്ററേനിയനിലെ കപ്പലുകൾ പരസ്പരം കൊള്ള ചെയ്യുകയും ചെയ്തിരുന്ന സംഘർഷഭരിതമായ ഒരു കാലഘട്ടത്തിൽ ഇത്തരമൊരു സഹവാസം അത്ഭുതകരമായിരുന്നു. പക്ഷേ യുദ്ധവും കൊള്ളയും അങ്ങനെയൊരു ഭാഗത്ത് നടക്കുന്നു

വെങ്കിൽ തന്നെയും മതത്തിന്റെ അതിർത്തികൾ ഭേദിച്ച് കൊണ്ട് മധ്യ കാല കച്ചവടക്കാർ അവരുടെ ഉല്പ ന്നങ്ങളും അതുപോലെ ആശയങ്ങളും പരസ്പരം തകൃതിയായി കൈമാറി ക്കൊണ്ടിരുന്നു.

പ്രധാനമായും സിസിലി ഇത്തരം സാംസ്കാരിക സമന്വയത്തിന്റെ രംഗ വേദിയായിരുന്നു. എ. ഡി. 831-ൽ മുസ് ലിംകൾ പിടിച്ചടക്കിയ സിസിലി എ. ഡി. 11-ാം നൂറ്റാണ്ടിന്റെ അവസാനം വരെ അവരുടെ കീഴിൽ തന്നെ നില നിന്നു. മുസ്ലിം സ്പെയിനിനെ പോലെ സിസിലിയും ഇരുണ്ട യുഗ ത്തിലെ യൂറോപ്പിന്റെ പ്രകാശ ഗോപു രമായിരുന്നു. സിസിലി പിടിച്ചെടുത്ത അറബികൾ അവിടെ അണക്കെട്ടു കളും ജലസേചന ശൃംഖലകളും ജല സംഭരണികളും നിർമ്മിച്ചു. പുതിയ കാർഷിക വിളകളായ ഓറഞ്ച്, ചെറു നാരകം, പരുത്തി, കാരക്ക, അരി മുത ലായവ കൃഷി ചെയ്തു. ഖനികളും മത്സ്യ സമ്പത്തും ഉപയോഗിച്ച് സിസി ലിയെ സുഭിക്ഷമാക്കി.

എ. ഡി. 11-ാം നൂറ്റാണ്ടിന്റെ തുടക്ക ത്തിൽ നോർമൻ സാഹസികർ തെക്കൻ ഇറ്റലിയെ ബൈസാൽഷ്യം ഗ്രീസിൽ നിന്നും മുസ്ലിംകളിൽ നിന്നും മോചിപ്പിച്ചു. എ ഡി. 1101-ൽ കൗണ്ട് റോജർ ഡി ഹോട്ടവില്ലി സിസിലി ആക്രമിച്ചു കീഴടക്കി. എ. ഡി. 1130 ൽ അദ്ദേഹത്തിന്റെ മകൻ റോജർ രണ്ടാമൻ സിസിലയുടെ രാജാ വായി.

നീണ്ട കറുത്ത മുടിയുള്ള താടി വെച്ച തടിയനായ റോജർ പ്രൗഢമായ പാലർമോ കൊട്ടാരത്തിൽ വെച്ച് ഭരണം നടത്തുകയുണ്ടായി. വളരെ നയചാതുരിയോടെയും വിദഗ്ദമായും നീതിപൂർവ്വം ഭരണം നടത്തിയ റോജർ രണ്ടാമൻ മധ്യയുഗത്തിലെ ഏറ്റവും നല്ല ഭരണാധികാരിയായിട്ടാണ് ചരിത്ര കാരന്മാർ വിശേഷിപ്പിക്കുന്നത്. അദ്ദേ ഹത്തിന്റെ ഊർജ്ജസ്വലത ഐതിഹാ സികമായിരുന്നു. ഒരു ചരിത്രകാരൻ പറയുന്നു: മറ്റു രാജാക്കന്മാർ ഉണർന്നി രുന്ന് നിർവ്വഹിച്ച കാര്യങ്ങൾ റോജർ ഉറങ്ങിക്കൊണ്ട് നിർവ്വഹിച്ചു' എന്നാണ്. അദ്ദേഹത്തിന്റെ രാജധാനി യിൽ തത്വജ്ഞാനികളും, ഗണിതജ്ഞന്മാരും വൈദ്യശാസ്ത്ര വിദഗ്ധരും, ഭൂവിജ്ഞാനികളും കവി കളും ഒത്തുകൂടി. യൂറോപ്പിൽ മറ്റൊ രിടത്തും ഇത്തരമൊരു കൂട്ടായ്മയില്ലാ യിരുന്നു. റോജർ രാജാവ് അദ്ദേഹ ത്തിന്റെ കൂടുതൽ സമയവും ഇവരോ ടൊപ്പമാണ് ചിലവഴിച്ചത്. അൽ ഇ ദ്‌രീസി അദ്ദേഹത്തെ പറ്റി എഴുതുന്നു. "അദ്ദേഹത്തിന്റെ പഠനമേഖല വിവരി ക്കാൻ സാധ്യമല്ല. ശാസ്ത്ര വിഷയ ങ്ങളിൽ അദ്ദേഹത്തിന്റെ വിജ്ഞാനം അപാരമായിരുന്നു. സൂക്ഷ്മമായും അഗാധമായും അവയെല്ലാം അദ്ദേഹം പഠിച്ചു. എല്ലാ ഓരോ കണ്ടെത്തലു കൾക്കും നവീകരണത്തിനും ഉത്തര വാദി അദ്ദേഹമായിരുന്നു. അത്തര ത്തിൽ ഒരു രാജാവും ഇതിനു മുമ്പ് ലക്ഷ്യം നേടിയിട്ടില്ല.

ശാസ്ത്രത്തിൽ യൂറോപ്പിൽ നാമ്പിട്ട ഉണർച്ചയുടെ പ്രകടനമായിരുന്നു ഭൂമി ശാസ്ത്രത്തിൽ റോജർ പ്രകടിപ്പിച്ചത്. അനിവാര്യമായും അദ്ദേഹം സഹായ ത്തിനു വേണ്ടി മുസ്ലിംകൾക്ക് നേരെ തിരിഞ്ഞു. ക്രിസ്ത്യൻ യൂറോപ്പ് ഭൂപട നിർമ്മാണത്തിന് മുസ്ലിംകളെ സമീ പിച്ചത് പ്രതീകാത്മകവും കൗതുകര വുമാണ്. യൂറോപ്യന്മാരുടെ മാപ്പ് ശാസ്ത്രീയ ഗവേഷണങ്ങളേക്കാൾ പാരമ്പര്യങ്ങളേയും മിത്തുകളേയും ഉപജീവിച്ച് നിർമ്മിച്ചതായിരുന്നു. തീർത്ഥാടകരുടെ പുസ്തകങ്ങളിൽ ചിത്രണം ചെയ്യാനും ബൈബിൾ വ്യാഖ്യാനത്തിനും വേണ്ടിയായിരുന്നു ഇവ ഉപയോഗിച്ചത്. വർണ്ണശബളമായ ചിത്രീകരണത്തോടു കൂടിയ യൂറോ പ്യൻ ഭൂപടങ്ങളിൽ ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നീ തുല്യ വലിപ്പത്തി ലുള്ളതും ഇടുങ്ങിയ കടലിടുക്കുക ളാൽ വേർതിരിക്കപ്പെട്ടതുമായ മൂന്ന് വൻകരകളായിരുന്നു രേഖപ്പെടുത്തി യിരുന്നത്. അവയാകട്ടെ വൃത്താകൃതി യിലുള്ളതുമാണ്. ഏദൻ തോട്ടവും സ്വർഗ്ഗവും മുകളിലും ജെറുസലെം മദ്ധ്യത്തിലുമായി അതിനു ചുറ്റും ഭീമാ കാരമായ സമുദ്രയക്ഷികളും, രക്ഷസു കളും നായ്തലയുള്ള മനുഷ്യരും സൂര്യന്റെ ചൂടിൽ നിന്നും രക്ഷപ്പെടാൻ കുടയുടെ ആകൃതിയിൽ കാലുകളുള്ള ജീവികൾ നിറഞ്ഞ സ്ഥല ങ്ങളുമായിരുന്നു ആ മാപ്പുകളിൽ.

സമുദ്രയാത്രികർ ഉപയോഗിച്ചിരുന്ന ചുരുക്കം ചില പ്രായോഗിക മാപ്പു കളും അക്കാലത്ത് ഉണ്ടായിരുന്നു. അതിൽ കടൽ തീരങ്ങൾ, മുനമ്പുകൾ, ഉൾക്കടലുകൾ, ആഴം കുറഞ്ഞ തീര ങ്ങൾ, തുറമുഖങ്ങൾ, നങ്കൂരമിടുന്ന സ്ഥലങ്ങൾ, ഭക്ഷണവും വെള്ളവും ലഭിക്കുന്ന സ്ഥലങ്ങൾ എന്നിവ രേഖ പ്പെടുത്തിയിരുന്നു. പക്ഷേ ശാസ്ത്ര സാങ്കേതിക വിദ്യയുമായി അകന്നു കഴിഞ്ഞിരുന്ന മധ്യകാല യൂറോപ്പിൽ ഇത്തരം മാപ്പുകൾ അല്പം ചില നാവി കരുടെ കൈയിൽ മാത്രം ഒതുങ്ങിനി ന്നു. സമുദ്ര സഞ്ചാരികളിൽ നിന്നുള്ള വിവരങ്ങൾ വളരെ കുറഞ്ഞ തോതിൽ മാത്രമേ ക്രിസ്ത്യാനികളുടെ ഭൂപടങ്ങ ളിൽ പ്രതിഫലിച്ചുള്ളൂ. സമുദ്രയാത്രി കരുടെ ചാർട്ടുകളിൽ വസ്തുനിഷ്ഠ മായ വിവരണങ്ങൾ ഉള്ളത് പോലെ മുഴുവൻ ലോകത്തെ പറ്റിയുമുള്ള ഒരു ഭൂപടം നിർമ്മിക്കാൻ റോജർ രാജാവ് ആഗ്രഹിച്ചു. അതിബുദ്ധികൊണ്ട് ശക്തനായ അൽഇദ്‌രീസിയെയാണ് ഈ ഹെർക്കുലിയൻ ഉദ്യമം അദ്ദേഹം ഏല്പിച്ചത്. ഭൂമിശാസ്ത്രപരമായി അന്നോളം അറിയപ്പെട്ട എല്ലാ വിവര ങ്ങളും പുസ്തകങ്ങളിൽ നിന്നും അതാത് സ്ഥലങ്ങൾ പോയി സന്ദർശിച്ചും നിരീക്ഷണം നടത്തിയും സംഘടിപ്പിച്ച് ശാസ്ത്രീയമായി പരി ശോധിച്ച് അർത്ഥപൂർണവും സൂക്ഷ്മ വുമായ ഭൂപടം നിർമ്മിക്കാനായിരുന്നു അൽഇദ്‌രീസിയുടെ പദ്ധതി. അതു വരെ നിലവിലുള്ള വിവരങ്ങൾ ശേഖ രിച്ച് ഭൂപടം നിർമ്മിക്കുന്നത് പ്രായോ ഗികതയേക്കാൾ ശാസ്ത്രീയമായ മനന പ്രക്രിയകളിലൂടെ നിർവ്വഹിക്ക പ്പെടേണ്ടതായിരുന്നു.

ഈ ഭൂപട നിർമ്മാണത്തിന്റെ പദ്ധ തിക്കായി റോജർ ഭൂമിശാസ്ത്രജ്ഞന്മാ രുടെ ഒരു അക്കാഡമി സ്ഥാപിച്ചു. അദ്ദേഹം സ്വയം തന്നെ ഡയറക്ടറും അൽഇദ്‌രീ സിയെ സ്ഥിരം സെക്രട്ടറി

യുമാക്കി. റോജർ രാജാവിന്റെ ഭരണ പരിധിയിലുള്ള രാജ്യത്തിന്റെ സൂക്ഷ്മ വിവരവും അന്യദേശങ്ങളുടെ ഭൂപട വിവരവും അദ്ദേഹം ആവശ്യപ്പെട്ടു. ദേശങ്ങളുടെ അതിർത്തി, കാലാവസ്ഥ, റോഡുകൾ, നദികൾ, ചുറ്റുമുള്ള സമുദ്രങ്ങൾ മുതലായ വിവരങ്ങളും ഉണ്ടാവണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു.

മുൻ ഭൂമിശാസ്ത്രജ്ഞന്മാരുടെ രചനകൾ പഠിച്ചും താരതമ്യം ചെയ്തും അക്കാഡമി പ്രവർത്തനമാരംഭിച്ചു. അക്കാഡമിയിലെ പ്രാമാണികരായ 12 പണ്ഡിതന്മാരിൽ 10 പേരും മുസ്‌ലിം ലോകത്ത് നിന്നുള്ളവരായിരുന്നു. ഭൂമിശാസ്ത്രരംഗത്ത് മുസ്‌ലിം മേധാവിത്വത്തിന് കാരണം ലളിതമായിരുന്നു. മധ്യകാല യൂറോപ്പ് രാഷ്ട്രീയമായും വാണിജ്യപരവമായും ഖണ്ഡിക്കപ്പെട്ടതും പ്രാദേശികമായി സംഘടിപ്പിക്കപ്പെട്ടതുമായിരുന്നു. എന്നാൽ മുസ്‌ലിം രാജ്യങ്ങൾ മതപരമായും സാംസ്കാരികമായും വാണിജ്യപരമായും സമഗ്രമായി ഏകീകരിക്കപ്പെട്ടതും ഉടനീളം സുദീർഘമായ വാണിജ്യംകൊണ്ട് അഭിവൃദ്ധിപ്പെട്ടതുമായിരുന്നു. മുസ്‌ലിം കച്ചവടക്കാരും തീർത്ഥാടകരും ഉദ്യോഗസ്ഥന്മാരും ഇത്തരം റോഡ് മാപ്പുകൾ ഉപയോഗപ്പെടുത്തിയിരുന്നു. യാത്രികർക്കുവേണ്ടി റൂട്ടുകളും യാത്രയുടെ അവസ്ഥയും റൂട്ടുകളിലെ നഗരങ്ങളും അതിൽ രേഖപ്പെടുത്തിയിരുന്നു. പൂർവ്വികരായ റോഡ് മാപ്പ് നിർമ്മാതാക്കളുടെ പേരുകൾ അൽഇദ്‌രീസി ലിസ്റ്റ് ചെയ്തിട്ടുണ്ട്. 8-ാം നൂറ്റാണ്ടിലെ പേർഷ്യയിലെ പോസ്റ്റൽ ആൻസ് ഇന്റലിജൻസ് സർവ്വീസിന്റെ ഡയറക്ടറായിരുന്ന ഇബ്നു കുർദാദീബ്, 9-ാം നൂറ്റാണ്ടിൽ അർമീനിയായിൽ ജീവിക്കുകയും രാജ്യങ്ങളുടെ പുസ്തകം' എന്ന കൃതി രചിക്കുകയും ചെയ്ത അൽയാഖൂബി, 10-ാം നൂറ്റാണ്ടിൽ ബാഗ്ദാദിൽ ജീവിച്ച ഖുദാമ മുതലായവയായിരുന്നു അവർ. ഖുദാമ ഒരു ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹം ഇസ്‌ലാം മതം സ്വീകരിക്കുകയും അബ്ബാസിയ്യാ ഖിലാഫത്തിനു കീഴിലെ പോസ്റ്റൽ നികുതി വ്യവസ്ഥയെ സംബന്ധിച്ച് ഒരു പുസ്തകം രചിക്കുകയും ചെയ്തിട്ടുണ്ട്.

അൽ ഇദ്‌രീസിയുടെ ഇസ്‌ലാമിക കാലഘട്ടത്തിനു മുമ്പുള്ള രണ്ട് ഭൂമിശാസ്ത്രകാരന്മാരിൽ ഒരാൾ പൗലൂസ് ഓറോസിയസ് ആണ്. 5-ാം നൂറ്റാണ്ടിൽ സ്പെയിനിൽ ജീവിച്ച ഇദ്ദേഹത്തിന്റെ പുസ്തകത്തിൽ ഭൂമിശാസ്ത്രത്തെ പറ്റി ചിത്രീകരണങ്ങളുണ്ട്. മറ്റൊരാൾ രണ്ടാം നൂറ്റാണ്ടിൽ ജീവിച്ച ഭൂമിശാസ്ത്രം എന്ന ഗ്രന്ഥം രചിച്ച ടോളമിയുടേതാണ്. ക്ലാസിക്കൽ ഭൂമിശാസ്ത്രകാരന്മാരായ ഇവരുടെ രചനകൾ മുഴുവൻ യൂറോപ്പിനു നഷ്ടമായെങ്കിലും അറബിക് വിവർത്തനങ്ങളിലൂടെ മുസ്‌ലിം ലോകം അത് പരിരക്ഷിക്കുകയുണ്ടായി.

*(തുടരും)*

●

---

*(15-ാം പേജിൽ നിന്ന് തുടർച്ച)*

നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ മറുപടി പറഞ്ഞു: 'നിങ്ങൾക്കറിയാത്തത് എനിക്കറിയാം.' (സൂറഖറ 31-ാം വാക്യം)"

മനുഷ്യകുലത്തിന് ആദ്യമായി നിയമസംഹിത കൊണ്ടുവന്നത് ആദമായിരുന്നു. ആദം ആദ്യത്തെ മനുഷ്യനായിരുന്നില്ല. പുരാണങ്ങളിൽ കാണുന്ന അതേ രീതിയവലംബിച്ചുകൊണ്ട് ആദ്യമായി ജീവിച്ചത് ആദമായിരുന്നുവെന്നും അദ്ദേഹത്തിന് മുമ്പുള്ള മനുഷ്യർക്ക് മാർഗ്ഗദർശനമായി ദൈവിക നിയമം ഉണ്ടായിരുന്നില്ലെന്നും വാദിക്കാവുന്നതാണ്. ഒരിക്കൽ ഒരു നിയമം മനുഷ്യന്റെ മേൽ ചുമത്തിയാൽ സ്വാഭാവികമായും അവർ അതിനെ ലംഘിച്ച് പാപികളാവുമെന്നും അതിന് മുമ്പ് മനുഷ്യന് മനസ്സാക്ഷിയില്ലാതെയും പാപത്തെക്കുറിച്ചുള്ള ധാരണയില്ലാതെയും പ്രവർത്തിക്കുമായിരുന്നു എന്നത് കൊണ്ടായിരിക്കാം, ഒരു പ്രതിനിധിയെ നിശ്ചയിക്കുന്നതിൽ മലക്കുകൾ പ്രകടിപ്പിച്ച ഭയം എന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു.

ഒരു ജനതക്കും അവരുടെ കഴിവിനപ്പുറമുള്ള ഭാരം ചുമത്തപ്പെടുന്നതല്ലെന്ന് വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു. സ്രഷ്ടാവിന്റെ മാർഗ്ഗദർശനമില്ലാതെ ഒരു ജനതയും ജീവിച്ചിട്ടില്ല. ഇതിന്റെ സൂചന ഒന്നാമതായി ആദമിന്റെ കാലംവരെ മനുഷ്യന് ദൈവികനിയമം മനസ്സിലാക്കാനുള്ള കഴിവുണ്ടായിരുന്നില്ല എന്നും വെളിപാടിന്റെ പ്രക്രിയ ആരംഭിച്ചശേഷം മദ്ധ്യപൗരസ്ത്യ ദേശങ്ങളിലെയും ഏഷ്യയിലെയും ജനങ്ങൾ മാത്രമായിരുന്നില്ല അതിന്റെ ഗുണഭോക്താക്കൾ എന്നുമാണ്. അതേപ്രകാരം ആഫ്രിക്കയിലേയും ആസ്ത്രേലിയയിലെയും അമേരിക്കയിലെയും ജനങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ ദൈവികമാർഗ്ഗദർശനം ലഭിച്ചിരുന്നു.

ഇത് രണ്ടുവിധത്തിൽ ബൈബിളിലെ വിവരണവുമായി വ്യത്യസ്തമാണ്. ഒന്നാമതായി ആദം ആദ്യത്തെ മനുഷ്യനായി ഗണിക്കപ്പെടുന്നില്ല. മതത്തോടുകൂടിയുള്ള ആദ്യത്തെ മനുഷ്യനായിരുന്നു അദ്ദേഹം. മദ്ധ്യപൗരസ്ത്യദേശങ്ങളിലെ ജനങ്ങൾക്ക് മാത്രമായിരുന്നില്ല വെളിപാട് ലഭിച്ചത്. മനുഷ്യവർഗ്ഗത്തിന് മുഴുവനും അവർക്കനുയോജ്യമായ വിധത്തിൽ വെളിപാട് ലഭിച്ചിരുന്നു. ലഭിച്ച സന്ദേശം ലോകത്തിലെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്തമായ സങ്കീർണ്ണതകളോടെയായിരിക്കാം. എന്നാൽ അവ പരസ്പര വിരുദ്ധമായിരുന്നില്ല. ലോകംമുഴുവനുമുള്ള പരമ്പരാഗത വിശ്വാസങ്ങളിൽ സ്വർഗ്ഗനരകങ്ങളെക്കുറിച്ചുള്ള വിഷയം ഉണ്ടായിരിക്കണമെന്നത് തികച്ചും ബുദ്ധിപൂർവ്വകമാണ്. ശരിയായ വിശദ വിവരങ്ങൾ കാലപ്പഴക്കത്താൽ വികൃതമായതാവാം. പക്ഷേ അതിന്റെ അടിസ്ഥാനതത്വങ്ങൾ ഒന്നുതന്നെയായിരുന്നു.

**(വിവ: കെ.വി. എച്ച്. )**

●

ലേഖനം

# ഹൃദയവും മനസ്സും

ഹസ്റത്ത് അഹ്മദ് (അ)

## ആത്മീയ ജ്ഞാനികൾക്ക് മാത്രം തിരിച്ചറിയാവുന്ന ഹൃദയ - മനസ്സുകളുടെ വ്യത്യസ്തകളെക്കുറിച്ച് വാഗ്ദത്ത മസീഹ് (അ)

മനുഷ്യ ശരീരത്തിൽ അല്ലാഹു മൂന്ന് നിയന്ത്രണഘടകങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മനസ്സ്, ഹൃദയം, നാവ് എന്നിവയാണവ. മനസ്സ് കാര്യകാരണ വിവേചനവും വിവേകവും പ്രയോഗിക്കുന്നു. മനസ്സ് സദാസമയവും പുതിയ ആശയ രൂപീകരണങ്ങളിലും, വിശദീകരണങ്ങളിലും വ്യാപൃതമായിരിക്കും. വിവിധ ആസൂത്രിത പദ്ധതികളുടെയും രചനകളുടെയും ഫല സിദ്ധിയെക്കുറിച്ചും പര്യവസാനഫലത്തെക്കുറിച്ചും വിലയിരുത്തുന്ന ജോലി മനസ്സിന്നാണ് നൽകപ്പെട്ടിരിക്കുന്നത്. മറിച്ച് ഹൃദയമാവട്ടെ ആ മുഴു വ്യക്തിയുടെയും യജമാനനാവുന്നു. ഹൃദയത്തിന് വാദങ്ങളുടെയും തെളിവുകളുടെയും ആവശ്യമില്ല. കാരണം അതിന് രാജാധിരാജനും സർവ്വ ശക്തനുമായ അല്ലാഹുവുമായാണ് ബന്ധം പുലർത്തുന്നത്. ആ കാരണത്താൽ ഹൃദയം പലപ്പോഴും സുവ്യക്തവും പ്രകടവുമായ വെളിപാടുകളാലും, മറ്റ് ചിലപ്പോൾ രഹസ്യവും ഗോപ്യവുമായ വെളിപാടുകളാലും ബോധവൽക്കരണ വിധേയമാവാറുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനസ്സ് ഒരു വസീർ-മന്ത്രിയാണ്. മന്ത്രിമാർ രാജ്യതന്ത്രജ്ഞന്മാരാണ്. ഈ നിലക്ക് മനസ്സ് പല വിധ ആശയങ്ങളും, പദ്ധതികളും പോം വഴികളും ആസൂത്രണം ചെയ്യുന്നതിലും അവയുടെ അനന്തര ഫലങ്ങൾ വിലയിരുത്തുന്നതിലും വ്യാപൃതമായിരിക്കും. ഹൃദയത്തിന് ഇത്തരം കാര്യങ്ങളുമായിയാതൊരു ബന്ധവുമില്ലതന്നെ.

ഹൃദയത്തിൽ അല്ലാഹു അന്ത: പ്രേരിതമായ ഒരു സഹജജ്ഞാന ശക്തി നിക്ഷേപിച്ചിരിക്കുന്നു. ഉറുമ്പ് മധുരമുള്ളിടത്ത് എത്തുന്നത് ഈ സഹജജ്ഞാനം കാരണമാണ്. അവിടെ മധുര വസ്തുക്കളുണ്ടെന്നതിന്, ഉറുമ്പിന് യാതൊരു ബുദ്ധിപരമായ തെളിവും ആവശ്യമില്ല തന്നെ. അതിനെ അവിടേക്ക് നയിക്കുന്നത് അല്ലാഹുനൽകിയ ഈ നൈസർഗ്ഗിക ബോധം മാത്രമാണ്. ഈ അർത്ഥത്തിൽ ഹൃദയവും ഉറുമ്പിനെപ്പോലെയാണ്. ഹൃദയത്തിനും അതിനെ നയിക്കുന്ന ഒരു അന്ത: പ്രേരിത ബോധമുണ്ട്. തെളിവുകളും, വാദങ്ങളും, നിഗമനങ്ങളും ഭവിഷ്യത്തുകളുമല്ല ഹൃദയത്തെ നയിക്കുന്നത്. മനസ്സിന്, ഹൃദയത്തിന്നാവശ്യമുള്ള തെളിവുകൾ നൽകുവാൻ കഴിയുമെന്നതും, മനസ്സ് അത്തരം തെളിവുകൾ ഹൃദയത്തിന് നൽകുന്നുവെന്നതും മറ്റൊരു കാര്യമാണ്.

ഹൃദയം എന്നതിന് പ്രകടമായ ഒരു ഭൗതിക അർത്ഥമുണ്ട്. ഹൃദയം എന്നതിന്റെ മറ്റൊരു അർത്ഥം തികച്ചും ആത്മീയവുമാണ്. ഹൃദയം (ഖൽബ്) എന്ന അറബി പദത്തിന്റെ ഭാഷാർത്ഥം കറങ്ങി തിരിഞ്ഞ് മടങ്ങിയെത്തുന്നത് എന്നാണ്. ശരീരത്തിൽ രക്തചംക്രമണം നടത്തുന്നതിന്റെ ജോലി ഹൃദയത്തിന്നായതുകൊണ്ടാണ് അതിനെ ഖൽബ് എന്ന് വിളിക്കുന്നത്. മനുഷ്യൻ ആർജ്ജിക്കുന്ന സകല പുരോഗതികളുടെയും ഉൽക്കർഷങ്ങളുടെയും നിദാനം ഹൃദയമാണ്. ആത്മീയാർത്ഥത്തിൽ ഖൽബ് എന്നതിന്റെ വിവക്ഷയും ഇതാണ്. ജീവസംരക്ഷണത്തിന് രക്തചംക്രമണം വളരെ പ്രധാനപ്പെട്ടതാണ് എന്നത് പോലെ തന്നെ ആത്മീയോൽകർഷവും ആത്മീയ ഹൃദയത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. മനസ്സ് കേവലം കാര്യകാരണ വിവേചനത്തിന്റെയും ന്യായാന്യായ വാദങ്ങളുടെയും തിരിച്ചറിയൽ കേന്ദ്രം മാത്രമാണ്. ഈ വസ്തുത അറിഞ്ഞ് കൂടാത്ത അക്ഷര വൈരികളും ചില ആധുനിക ചിന്തകന്മാരും സകല സൽപ്രവർത്തനങ്ങളുടെയും കേന്ദ്രം മനസ്സാണ് എന്നു വിലയിരുത്തുന്നു. ചിന്താശക്തിയുടെയും ഓർമ്മശക്തിയുടെയും പ്രഭവസ്ഥാനം മനസ്സാണ്. എന്നാൽ ഹൃദയത്തിന് സർവ്വാധിപത്യം നൽകുന്ന ചില സവിശേഷതകളുമുണ്ട്. കൗശലങ്ങൾ കണ്ടെത്തുകയും അവ പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഒരു പ്രകൃതമാണ് മനസ്സിന്നുള്ളത്. എന്നാൽ ഹൃദ

യത്തിന്റെ കാര്യത്തിൽ ഈ പ്രകൃതം കാണുന്നില്ല. അത് കൊണ്ട് തന്നെയാണ് ഹൃദയം 'റഈസുൽ അർശ്' മായി അതായത് സ്വർഗ്ഗീയ സിംഹാസനത്തിന്റെ അധിപനുമായി ബന്ധം പുലർത്തുന്നത്. തെളിവുകളുടെയും വാദങ്ങളുടെയും സഹായമില്ലാതെ തന്നെ തികച്ചും സഹജാവമായ; അന്തപ്രേരിതമായ നിലയിൽ ആത്മീയ സത്യങ്ങളെ തിരിച്ചറിയുവാൻ ഹൃദയത്തിന് കഴിയുന്നു. അതുകൊണ്ടാണ് തിരുനബി(സ) ''ഇസ്ത ഫിൽ ഖൽബ" നിന്റെ ഹൃദയത്തോട് ചോദിക്കുക എന്നരുളിയിരിക്കുന്നത്. നിന്റെ മനസ്സിനോട് ചോദിക്കുക എന്നല്ല തിരുനബി (സ) അരുളിയിരിക്കുന്നത്.

ദൈവികപാശം ഹൃദയവുമായാണ് ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത്. ഇതൊരു അതിശയോക്തിയായി ആരും കരുതരുത്. ഇത് തീർച്ചയായും വിഷമകരവും ദുർഗ്രാഹ്യവുമായ ഒന്നാണ്. എന്നാൽ ഹൃദയത്തിന് അത്തരം ദിവ്യഗുണങ്ങൾ ഉണ്ടെന്ന വസ്തുത ഹൃദയനൈർമല്യമുള്ള വർക്ക് അറിയാവുന്നതുമാണ്. ഹൃദയത്തിന് അത്തരം സവിശേഷതകളില്ലായിരുന്നുവെങ്കിൽ മനുഷ്യാസ്തിത്വം തന്നെ നിഷ്പ്രയോജനകരമാണെന്ന് ഗണിക്കേണ്ടിവരുമായിരുന്നു. ഹൃദയം പ്രകാശ സ്തംഭങ്ങളുടെ രൂപത്തിൽ ആകാശത്തേക്ക് പ്രഭചൊരിയുന്നതായി സൂഫികൾക്കും, ആത്മീയാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നവർക്കും നന്നായി അറിയാവുന്നതാണ്. ഈ അനുഭവം അസന്ദിഗ്ദ്ധവും നന്നായി സാക്ഷീകരിക്കപ്പെട്ടതുമാണ്. പ്രത്യേക ഉദാഹരണങ്ങൾ എടുത്തുദ്ദരിക്കാൻ എളുപ്പമല്ല. എന്നാൽ അത്തരം അനുഷ്ടാനങ്ങളിൽ മുഴുകിയവരുടെയും സായൂജ്യത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ അതായത് ധ്യാനവൈവശ്യത്തിലൂടെ (മിസ്റ്റിക്ക് വീഥികളിലൂടെ) സഞ്ചരിക്കുന്നവരുടെയും അനുഭവത്തിന്റെയടിസ്ഥാനത്തിൽ ഇത് തികച്ചും യാഥാർത്ഥ്യമാണ്. അർശിനെയും, ഹൃദയത്തെയും, അതായത് ദൈവികസിംഹാസനത്തേയും ആത്മീയ ഹൃദയത്തെയും ബന്ധിപ്പിക്കുന്ന ലോലമായ ഒരു പാശമുണ്ട്. ഈ അവസ്ഥയിൽ നാഥനായ അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന കൽപനകളിൽ ഹൃദയം പുളകം കൊള്ളുന്നു. അതൊരിക്കലും ബാഹ്യമായ തെളിവുകളിലും, ദൃഷ്ടാന്തങ്ങളിലും അധിഷ്ഠിതമായതല്ലതന്നെ. ഹൃദയം മുൽഹിം-അതായത് ദിവ്യവെളിപാടുകളുടെ സ്വീകരണ ഗ്രാഹിയായിത്തീരുകയും ആന്തരികമായി അല്ലാഹുവുമായി സംവദിക്കുകയും ദൃഢബോധ്യം വരുകയും ചെയ്യുന്നു. എന്നാൽ ഹൃദയം വെറുമൊരു അവയവം മാത്രമായി നിലകൊള്ളുന്നിടത്തോളം കാലം, താഴെപറയുന്ന ഖുർആൻ വാക്യത്തിലുദ്ധരിക്കുന്ന അവസ്ഥക്കുള്ള ഒരു തെളിവായിത്തീരുക മാത്രമെ ചെയ്യുന്നുള്ളു.

"ലൌകുന്ന നസ്മഹു അവ് നഅ്ഖിലു'' ഞങ്ങൾ കേൾക്കുകയോ ചിന്തിച്ച് മനസ്സിലാക്കുകയോ ചെയ്തിരുന്നുവെങ്കിൽ" (67:11) അതായത് മാനസികവും ഹൃദയപരവുമായ കഴിവുകൾ ഇല്ലാത്ത ഒരവസ്ഥ സംജാതമായിത്തീരുന്ന ഒരു സമയം വന്നെത്തുന്നു. പിന്നീട് മനസ്സ് അതിന്റെ ശക്തിയും കഴിവുകളും പരിപുഷ്ടമാക്കുന്ന സമയം വന്നെത്തുമ്പോൾ ഹൃദയം പ്രകാശം കൊണ്ട് നിറഞ്ഞ് പ്രഭാപൂരിതമാകുന്ന സന്ദർഭം കൈവരുകയും ചെയ്യുന്നു. ഹൃദയത്തിന് പ്രാമുഖ്യം കൈവരുമ്പോൾ മനുഷ്യന് ആദ്ധ്യാത്മിക പക്വത കൈവരുകയും ഹൃദയം മനസ്സിന്മേൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ മനസ്സിന് ഹൃദയത്തിന്മേൽ നിയന്ത്രണമുണ്ടായിരിക്കുകയില്ല. മനസ്സിന്റെ വിവിധങ്ങളായ ഘട്ടങ്ങളും അവസ്ഥയും വിശ്വാസികളുടെ മാത്രം സവിശേഷതയല്ലെന്ന് ഓർക്കേണ്ടതുണ്ട്. ഹിന്ദുക്കളടക്കം എല്ലാവരും മനസ്സിനെ നന്നായി ഉപയോഗപ്പെടുത്തുന്നവരാണ്. ഭൗതിക കാര്യങ്ങളിലും വ്യാപാര ബിസിനസ്സുകളിലും വ്യാപൃതരായവർ മനസ്സിനെ പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്. അത് കാരണം അവരുടെ മാനസിക കഴിവുകൾക്ക് പരിപൂർണ്ണമായും വളർച്ചയും വികാസവും പ്രാപിക്കുന്നു. അവരുടെ വ്യാപാര പുരോഗതിക്കായി ദിനം തോറും പുതിയ പദ്ധതികളും നിർമ്മിതികളും നടത്തുന്നു. യൂറോപ്പിലും, മറ്റ് പുതിയ നാടുകളിലും ജനങ്ങൾ അവരുടെ മാനസിക കഴിവുകൾ എത്ര നല്ല രീതിയിലും ആവൃത്തിയിലുമാണ് ഉപോഗപ്പെടുത്തിയിരിക്കുന്നതെന്നും, എത്രയെത്ര നൂതന നിർമ്മിതികളാണ് നടത്തിയിരിക്കുന്നതെന്നും നിങ്ങൾക്ക് കാണാവുന്നതാണ്.

**ഈ അവസ്ഥയിൽ നാഥനായ അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന കൽപനകളിൽ ഹൃദയം പുളകം കൊള്ളുന്നു. അതൊരിക്കലും ബാഹ്യമായ തെളിവുകളിലും, ദൃഷ്ടാന്തങ്ങളിലും അധിഷ്ഠിതമായതല്ലതന്നെ. ഹൃദയം മുൽഹിം-അതായത് ദിവ്യവെളിപാടുകളുടെ സ്വീകരണ ഗ്രാഹിയായിത്തീരുകയും ആന്തരികമായി അല്ലാഹുവുമായി സംവദിക്കുകയും ദൃഢബോധ്യം വരുകയും ചെയ്യുന്നു.**

എന്നാൽ ഹൃദയം അതിന്റെ പ്രവർത്തനം നടത്തുമ്പോൾ ആ വ്യക്തി പൂർണ്ണമായും അല്ലാഹുവിന്റെതായിത്തീരുന്നു. ആ സമയത്ത് സകല നിയന്ത്രണ ഘടകങ്ങളും ഹൃദയത്തിന്റെ നിയന്ത്രണത്തിലും ആധിപത്യത്തിലുമായിത്തീരുന്നു. അപ്പോൾ ഹൃദയം പൂർണ്ണമായും കഴിവുറ്റതും നിയന്ത്രണ സ്വഭാവമുള്ളതുമായിത്തീരുന്നു. മനുഷ്യൻ പരിപൂർണ്ണത പ്രാപിക്കുന്ന ഘട്ടമാണിത്. അപ്പോഴാണ് മനുഷ്യൻ ഖുർആൻ പ്രസ്താവിക്കുന്നത്പോലുള്ള ജീവിക്കുന്ന ദൃഷ്ടാന്തമായിത്തീരുന്ന

തയും അജ്ഞതയും കാരണമായി ജനങ്ങൾ ആത്മാവിന്റെ പ്രാധാന്യത്തെക്കുറിച്ച് വിലയിരുത്താറില്ല. അവർ അവരുടെ ആത്മാവിനെ തടവറയിലിട്ട് കൊണ്ട്, ലൗകികാനുഭവത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ട വിവിധ ചങ്ങലകൾ കൊണ്ട് ഹൃദയത്തെ ബന്ധിക്കുകയും ചെയ്യുന്നു. ആത്മാവിന്റെ വിശുദ്ധിയെയും പ്രകാശത്തെയും അപകടമാംവിധം അന്ധകാരാവൃതമാക്കുകയും, തിരിച്ചറിയാൻ സാദ്ധ്യമല്ലാത്ത രീതിയിൽ അതിനെ അതാര്യമാക്കുകയും ചെയ്തതിന്റെ പരിണിതഫലമാണിത്. എങ്കിലും ആ വ്യക്തി പശ്ചാത്തപിച്ച്കൊണ്ട്, അശുദ്ധിയുടെ കറുത്ത വസ്ത്രം അഴിച്ച് മാറ്റിക്കൊണ്ട് ദൈവസവിധത്തിലേക്ക് തിരിച്ച് വരുന്നുവെങ്കിൽ ഹൃദയ പ്രകാശം ദീപ്തമാവുകയും ധാർമികതയുടെ ഉന്നത ശ്രേണിയിൽ എത്തിച്ചേരുന്നത്വരെ അയാൾ യഥാർഥദൈവസ്രോതസ്സിലേക്ക് ചലിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. ഈ അവസ്ഥയിൽ സകലവിധ അശുദ്ധികളും ദൂരീകരിക്കപ്പെട്ട് അയാൾ കേവലം കലിമത്തുള്ള മാത്രമായിത്തീരുന്നു. എല്ലാവർക്കും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയാത്ത ആത്മീയതയുടെ അവഗാഹമായ അവബോധത്തിന്റെ ഉൽകൃഷ്ടവും ദുർഗ്രഹവുമായ ഒരു ബിന്ദുവാണിത്.

(മൽഫൂസാത്ത് Vol-1 P.404-408)

●

(7-ാം പേജിൽ നിന്ന് തുടർച്ച)

വാസ്തവത്തിൽ ഹസ്റത്ത് ഇബ്രാഹിം നബി (അ) യുടെ മതത്തിൽ നിന്നും രൂപം കൊണ്ടതാണ് എല്ലാ മതങ്ങളും. കഅ്ബ എന്നത് അവരുടെ സംഗമസ്ഥാനവുമായിരുന്നു. പിൽക്കാലത്ത് വ്യത്യസ്തതകൾ ആവിർഭവിച്ചു. പക്ഷേ അവസാനമായി മനുഷ്യവംശം ഇസ്ലാമിന്റെ, കൊടിക്കീഴിൽ പുനരൈക്യപ്പെടുവാൻ വിധിക്കപ്പെട്ടിരിക്കുന്നു. അതിനാൽ റമദാൻ മനുഷ്യവംശത്തിന് മുഴുവൻ മാർഗ്ഗദർശനമായി വരുന്നു. ഖുർആൻ തികവാർന്നതും സമഗ്രവുമായ ഒരു മാർഗ്ഗദർശനമാകുന്നു. റമസാന്റെ അതുല്യമായ പ്രത്യേകത എന്തെന്നാൽ മുഹമ്മദ് നബി (സ) റമദാൻ മാസത്തിലെ വ്രതാനുഷ്ഠാനത്തെപറ്റിയുള്ള സമഗ്രമായ അദ്ധ്യാപനങ്ങൾ നൽകിയിരിക്കുന്നു എന്നതാണ്. അതിനുമുമ്പ് ഒരു മതവും തന്നെ വ്രതാനുഷ്ഠാനത്തെപറ്റി ഇത്രയും വിശദവും സൂക്ഷ്മവുമായ പെരുമാറ്റ ചട്ടങ്ങൾ നൽകിയിരുന്നില്ല. റമദാനെ പറ്റി വിശുദ്ധ ഖുർആൻ സമർപ്പിച്ച അദ്ധ്യാപനങ്ങൾ പൊതുവായി ഉന്നതമായ ആത്മീയ സ്ഥാനത്തേക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ്. അതുകൊണ്ടാണ്അതിനെ മാർഗ്ഗനിർദ്ദേശത്തിനുള്ള വ്യക്തമായ തെളിവുകൾ എന്ന് വിവരിക്കപ്പെട്ടിരിക്കുന്നത്. അത് വിശ്വാസികൾക്ക് ഉന്നതമായ മൂല്യങ്ങൾ പ്രദാനം ചെയ്യുന്നു. റമദാന് അനുകൂലമായ എല്ലാവാദമുഖങ്ങളും സമർപ്പിച്ചതിന് ശേഷം അല്ലാഹുവ്രതമനുഷ്ഠിക്കാൻ വേണ്ടി ആഹ്വാനം ചെയ്യുകയാണ്. ഇപ്പോൾ നിങ്ങൾക്ക് വ്രതത്തിന്റെ മഹത്വം മനസ്സിലായിട്ടുണ്ടാവും. നാം നിന്നോടു ഒരിക്കൽ കൂടി വ്രതമനുഷ്ഠിക്കാൻ ഉപദേശിക്കുന്നു എന്ന് അല്ലാഹു പറഞ്ഞു.

●

നോട് ഉണ്ടാവുക എന്ന് പറയുക മാത്രമാണ് അവന്റെ കൽപന. അങ്ങനെ അത് ഉണ്ടായിത്തീരുന്നു"

"കലിമത്തുള്ള"-അല്ലാഹുവിന്റെ വചനം എന്ന് ഈസാ(അ)നെക്കുറിച്ച് പയോഗിക്കപ്പെട്ടതിൽ പലർക്കും തെറ്റിദ്ധാരണകൾ ഉണ്ടായിട്ടുണ്ട്. യേശുവിന്റേതായ ചില പ്രത്യേകതകളും സവിശേഷതകളും കാരണമായാണ് അങ്ങനെ വിളിക്കപ്പെട്ടതെന്നാണ് അവർ കരുതുന്നത്. എന്നാൽ അങ്ങനെയല്ല. ഒരാൾ അയാളെ വലയം ചെയ്തിരിക്കുന്ന സകല വിധ മാലിന്യങ്ങളിൽ നിന്നും വൈകല്യങ്ങളിൽ നിന്നും, അയാളുടെ ആത്മാവിന്റെ അന്ധകാരത്തിൽ നിന്നും തികച്ചും നിർമ്മലീകരിക്കപ്പെട്ട് ഉയിർത്തെഴുന്നേൽക്കപ്പെടുന്ന ഏതൊരു മനുഷ്യനും ഈ സംജ്ഞ (അതായത് കലിമത്തുള്ള എന്ന സ്ഥാനം) ബാധകമാകാവുന്നതാണ്. അത്രയും ശ്രേഷ്ഠമായ രീതിയിൽ ഹൃദയ നൈർമല്യം കൈവരുമ്പോൾ ഒരാൾ "കലിമത്തുള്ള" ദൈവവചനമായിത്തീരുന്നു.

ദൈവകൽപനക്ക് അധീനമായി, "അംറീറബീ" എന്ന ദൈവകൽപനയാൽ ഉണ്ടായിത്തീരുന്നു എന്ന് വിശുദ്ധ ഖുർആൻ പരാമർശിച്ച ഒരു ആത്മാവ് മനുഷ്യനിൽ ഉള്ളത് കൊണ്ടാണ് മനുഷ്യൻ അല്ലാഹുവിന്റെ വചനമായിത്തീരുന്നത് എന്ന് നിങ്ങൾ ഓർക്കേണ്ടതുണ്ട്. എന്നിട്ടും മൂഢത്. അല്ലാഹുപറയുന്നു: "നഫജതു ഫീഹമിൻ റൂഹിം" "എന്റെ ചൈതന്യത്തിൽ നിന്നൊരംശം ഞാൻ അവനിൽ ഊതുകയും ചെയ്തു" (15:30)

മലക്കുകൾപോലും മനുഷ്യന് മുമ്പിൽ കുമ്പിടുന്ന നിമിഷങ്ങളാണിത്. അപ്പോൾ അയാൾ ഒരു പുതുമനുഷ്യനായിത്തീരുന്നു. അവന്റെ ആത്മാവ് സന്തോഷവും സംതൃപ്തിയും കൊണ്ട് നിറഞ്ഞ് തുളുമ്പുന്നു. ഈ ആനന്ദത്തിനും സന്തോഷത്തിനും ഒരു വ്യഭിചാരിയുടെ ഇന്ദ്രിയസുഖത്തോടും കർണ്ണാനന്ദകരമായ സംഗീതാസ്വാദന സുഖത്തോടും ഒരിക്കലും സാദൃശ്യമില്ല എന്നത് പ്രത്യേകം ഓർക്കേണ്ടതുണ്ട്. അത്തരം സുഖങ്ങളുമായി ഉപമിച്ച് കബളിപ്പിക്കപ്പെടുകയുമരുത്. അല്ലാഹുവെക്കുറിച്ചുള്ള ചിന്തയിലും സ്മരണയിലും ഒരുവന്റെ അസ്തിത്വം തന്നെ ഉരുകി ജലംപോലെ പ്രവഹിക്കുമ്പോഴാണ് ആത്മനിർവൃതിയും ആനന്ദവും ലഭ്യമാവുന്നത്. ആ അവസ്ഥയിലാണയാൾ കലിമയായി അതായത് വചനമായിത്തീരുന്നത്. അപ്പോൾ ഖുർആൻ സൂക്തങ്ങളുടെ സത്ത അഥവാ അന്തസ്സാരം അയാളിൽ പ്രവർത്തിക്കുവാൻ തുടങ്ങുന്നു.

"ഇന്നമാ അംറുഹു ഇദാ അറാദ ശൈഅൻ അൻ യഖൂല ലഹു കുൻഫയകൂൻ (36:83) "തീർച്ചയായും അവൻ ഒരു വസ്തുവിനെ ഉദ്ദേശിച്ചാൽ അതി

ലേഖനം

# ഖുർആനും ബൈബിളും അവ അവതരിപ്പിക്കപ്പെട്ട ഭാഷകളും

ഏ. ക്യു. മഹ്ദി

**ഖുർആൻ അവതരിച്ച മൂലപദ സമ്പന്നമായ അറബി ഭാഷയിൽ നിന്നും അന്യഭാഷകളിലേക്ക് പദങ്ങൾ സ്വാംശീകരിക്കപ്പെട്ടിട്ടുണ്ട്.**

ഭൂമിയിൽ മനുഷ്യ ജീവിതം മൊട്ടിട്ട നാൾമുതൽ, വീണ്ടും എത്രയോ നീണ്ട കാലത്തിനു ശേഷം മാത്രമാണ്, പരസ്പരം ആശയവിനിമയം നടത്താനുതകുന്നതരത്തിൽ ഭാഷയുടെ ജനനം തന്നെ ഉണ്ടായതെന്നു ഭാഷാശാസ്ത്രം പറയുന്നു. ഭാഷയുടെ ജനനത്തിന് വളരെക്കഴിഞ്ഞാണ് ലിപികൾ അഥവാ അക്ഷരങ്ങൾ രൂപം പ്രാപിച്ചത്. ഭാഷ അടിസ്ഥാനപരമായി ഒരു വാചിക വൃത്തി (Verbal Behaviour) ആണ്. ലിപി അതിന്ശേഷമാണ് വികാസം പ്രാപിച്ചത്. ഭാഷാ സ്വനങ്ങളെ സങ്കേതന ചിഹ്നങ്ങളാക്കി (Encoding Sign) മാറ്റി വിനിമയത്തിന് ഉപയുക്തമാക്കുക എന്ന ധർമ്മമാണ് അക്ഷരങ്ങൾക്കുള്ളത്. അക്ഷരം ഭാഷയെ സംബന്ധിച്ചുള്ള പഠനത്തിൽ താരതമ്യേന അപ്രധാനമാണ്. ലിപി ഇല്ലാത്ത ഭാഷകളും നിലവിലുണ്ട്. ലോകത്തിന്ന് അത്തരം നിരവധി ഭാഷകൾ സംസാരിക്കപ്പെടുന്നുമുണ്ട്. നമുക്കറിയാവുന്ന ഒരുദാഹരണം, ഗൗഡസാരസ ബ്രാഹ്മണർ സംസാരിക്കുന്ന കൊങ്ങിണി ഭാഷയാണ്. ഇത്, തെക്കൻ കർണ്ണാടകത്തിലെ കൊങ്കൺ ദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേക്ക് കുടിയേറിപ്പാർത്ത കൊങ്ങിണി ബ്രാഹ്മണർ സംസാരിക്കുന്ന, അടുത്ത കാലം വരെ ലിപിയില്ലാതിരുന്ന ഭാഷയാണ്. സമീപകാലത്ത്, കൊങ്ങിണി ഭാഷയ്ക്ക് ലിപി തയ്യാറാക്കപ്പെടുകയുണ്ടായി.

ഭാഷയുടെ ചരിത്രപ്പടവുകളിലൂടെ പിന്നിലേക്കൽപ്പം ഇറങ്ങിയാൽ, ഇതിനകംതന്നെ നിരവധി ഭാഷകൾ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തതായി കാണാൻ കഴിയും. എന്നാൽ ഈ പൗരാണിക ഭാഷകളിൽ അർത്ഥസമ്പുഷ്ടിയോടെ ഇന്നും നിലനിൽക്കുന്ന ഏകഭാഷയാണ് അറബി. ധാത്വാർത്ഥ സമ്പന്നമായ അറബി ഭാഷക്ക് ഏത് സൂക്ഷ്മമമായ മനുഷ്യ ഭാവങ്ങളെയും ആവിഷ്കരിക്കാനുള്ള ശേഷിയുണ്ട്. പരിശുദ്ധ ഖുർആന്റെ അവതരണം അറബിഭാഷയിലായിരുന്നുവെന്നതുകൊണ്ടുതന്നെ, മുസ്ലിംകൾക്ക് ആ ഭാഷയോട് വൈകാരികവും, ആത്മീയവുമായ ഒരടുപ്പമുണ്ട് .

മൂല പദ കോശങ്ങളാൽ അനുഗൃഹീതമായ അറബി ഭാഷയും മലയാളവും തമ്മിൽ പൗരാണിക കാലം മുതൽക്കേ വിനിമയങ്ങളുണ്ടായിട്ടുണ്ട്. ഈ സമ്പർക്കം മൂലം ധാരാളം അറബി പദങ്ങൾ മലയാളത്തിലേക്ക് സ്വാംശീകരിക്കപ്പെട്ടിട്ടുണ്ട്. 'ഇങ്ക്വിലാബി'ൽ തുടങ്ങി, വക്കീൽ, വക്കാലത്ത്, മുൻസിഫ്, തഹസീൽദാർ, നക്കൽ, വസൂൽ, ഹൽവ, മഹൽ, നിക്കാഹ്, കരാർ, തസ്തിക, ബദൽ ........ എന്നിങ്ങനെ ആ പട്ടിക നീണ്ടുപോകുന്നു.

ലോകത്തിലെ ഭാഷകളെ 8 ഭാഷാ ഗോത്രങ്ങളായിട്ടാണ് ഭാഷാ ശാസ്ത്രജ്ഞന്മാർ തരം തിരിച്ചിട്ടുള്ളത്. അവ താഴെ പറയുന്നതാണ്. ഇൻഡോയൂറോപ്യൻ അഥവാ ആര്യൻ ഭാഷകൾ, സെമിറ്റക്ക്, ഹെമിറ്റിക്, ടൂറേനിയൻ, ചൈനീസ്, അമേരിക്കൻ, ഇന്ത്യൻ, ബാന്റുമലയോപോളിനേഷൻ. അതിൽ സെമിറ്റിക് ഗോത്രത്തിൽ മുപ്പതോളം പൗരാണിക ഉപഭാഷകൾ ഉൾപ്പെടുന്നുണ്ട്. അറബി, ഹിബ്രു, അക്കേദിയൻ, ബാബിലോണിയൻ, കനാനൈറ്റ്, ഫിനീഷ്യൻ, അരമായി തുടങ്ങിയവയാണത്. അക്കാഡമിക് ഭാഷാ വിജ്ഞാനീയത്തിൽ നിന്നും വിഭിന്നമായി വേദാതികാലം മുതൽ ഉണ്ടായിരുന്ന ഒരു ഭാഷയാണ് അറബി എന്നും ആ അറബിയാണ് ഭാഷകളുടെ മാതാവെന്നും ഏറ്റവും ശാസ്ത്രീയമായി വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ് (അ) ന്റെ 'മിനനുർറഹ്മാൻ' (റഹ്മാന്റെ ഔദാര്യം) എന്ന ഗ്രന്ഥത്തിൽ തെളിയിക്കുകയുണ്ടായി. ഭാഷാഗവേഷകന്മാരുടെ ശ്രദ്ധപതിയേണ്ട പരമപ്രധാനമായ വിഷയമാണ്. അറബി ഭാഷയുടെ ജനനത്തിന് എത്രയോ ശേഷമാണ് സെമിറ്റിക് ഗോത്രത്തിലെ

മറ്റു ഭാഷകളുടെ ആവി ർഭാവം. ദൈവത്തിന്റെ അനുഗ്രഹം നിറഞ്ഞ തലോടൽ ഉള്ള ഒരു വേദഭാഷയെന്ന നിലയിൽ അറബി നിലനിന്നപ്പോഴും, സെമിറ്റിക് ഗോത്രത്തിലെ മറ്റ് ഭാഷകളൊക്കെയും പ്രചാരത്തിലില്ലാത്ത മൃതഭാഷകളായി മാറി. ചിലവ അപഭ്രംശ രൂപത്തിൽ നിലനിൽക്കുന്നു. അറബി ഭാഷയാകട്ടെ ഇന്നും അതിന്റെ മൗലികമായ സവിശേഷത നിലനിർത്തുന്നു. ഈ അവസ്ഥ ലോ കാന്ത്യം വരെ നിലനിൽക്കുകയും ചെയ്യും.

കനാൻ ദേശത്ത് രൂപമെടുത്ത ലിപി സമ്പ്രദായത്തിന്റെ വികസിത രൂപമാണ് അറബിഭാഷയുടേത്. 28 വ്യഞ്ജനങ്ങൾ അടങ്ങിയതാണ് അറബി ഭാഷയുടെ അക്ഷരമാല. ഖുർആൻ അവതരിക്കുന്നതിനും വളരെ മുമ്പു തന്നെ അറബിലിപി മക്കയിൽ ഉപയോഗത്തിലുണ്ടായിരുന്നു. അറബി ഭാഷയ്ക്ക് രണ്ട് ഉപവിഭാഗങ്ങളുണ്ട്, തെക്കൻ അറബിയും വടക്കൻ അറബിയും. തെക്കൻ ഭാഷ ഇന്നു നിലവിലില്ല. വടക്കൻ അറബിയിൽ നിന്നാണ് ആധുനിക അറബിഭാഷ വികസിച്ചത്. ചങ്ങലപോലെ അക്ഷരങ്ങൾ പരസ്പരം കോർത്തുവച്ചെഴുതുന്ന അപൂർവ്വരീതിയാണ് അറബി ഭാഷയുടേത്. രണ്ടു തരം ലിപികളാണ് ഈ ഭാഷയിൽ പ്രചാരത്തിലുള്ളത്; ചതുരവടിവുള്ള കൂഫി, വളഞ്ഞ വടിവുള്ള നസ്ഖി എന്നിവ. പേർഷ്യൻ, സ്വാഹിലി, പഴയ തുർക്കി, മലഗാസി, മാലാവി എന്നിവയ്ക്കു പുറമേ ഉറുദു, കശ്മീരി തുടങ്ങിയ ഭാരതീയ ഭാഷകളും അറബി പോലെ വലത്തുനിന്നും ഇടത്തോട്ടാണ് എഴുതുന്നത്.

മൂന്നു വ്യത്യസ്ഥ വളർച്ചാഘട്ടങ്ങൾ അറബിഭാഷയ്ക്കുണ്ട്. ആദ്യകാല അറബി, ക്ലാസ്സിക്കൽ അറബി, ആധുനിക അറബി എന്നിവയാണവ. സിറിയൻ മരുഭൂമിയിൽ നിന്നും, അറേബ്യയുടെ വടക്കു ഭാഗത്തുനിന്നും, കിട്ടിയ പുരാലിഖിതങ്ങളൊക്കെത്തന്നെയും ആദ്യകാല അറബിയിലുള്ളതായിരുന്നു. ക്രിസ്തുവിന് മുമ്പ് എട്ടാം നൂറ്റാണ്ടുമുതൽ സിറിയ, ഫലസ്തീൻ, ഇറാഖ് തുടങ്ങിയ മേഖലകളിലെ വിവിധ അറബി ഗോത്രങ്ങൾ സംസാരിച്ചിരുന്നതും ഈ ആദ്യകാല അറബിയിലായിരുന്നു. ഇസ്‌ലാമിനു മുമ്പുണ്ടായിരുന്ന കവിതകൾ, ഖുർആൻ, ഏഴാം നൂറ്റാണ്ടു മുതൽക്കുള്ള അറബി സാഹിത്യം, തുടങ്ങിയവ ക്ലാസ്സിക്കൽ അറബി ശൈലിയിലുള്ളതായിരുന്നു. ഖുർആൻ ആണ് അറബിഭാഷയിലെ ഏറ്റവും ഉദാത്തമായ കൃതി. ഖുർആന്റെ ഭാഷ പവിത്രവും, ദൈവികവുമാണ്. അങ്ങനെ അറബി ഭാഷ മതപരവും ആരാധനാപരവുമായ തലങ്ങളിൽ പരക്കെ ഉപയോഗിക്കപ്പെട്ടു.

സെമിറ്റിക് ഗോത്രത്തിലെ ഭാഷകളിൽ ഹീബ്രുവിനും, അരമായിക്കും അറബിഭാഷയിൽ നിന്നുമാണ് പദങ്ങൾ ദാനം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് പൗരാണിക ഭാഷാപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ചില അറബിക് ഭാഷാ പദങ്ങളും അവയുടെ ഹീബ്രൂ/ അരമായി രൂപങ്ങളുമാണ് താഴെ കോളത്തിൽ കൊടുത്തിട്ടുള്ളത്.

| അറബി | ഹീബ്രു |
|---|---|
| ഇലാഹ് (ദൈവം) | എലോഹീം (ദൈവം) |
| ഈമാൻ (മതവിശ്വാസം) | ഏമൂൻ (വിശ്വാസം) |
| ജിബ്‌രീഈൽ (ഒരു മലക്ക്) | ഗബ്‌റീഏൽ (ഒരു മാലാഖ) |
| ജൻ (ജന്നത്ത് - പൂന്തോട്ടം) | ഗൻ (പൂന്തോട്ടം) |
| നഫ്സ് (ആത്മാവ്) | നെഫ്ശ് (ആത്മാവ്) |
| ശൈതാൻ (ഷൈത്താൻ) | സാത്താൻ (ചെകുത്താൻ) |
| സുൽത്താൻ (ചക്രവർത്തി) | ശിൽതോൻ (ചക്രവർത്തി) |
| തൗറാത്ത് (മൂസാനബിയുടെ വേദം) | തോറ (മോശയുടെ ന്യായപ്രമാണം) |
| നബി (പ്രവാചകൻ) | നാബി (പ്രവാചകൻ) |
| മഹർ (വിവാഹമൂല്യം) | മെഹീർ (വില) |
| കിതാബ് (ഗ്രന്ഥം) | കെതീബ് (എഴുതപ്പെട്ടത്) |
| മകാം (സ്ഥലം. ഉദാ: മകാമു ഇബ്‌റാഹീമു) | മാകോം (സ്ഥലം) |
| ഹബീബ്(സുഹൃത്ത്) | ഹോബാബ് (സുഹൃത്ത്) |
| റഹീം (കരുണയുള്ളവൻ) | റെഹൂം (കരുണയുള്ളവൻ) |
| അബ്ദു (അടിമ) | ഓബേദ് (സേവകൻ) |
| ഹജ്ജ് (മെക്കയിലേയ്ക്കുള്ള തീർത്ഥാടനം) | ഹാഗ് (ഉൽസവം) |
| സൂറ (കൽനിര - ഖുർ ആന്റെ അദ്ധ്യായം) | സൂർ (കല്ല്) |
| ഈദ (ഒരു പ്രത്യേക കാലയളവ്) | ഇദാൻ (സമയം) |
| ശഹാദത് (സാക്ഷ്യം) | സാഹദൂഥാ (സാക്ഷ്യം) |

പുരാതന ഭാഷാഗോത്രത്തെ സെമിറ്റിക് എന്നാണ് വിളിക്കുന്നതെന്ന് പറഞ്ഞുവല്ലോ. എന്താണീ സെമിറ്റിക്? 'ശേം' എന്ന പേരിൽ നിന്നാണ് സെമിറ്റിക് എന്ന പദത്തിന്റെ ഉത്ഭവം. ഉൽപ്പത്തി പുസ്തകത്തിലെ നോഹ (നൂഹു നബി) യുടെ മൂന്നു പുത്രന്മാരിൽ മൂത്തവനാണ് ശേം. ഗ്രീക്ക് ഭാഷയിൽ 'സേം' എന്നാണ് ഈ പേരിന്റെ ഉച്ചാരണം. ഗ്രീക്കിൽ 'ശ' എന്ന സ്വനമില്ല. സേമിന്റെ സന്താനപരമ്പരയിൽ പ്പെട്ടവർ സംസാരിക്കുന്ന ഭാഷകളാണ് സെമിറ്റിക് ഭാഷകൾ. എബ്രായരും, അരമീയരും, അസീറിയരും, ശേമിന്റെ പിൻതലമുറക്കാരാണ്. എന്നാൽ, കനാന്യർ, നോഹയുടെ രണ്ടാമത്തെ പുത്രനായ ഹാമിന്റെ സന്താനപരമ്പരയിൽ പെട്ടവരത്രേ. ഹാമിന്റെ പിൻഗാമികളുടെ ഭാഷകളെ ഹാമിറ്റിക് ഭാഷകളെന്നാണു പറയുന്നത്. സെമിറ്റിക് ഭാഷകൾക്ക് മലയാളത്തിൽ ശേമ്യഭാ

ഷകളെന്നും പറയാറുണ്ട്.

ഇങ്ങനെയുളള പൗരാണിക ഭാഷാചരിത്രം പരിശോധിച്ചാൽ, പൂർവ്വ ഭാഷകളുടെയൊക്കെ സമഗ്രമായ വികാസം ഏതെങ്കിലും പ്രവാചകന്മാരെയോ, പ്രവാചക പരമ്പരകളെയോ ആധാരമാക്കിയാണ് നടത്തപ്പെടുകയും, പ്രചാരത്തിലാവുകയും ചെയ്തതെന്ന് മനസ്സിലാകും.

സെമിറ്റിക് കാലംമുതൽ ഇന്നോളമുളള എല്ലാ ഭാഷകളും ഓരോ തരത്തിൽ അപ്രസക്തമോ, അപ്രത്യക്ഷമോ ആയപ്പോഴും പരിശുദ്ധ ഖുർആൻ എഴുതപ്പെട്ട അറബിഭാഷ ഇന്നും അർത്ഥസമ്പുഷ്ടിയോടെ തന്നെ നിലനിൽക്കുന്നുവെന്നത്, അറബി ഭാഷയ്ക്കുളള തികച്ചും ദൈവികമായ അനുഗ്രഹം നിറഞ്ഞ അംഗീകാരം കൊണ്ടു തന്നെയാവും. പരിശുദ്ധ ഖുർആന്റെ മാഹാത്മ്യം അറിയണമെങ്കിൽ അതിനുമുമ്പ് എഴുതപ്പെട്ട, വേദഗ്രന്ഥങ്ങളെന്നു കരുതപ്പെട്ടിരുന്ന മറ്റു പല പൗരാണിക ഗ്രന്ഥങ്ങളെപ്പറ്റിയും അറിഞ്ഞിരിക്കണം. ഗ്രീക്കിൽ പുസ്തകങ്ങൾ എന്നർത്ഥമുളള ബിബ്ലിയ (BIBLIA) എന്ന പദത്തിൽ നിന്നാണ് ബൈബിൾ എന്ന വാക്കിന്റെ ഉൽഭവം. ജൂത-ക്രിസ്തു മതങ്ങളുടെ പല വിശുദ്ധ പുസ്തകങ്ങൾക്കും കൂടി ബൈബിൾ എന്നു പറഞ്ഞു തുടങ്ങാൻ ഇടയായത് അങ്ങിനെയാണ്. അവയിലൊന്ന് ജൂതമതക്കാരുടെ തത്വസംഹിതയായ പഴയനിയമമാണ്. യേശുക്രിസ്തുവിന്റെയും ശിഷ്യന്മാരുടേയും ജീവിതകഥകൾ പ്രതിപാദിക്കുന്നതാണ് പുതിയ നിയമം.

ജൂതജനതയുടെ മതപരമായ അനുഭവങ്ങളുടെ സമഗ്രവിവരണം ഉൾക്കൊളളുന്ന, അത്യന്തം വ്യത്യസ്തമായ കാലഘട്ടങ്ങളിൽ 1300 വർഷം കൊണ്ടു പലരാൽ എഴുതപ്പെട്ട 39 വിവിധ ഗ്രന്ഥങ്ങളുടെ സമാഹാരത്തിനാണ് 'പഴയ നിയമം' എന്നുപറയുന്നത്. പഴയ നിയമത്തിലെ വിവിധ ഗ്രന്ഥങ്ങൾ മൂന്നു വിഭാഗങ്ങളിൽ പെടുന്നു. അവയിൽ ആദ്യത്തേത് ബി.സി. 10-ാം നൂറ്റാണ്ടുതൊട്ടുളള ഭാഗങ്ങൾ ഉൾക്കൊളളുന്നവയാണ്. ജൂതർ ഇതിനു 'നിയമം' എന്നുപറയുന്നു. പക്ഷെ, അത് വെറും നിയമസംഹിതയിൽ കവിഞ്ഞ പലതുമാണ്. ഉൽപ്പത്തി മുതൽക്കുളള മനുഷ്യകഥ, സൃഷ്ടി, പതനം, പ്രളയം തുടങ്ങി വാഗ്ദത്ത ഭൂമിയുടെ കണ്ടെത്തൽവരെ, ഒട്ടേറെ പൗരാണിക വസ്തുതകൾ ഈ വിഭാഗത്തിൽപെട്ട അഞ്ചു പുസ്തകങ്ങളിൽ (പഞ്ചഗ്രന്ഥി) അടങ്ങിയിരിക്കുന്നു.

കനാൻ എന്ന പേരിൽ പ്രസിദ്ധമായിരുന്ന പലസ്തീൻ പ്രദേശം ആക്രമണവിധേയമായുന്ന കാലംതൊട്ട്, ക്രിസ്തുവിന് മുമ്പ് 586-ൽ ജറൂസലേമിനു സംഭവിച്ച നാശവും ജൂതജനതയ്ക്കു അനുഭവിക്കേണ്ടിവന്ന രാജ്യഭ്രംശവും വരെയുളള ചരിത്രം, പല പ്രവാചകന്മാരെയും സംബന്ധിച്ച ഒട്ടേറെ കഥകൾ, ജീവചരിത്രപരമായ കുറേ വിവരങ്ങൾ, ഇവയെല്ലാമാണ് പ്രവാചക ഗ്രന്ഥങ്ങൾ എന്ന രണ്ടാം വിഭാഗത്തിലുളള പുസ്തകങ്ങളിലെ പ്രതിപാദ്യം.

മൂന്നാം വിഭാഗത്തിലും കഥാകഥനം ഉൽപത്തിതൊട്ടു തുടങ്ങുന്നുവെങ്കിലും വിവരം കുറേക്കൂടി പിന്നീടുളള കാലഘട്ടത്തിലേക്ക് നീളുന്നുണ്ട്. പല സംഭവങ്ങളുടെയും വിശദവിവരം, മനോഹരമായ ഒട്ടേറെ കവിതാഭാഗങ്ങൾ, പ്രാചീന ഇസ്രയേലിലെ ജീവിതത്തിന്റെയും സാംസ്കാരിക വിശേഷങ്ങളുടേയും ഹൃദ്യമായ വിവരണം, മികച്ച കാവ്യസൗന്ദര്യത്തിൽ പൊതിഞ്ഞ ദൃഢമായ ദൈവവിശ്വാസത്തിന്റെ പ്രകടനം, പ്രായോഗികവും സാന്മാർഗ്ഗികവുമായ തത്ത്വങ്ങളുടെ ആവിഷ്കരണം, നീതിനിഷ്ടനായ ഒരു മനുഷ്യനനുഭവിക്കേണ്ടി വരുന്ന യാതനകളുടേയും, അവനെ നേരിടുന്ന പരീക്ഷണ പരമ്പരകളുടേയും ഹൃദയ സ്പർശിയായ വിവരണം, തീവ്രമായ മനുഷ്യ പ്രേമത്തിന്റെ ഉദാത്തമായ വർണ്ണനം മുതലായവയാണ്, വിശുദ്ധ ലിഖിതങ്ങൾ എന്ന ഈ വിഭാഗത്തിൽ. ചരിത്രപരവും, നാടകീയവും, തത്വചിന്താപരവുമായ പലതരം രചനകളുടെ സമാഹാരവുമാണിത്. ഈ വിശിഷ്ട ഗ്രന്ഥങ്ങളൊക്കെ ഏറെ പൗരാണികത അവകാശപ്പെടുന്ന ഭാഷകളാൽ തന്നെ വിരചിതമായവയാണെങ്കിലും, പഴയ നിയമവും, പുതിയ നിയമവും, ബൈബിളുമൊക്കെ, ആശയത്തിലും അർത്ഥത്തിലും വളരെയധികം കലർപ്പുകൾക്കും കൈ കടത്തലുകൾക്കും വിധേയമായിട്ടുണ്ടെന്നും, അതിനാൽ അവയ്ക്ക് പരിപൂർണ്ണമായ വിശ്വസനീയത അവകാശപ്പെടാനാവില്ലെന്നുമാണ്, പ്രശസ് തരും നിഷ്പക്ഷമതികളുമായ പാശ്ചാത്യ-പൗരസ്ത്യ പൗരാണിക ഭാഷാപണ്ഡിതന്മാർ കലവറ കൂടാതെ പ്രഖ്യാപിച്ചിട്ടുളളത്. ക്രിസ്തീയ ജൂതമതാനുഭാവികളായിട്ടുകൂടിയും അവരീ സത്യം ഉറക്കെപ്പറയുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നത് പരിശുദ്ധ ഖുർആ ന്റെ മാഹാത്മ്യത്തെ മനസ്സിൽ അംഗീകരിച്ചു കൊണ്ടുതന്നെയാവണം.

പരിശുദ്ധ ഖുർആൻ പരിപൂർണ്ണവും അന്യൂനവുമായ ഒരു ദിവ്യഗ്രന്ഥമാണെന്നു അല്ലാഹുതന്നെ സാക്ഷ്യപ്പെടുത്തുന്നു. ഈ പരിശുദ്ധഗ്രന്ഥം അഭിസംബോധന ചെയ്യുന്നത്, അറബി സമൂഹത്തെ മാത്രമല്ല , മുഴുലോകത്തെയും മനുഷ്യകുലത്തെയൊട്ടാകെയുമാണ്. ഇത് ഒരു പരിപൂർണ്ണ ഗ്രന്ഥമാണെന്നതു കൂടാതെ, ഇതിലെ ഓരോ വാക്കും, വരിയും, ദൈവത്തിൽ നിന്നും നേരിട്ടു ലഭ്യമായ ദിവ്യബോധനങ്ങളുടെ അനാദൃശ സഞ്ചയമാണ്. പ്രപഞ്ചനാഥനായ അല്ലാഹു തന്നെയാണ് പരിശുദ്ധ ഖുർആന്റെ സംരക്ഷകനും. ഈ മഹത്തായ ഗ്രന്ഥത്തിലൂടെ സൃഷ്ടികർത്താവ് ദുരൂഹമായ ഒട്ടേറെ പ്രപഞ്ച രഹസ്യങ്ങളുടെ കവാടങ്ങൾ പോലും തുറന്നു തന്നിട്ടുണ്ട്. പരിശുദ്ധ ഖുർആന്റെ ആധികാരികതയും, സത്യസന്ധതയും നിലനിൽക്കുന്ന ഈ അവസ്ഥ, ഒരു മാറ്റവുമില്ലാതെ കാത്തുസൂക്ഷിക്കപ്പെടുമെന്നുളള അല്ലാഹുവിന്റെ വാഗ്ദാനം, ഖുർആൻ അവതരിപ്പിക്കപ്പെട്ട അറബിഭാഷയേയും ഏറ്റവും ഉയർന്ന സ്ഥാനത്തു തന്നെ നിലനിർത്തുമെന്നതിൽ സംശയമൊന്നുമില്ല. ആ അവസ്ഥയാകട്ടെ ലോകാന്ത്യം വരെ നിലനിൽക്കുമെന്നു നമുക്ക് ഉറപ്പായി വിശ്വസിക്കയും ചെയ്യാം.

# സ്വർഗ്ഗ നരകങ്ങൾ ഇസ്ലാമിന്റെ വീക്ഷണത്തിൽ

ഏ. പി. കുഞ്ഞാമു

**രോഗികളെ ചികിത്സിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ഒരു ആതുരാലയമാണ് നരകം എന്നു പറയാം.**

എല്ലാ മതങ്ങളിലും മരണാനന്തര ജീവിതത്തിലുള്ള വിശ്വാസമുണ്ട്. സൽകർമ്മങ്ങളോടുകൂടി സത്യവിശ്വാസത്തിനനുസരിച്ച് ജീവിക്കുന്നവർക്ക് സുഖ സമ്പൂർണ്ണമായ സ്വർഗ്ഗീയ ജീവിതം ലഭിക്കുമെന്നും പാപപങ്കിലമായ ജീവിതം നയിച്ചവർക്ക് അതിനുള്ള ശിക്ഷ ലഭിക്കുമെന്നും എല്ലാ മതങ്ങളും ഉൽഘോഷിക്കുന്നുണ്ട്. ഞാൻ ഇവിടെ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നതു മുസ്ലിംകളുടെ ഇതു സംബന്ധിച്ച വിശ്വാസത്തെ പറ്റിയാണ്.

സ്വർഗ്ഗ നരകങ്ങളെക്കുറിച്ച് യഹൂദരും, ക്രിസ്ത്യാനികളും അവകാശപ്പെടാറുള്ളതുപോലെ തന്നെയാണ് അഹ്മദികളല്ലാത്ത മുസ്ലിംകളും വിശ്വസിക്കുന്നത്. ഇവരുടെ വിശ്വാസമനുസരിച്ച് തങ്ങളുടെ മതത്തിൽപ്പെടാത്തവർ കാലാകാലം നരകത്തിലായിരിക്കും. അവരിൽ പെട്ട പാപികൾക്ക് നരകം ശാശ്വതമായിരിക്കുകയുമില്ല. കുടുംബ മാഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ സയ്യിദ് വംശത്തിലെ "തങ്ങൾ"മാരെന്നും അഹ്ലെബൈത്ത് എന്നും മുസ്ലിംകൾ വിളിക്കുന്നവരെ നരകം സ്പർശിക്കുകയില്ല എന്ന് ചിലർ വിശ്വസിക്കുന്നു. ഇതൊന്നും തന്നെ വിശുദ്ധ ഖുർആന്റെ പാഠങ്ങളുമായി പുലബന്ധംപോലും ഉള്ള വിശ്വാസങ്ങളല്ല. മറിച്ചു മുമ്പു വേദം നൽകപ്പെട്ടവരിലുള്ള ഇത്തരം വിശ്വാസങ്ങളെ വിശുദ്ധഖുർആൻ ഖണ്ഡിക്കുകയാണ് ചെയ്യുന്നത്. പൊതു മുസ്ലിംകളുടെ വിശ്വാസ പ്രകാരം മരണാനന്തരം അവരെ കബറുകളിൽ സംസ്കരിച്ച ഉടനെ രക്ഷാശിക്ഷയുടെ പ്രക്രിയകൾ ആരംഭിക്കുന്നതായിട്ടാണ് പറയപ്പെടുന്നത്. കബറിൽ മലക്കുകൾ വന്നു വിചാരണ ചെയ്യുമെന്നും അതിന് ശരിയായ നിലയിൽ ഉത്തരം പറയാത്തവർക്ക് കബറിൽ വെച്ചുതന്നെ ശിക്ഷ ലഭിക്കുമെന്നും ഉത്തരം പറയുന്ന സുകൃതവാന്മാരായുള്ളവർക്ക് സുഖ സമ്പൂർണ്ണമായ ജീവിതം ഉണ്ടാകുമെന്നും വിശ്വസിക്കുന്നു. ഈ അവസ്ഥ വിധിനാൾ വരെ നീണ്ടുനിൽക്കും. ലോകത്തുള്ള സർവ്വ ചരാചരങ്ങൾക്കും നാശമുണ്ടാകും. അതിനെ ഖിയാമത്ത് നാളെന്നു പറയുന്നു. അതിന് ശേഷം സംജാതമാകുന്ന വിധി നാളിൽ ജഡത്തോടുകൂടി മനുഷ്യരെ ഒരുമിച്ചു കൂട്ടുമെന്നും അതിന് ശേഷം ഓരോവ്യക്തിയെ പറ്റിയും വിചാരണ നടക്കുമെന്നും അതിൽ സുകൃതവാന്മാരെ സ്വർഗ്ഗത്തിലും, പാപികളെ നരകത്തിലും പ്രവേശിപ്പിക്കുമെന്നും പറയപ്പെടുന്നു. അവിടെ നരകവാസികൾക്ക് നല്കുന്ന പാനീയങ്ങൾ ഒന്നുകിൽ വെറുങ്ങലിച്ചുപോകുന്ന രൂപത്തിലുള്ള തണുത്തവെള്ളമോ, അല്ലെങ്കിൽ വായ്ക്കകത്ത് തൊലി ഉരിഞ്ഞുപോകുന്ന തരത്തിലുള്ള തിളക്കുന്ന വെള്ളമോ ആയിരിക്കും. കുടലുകൾ പോലും ദഹിച്ചുപോകുന്ന രൂപത്തിലുള്ള ആഹാരങ്ങളാണ് നല്കപ്പെടുക. എത്ര കഷ്ടപെട്ടാലും അവിടെ അതൊക്കെ സഹിക്കുകതന്നെ. ആരുടെ സഹായവും ലഭ്യമല്ല. തീ ജ്വാല കൊണ്ട് തൊലി ഉരിഞ്ഞുപോയാൽ പകരം തൊലി നല്കപ്പെടും. അവിടെ മൃത്യു ഇല്ല. കുറച്ചുകാലത്തെ ശിക്ഷകൾക്ക് ശേഷം മുസ്ലിംകളെ പിന്നീട് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുമെന്നും മറ്റുള്ളവർ ശാശ്വതമായി നരകശിക്ഷ അനുഭവിക്കേണ്ടിവരുമെന്നുമാണ് ഭൂരിപക്ഷ മുസ്ലിംകളും വിശ്വസിക്കുന്നത്. അതേപോലെതന്നെ സത്യവിശ്വാസവും സൽക്കർമ്മവും മുഖേന പുണ്യം സമ്പാദിച്ച സുകൃതവാന്മാരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചിരിക്കും.

താഴോരത്തുകൂടെ ഒഴുകുന്ന അരുവികളുള്ള തോട്ടത്തിൽ അവരെ പ്രവേശിപ്പിക്കും. അവിടെ അവർക്കു മണിമാളികകളും എല്ലാവിധ താമസ സൗകര്യങ്ങളും ഇഷ്ടപ്പെടുന്ന ഭക്ഷണപാനീയങ്ങളും സുന്ദരികളായ വിശാലാക്ഷികളെ ഭാര്യമാരായും ലഭിക്കും. സുകൃതവതികളായ സ്ത്രീക ൾക്കാണെങ്കിൽ സുന്ദരന്മാരായ പുരുഷന്മാരെ ഇണകളായി ലഭിക്കും. അങ്ങനെ എല്ലാവിധ ക്ഷേമൈശ്വര്യങ്ങളോടെ കാലാകാലം അവിടെ കഴിയാം. ചുരുക്കത്തിൽ പൊതുമുസ്‌ലിംകൾ വിശ്വസിക്കുന്ന തരത്തിലുള്ള രക്ഷാശിക്ഷയുടെ ഏകദേശരൂപമാണ് ഞാൻ മുകളിൽ പ്രതിപാദിച്ചത്. അങ്ങനെ ജഢികമായ ഒരു സ്വർഗ്ഗനരകത്തെയാണ് അവർ പ്രതീക്ഷിക്കുന്നത്. മുസ്‌ലിം പണ്ഡിതന്മാരുടെ പാതിരാ പ്രസംഗങ്ങളിൽ ഇത് സംബന്ധിച്ച കൊഴുപ്പിച്ച വർണ്ണനകൾ കേൾക്കാം.

മുസ്‌ലിംകളുടെ പല പിഴച്ച വിശ്വാസങ്ങളേയും തിരുത്താൻ ഈ കാലഘട്ടത്തിൽ മുസ്‌ലിംകൾക്കായി വാഗ്ദാനം ചെയ്യപ്പെട്ട മഹ്ദി മസീഹ് ഹസ്റത്ത് അഹ്‌മദ് (അ) അവതരിക്കുകയും പരലോകവിശ്വാസത്തിൽ മുസ്‌ലിംകൾക്ക് പറ്റിയ അന്ധവിശ്വാസങ്ങൾ അദ്ദേഹം നീക്കം ചെയ്യുകയുമുണ്ടായി.

മനുഷ്യകുലത്തെ അല്ലാഹു സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യമായി വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. "ജിന്നിനേയും മനുഷ്യരേയും എന്നെ അറിയുവാനും ആരാധിക്കുവാനും വേണ്ടിയാണ് സൃഷ്ടിച്ചത്" (51 : 57) ഇവിടെ ജിന്നും ഇൻസും എന്നുപറഞ്ഞത് ജനങ്ങളിലുള്ള രണ്ടു വിഭാഗങ്ങളെപ്പറ്റിയാണ്. പണ്ഡിതന്മാരായ മനുഷ്യർ പാമരന്മാരായ മനുഷ്യർ, കുബേരന്മാരായ മനുഷ്യർ, കുചേലന്മാരായ മനുഷ്യർ, രാജാവ്, പ്രജ അങ്ങനെ മനുഷ്യരിലുള്ള രണ്ടു വിഭാഗക്കാരെയാണ് സംബോധന ചെയ്തത്. സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിൽ അല്ലാഹു പരാജയപ്പെടുമെന്ന് നമുക്ക് കരുതാൻ പാടില്ല. ഒരു അടിമ ഈ ഭൂമിയിലുള്ള ജീവിതത്തിൽ അല്ലാഹുവിനെ മനസ്സിലാക്കാൻ ശ്രമിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്താൽ അവൻ വിജയിച്ചു. ആ കാര്യങ്ങൾ വിസ്മരിച്ചുകൊണ്ടു സ്വേച്ഛയെ ദൈവമായി കരുതി ശരീരേച്ഛക്ക് വിധേയനായി ജീവിച്ചു പാപഭാരം ചുമന്ന് മരിക്കുന്ന അടിമയുടെ ആത്മാവ് ഒരു രോഗിയായിട്ടാണ് പാരത്രിക ജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നത്. ദൈവത്തെ അറിഞ്ഞു ആരാധിച്ചവർക്കു ലഭിക്കുന്ന ആത്മീയസമ്മാനങ്ങൾ ഒരു പാപിയുടെ ആത്മാവിന് ഭുജിക്കുവാനോ ആസ്വദിക്കുവാനോ സാധിക്കുകയില്ല. ഏതുപോലെയെന്നാൽ ഈ ലോകത്തിലെ തന്നെ ചില രോഗികൾക്ക് ഇവിടെയുള്ള സ്വാദിഷ്ടഭക്ഷണങ്ങൾ എപ്രകാരം ആസ്വദിക്കാൻ അസാദ്ധ്യമാണോ അതിന്റെ ഗന്ധം പോലും അസഹനീയമാണോ അതേപോലെ പാരത്രിക ജീവിതത്തിലെ രോഗിയായ ആത്മാവിന് ഇതേ അവസ്ഥയാണ് സംജാതമാകുക, അതായത് മനുഷ്യന്റെ സംവേദം നിർവ്വഹിക്കുന്ന ശരീരത്തിന്നാണ് കുഴപ്പം. ഇത്തരക്കാരെ യഥാർത്ഥ ദാസന്മാരാക്കിത്തീർക്കണം. ആത്മീയ ശരീരത്തിന്ന് രോഗം ബാധിച്ചവർക്ക് ചികിത്സ ആവശ്യമാണ് അതാണ് നരകം. അങ്ങനെ ഒരു കാലം വരുമ്പോൾ ഇത്തരം രോഗികൾ എല്ലാം തന്നെ യഥാർത്ഥ അടിമകളായിത്തീരുകയും അപ്പോൾ ആത്മീയ ഭക്ഷണം കഴിക്കാൻ യോഗ്യ രായിരിക്കുകയും ചെയ്യും. അപ്പോൾ അവരും സ്വർഗ്ഗസ്ഥരായിത്തീരും. അങ്ങനെ നരകത്തിൽ ശൂന്യമായ ഒരവസ്ഥ സംജാതമാകുമെന്നുള്ള റസൂൽ തിരുമേനിയുടെ (സ:അ) അരുളപ്പാടു അപ്പോൾ പൂർണ്ണമാകും. അതേപോലെ സ്വർഗ്ഗസ്ഥരായവർക്കും അവിടെ അഭിവൃദ്ധി ഉണ്ടാകുമെന്നും വിശുദ്ധഖുർആനിൽ നിന്നും മനസ്സിലാക്കാം. ചുരുക്കത്തിൽ നരകം ശാശ്വതമല്ല എന്ന കാര്യം വാഗ്ദത്ത മസീഹ് (അ) വളരെയധികം തെളിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ടു. കാരണം മനുഷ്യവംശം മുഴുവൻ അല്ലാഹുവിന്റെ സൃഷ്ടിയാണ്. അതിൽ ഏതെങ്കിലും ഒരു വിഭാഗത്തോട് അന്യായം പ്രവർത്തിക്കാൻ ഒരു സ്രഷ്ടാവിന് സാദ്ധ്യമല്ല. അങ്ങനെ കരുതുന്നത് തന്നെ ദൈവ ദൂഷണമാണ്. ഇവിടെ എന്തുകൊണ്ടാണ് സ്വർഗ്ഗം ശാശ്വതവും നരകം ശാശ്വതമല്ലെന്നും പറയുന്നത് എന്നൊരു ചോദ്യം ഉണ്ടാകാം.

സ്വർഗ്ഗം നല്കപ്പെടുന്നത് വിശ്വാസികളായ സൽക്കർമ്മികൾക്കാണ്. അതൊരു പാരിതോഷികമായി നല്കപ്പെടുന്നു. ഇത് ഒരുദാഹരണം മുഖേന വ്യക്തമാകും. സാമ്പത്തിക ശേഷിയുള്ള ഒരാൾ തന്റെ കീഴിൽ ജോലി ചെയ്യുന്ന ഒരു ജോലിക്കാരന് ദിവസം 100/-ക വീതം കൂലി നൽകാമെന്ന് പറയുന്നു. എന്നാൽ അദ്ദേഹം ജോലി കഴിഞ്ഞുവന്ന ജോലിക്കാരന് 150 ക. കൂലി കൊടുത്തെന്നിരിക്കട്ടെ. അദ്ദേഹത്തെ മറ്റുള്ളവർ പുകഴ്ത്തി പറയും. എന്നാൽ 100/-ക കൂലി കൊടുക്കാമെന്ന് പറഞ്ഞു 80/-ക കൊടുത്താലോ? അദ്ദേഹത്തെ അനീതിയാണ് ചെയ്തത്. അതിന്ന് അദ്ദേഹം ആക്ഷേപിക്കപ്പെടും. ഇവിടെ ഒരാൾ ആയുഷ്ക്കാലം മുഴുവനും ദൈവേച്ഛക്ക് വിധേയനായി ജീവിക്കുന്നു. അതിന് പാരിതോഷികമായി കാലാകാലം അവന്ന് ആനന്ദപൂർണ്ണമായ ജീവിതം നല്കപ്പെടുന്നു. ഇത് യജമാനനായ ദൈവത്തിന്റെ അനുകമ്പയും ഔദാര്യവുമായി പുകഴ്ത്തപ്പെടുന്നു. എന്നാൽ പാപിയായ ഒരാൾ ജീവിതം മുഴുവൻ ദുഷ്ക്കർമ്മങ്ങളിൽ മുഴുകി ജീവിക്കുകയും അതിന്ശേഷം മരിക്കുകയും ചെയ്യുന്നു. ഇവിടെ നീതിമാനായ ദൈവം അവൻ ചെയ്ത പാപത്തിന് തത്തുല്യമായ ശിക്ഷ നൽക്കുന്നു. ഉദാഹരണത്തിന് 50 കൊല്ലമാണ് അവൻ തെറ്റുകുറ്റങ്ങൾ ചെയ്തത് എങ്കിൽ അതിന്റെ അളവിൽ ശിക്ഷ നൽകുന്നു. അതാണ് നീതിയായി ഗണിക്കപ്പെടുന്നത്. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ ഒരു ദൈവഭക്തൻ ദൈവത്തിന്റെ അഭീഷ്ടങ്ങളനുസരിച്ച് ജീവിക്കുന്നു. ആ ഭക്തന്റെ മനോതലത്തിൽ തൻ ഈ സൽക്കർമ്മങ്ങൾ 50 കൊല്ലം മാത്രമെ ചെയ്യുകയുള്ളൂ എന്ന ഒരു ഉദ്ദേശ്യമില്ല. ചെയ്യുന്നില്ല മറിച്ചു ദൈവം അവന്ന് ആയിരം കൊല്ലം

ആയുസ്സുനൽകുമെങ്കിൽ ആ കാലമത്രയും അവൻ അനുഷ്ഠിച്ചുകൊണ്ടിരുന്ന പരിശുദ്ധ ജീവിതം പ്രതിജ്ഞയാണ് അവന്നുണ്ടാവുക. എന്നാൽ ഒരു തസ്കരന് തന്റെ ജീവിതം മുഴുവൻ ഈ പാപം ചെയ്യുമെന്നുള്ള ശപഥം ഇല്ല. തനിക്ക് ജീവിക്കാനുള്ള ഒരു വഴി ഉണ്ടായാൽ ഇതു ഉപേക്ഷിക്കുമെന്ന ഒരാഗ്രഹമാണ് അവനുണ്ടാവുക. ഏതു തെറ്റുചെയ്യുന്നവന്റെയും നൈസർഗ്ഗിക മനോധർമ്മം ഇതുതന്നെയാണ്. പുണ്യം ചെയ്യുന്നവന്റെ കാലാവധിക്ക് അതിരില്ലാത്തത് പോലെതന്നെ അതിനനുസരിച്ചുള്ള ഒരു പാരിതോഷികം അവന്റെ യജമാനൻ അവനു നൽകുന്നു. അതാണ് സ്വർഗ്ഗം ശാശ്വതമെന്ന് പറയുന്നത്. എന്നാൽ പാപിയുടെ തെറ്റുകൾക്ക് ഒരു പരിധിയുണ്ട്. ആ പാപിയുടെ യഥാർത്ഥ മനസ്സാക്ഷി തന്നെ തെറ്റുകൾ ചെയ്യരുതെന്ന് ആഗ്രഹിക്കുന്നത് കൊണ്ട് അവൻ ചെയ്ത തെറ്റിനനുസരിച്ച് മാത്രമെ ദൈവം അവന്ന് ശിക്ഷ നൽകുന്നുള്ളൂ. ചിലപ്പോൾ അർഹിക്കുന്നുവെങ്കിൽ അവരുടെ ചില നല്ല കർമ്മങ്ങളുടെ ഫലമായി അല്ലാഹു അവന്റെ പാപങ്ങളെല്ലാം പൊറുത്തു കൊടുത്തെന്നും വരാം. അതും അവന്റെ കാരുണ്യത്തിൽപെട്ടതാണ്.

എല്ലാ ഓരോ മനുഷ്യനും കബർ ജീവിതം അല്ലാഹു നിശ്ചയിച്ചതായി വിശുദ്ധഖുർആൻ പറയുന്നു (80:22) ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ റസൂൽ തിരുമേനി (സ) പറഞ്ഞു, കബറിൽ രക്ഷാശിക്ഷ ഓരോആത്മാവും അനുഭവിക്കേണ്ടിവരുമെന്ന്. അതു ഏതു കബറാണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഇവിടെ എത്രയോ മനുഷ്യജഡങ്ങൾ കടലിൽ മത്സ്യങ്ങളുടെ ഭക്ഷണമായിത്തീരുന്നു. ചിതയിൽ കിടന്ന് എത്രയോ ദേഹങ്ങൾ ചാമ്പലായിപോകുന്നു. അപ്പോൾ കബർ എന്നു പറയുന്നത് ഈ ഭൂമിയിൽ മരിച്ച ജഢങ്ങൾ സംസ്ക്കരിക്കുന്ന കബറല്ല എന്നു പറയേണ്ടിവരും. അല്ലെങ്കിൽ വിശുദ്ധഖുർആന്റെ പ്രസ്താവ നഊദുബില്ലാ ശരിയല്ല എന്നുവരും മരിക്കുമ്പോൾ ഉണ്ടാകുന്ന

**അപ്പോൾ കബർ എന്നു പറയുന്നത് ഈ ഭൂമിയിൽ മരിച്ച ജഢങ്ങൾ സംസ്ക്കരിക്കുന്ന കബറല്ല എന്നു പറയേണ്ടിവരും. അല്ലെങ്കിൽ വിശുദ്ധഖുർആന്റെ പ്രസ്താവം നഊദുബില്ലാ ശരിയല്ല എന്നുവരും മരിക്കുമ്പോൾ ഉണ്ടാകുന്ന പ്രക്രിയ. ആത്മാവ് ജഢത്തെ ഉപേക്ഷിച്ചു ആത്മീയ ലോകത്തേക്ക് അതിനായി നിശ്ചയിച്ചിടത്തേക്ക് പോകുന്നതിനാണ് കബർ എന്നു പറയുന്നത്.**

പ്രക്രിയ. ആത്മാവ് ജഢത്തെ ഉപേക്ഷിച്ചു ആത്മീയ ലോകത്തേക്ക് അതിനായി നിശ്ചയിച്ചിടത്തേക്ക് പോകുന്നതിനാണ് കബർ എന്നു പറയുന്നത്. അതിന് 'ബർസഖ്' എന്നും പറയപ്പെടുന്നു. ഇതുസംബന്ധിച്ച് ഹസ്രത്ത് അഹമദ് (അ) പറയുന്നു. "ബർസഖ്" എന്ന അറബിവാക്ക് ബർ എന്നും "സഖ്" എന്നും രണ്ടു ശബ്ദങ്ങൾ ചേർന്നുണ്ടായ ഒരു സംയുക്ത പദമാണ്. കർമ്മരൂപേണ പുണ്യപാപങ്ങളെ സമ്പാദിക്കുന്നതിനുള്ള ഘട്ടം അവസാനിച്ചു എന്നാണ് ഈ പദത്തിന്റെ അർത്ഥം 'ബർസഖ്' അഥവാ 'അന്തരാളഘട്ടം' എന്നത് ആത്മാവ് ജഢത്തിൽ നിന്ന് വേർപെട്ടതായും നശ്വരമായ ശരീരം ധാതുവിയോഗം വന്നു നശിക്കുകയും ചെയ്യുന്ന ഘട്ടമാകുന്നു. മരണാനന്തരം ശരീരം കുഴിയിലേക്ക് തള്ളപ്പെടുന്ന പ്രകാരം ആത്മാവും ഒരുതരം കുഴിയിൽ വെക്കപ്പെടുന്നു എന്നു പറയാം. ഇതാണ് ബർസഖ് ശബ്ദം സൂചിപ്പിക്കുന്നത്. ഈ ഘട്ടത്തിൽ ആത്മാവിന് ശരീരത്തിന്മേലുള്ള നിയന്ത്രണശക്തി വിനഷ്ടമാകുന്നതിനാൽ ശുഭാശുഭകർമ്മങ്ങൾക്ക് അതു സമർത്ഥമാകുന്നില്ല. നമ്മുടെ ആത്മാവിന്റെ ക്ഷേമസ്ഥിതി ശരീരത്തിന്റെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നത് സ്പഷ്ടമാണല്ലോ മസ്തിഷ്കത്തിന്റെ ഒരു പ്രത്യേക സ്ഥാനത്ത് പ്രഹരമേല്കുന്നതായാൽ ഓർമ്മശക്തി നഷ്ടമാവുകയും മറ്റൊരു സ്ഥാനത്ത് ഇടിയേല്കുന്നതായാൽ ചിന്താശക്തി നശിച്ചുപോവുകയും ബോധക്ഷയംപോലും ഉണ്ടാകുകയും ചെയ്യും...... ശരീരത്തോടുള്ള ബന്ധം അറ്റുപോകുന്നതിനാൽ ആത്മാവ് ഒന്നിനും സമർത്ഥമാകുന്നതല്ലെന്ന് ഈദൃശാനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ടു...... മനുഷ്യൻ അപരിമിതമായ ഉന്നതിയിലേക്ക് ഉയർന്നുപോകാനുള്ള സൃഷ്ടിയാണ്. അവനു ഹ്രസ്വമായ ഐഹിക ജീവിതത്തിലെ അഭിവൃദ്ധികൾ ജഢികശരീരം കൂടാതെ പ്രാപിക്കാൻ കഴിയാത്ത സ്ഥിതിക്ക് പരലോകത്തെ അനന്തവും അപാരവുമായ അഭിവൃദ്ധികൾ ഒരു ആത്മീയദേഹം കൂടാതെ പ്രാപിക്കുമെന്ന് വിചാരിക്കുന്നതെങ്ങനെ" (ഇസ്ലാം മതതത്ത്വജ്ഞാനം പേജ്. 163-164 അഞ്ചാം എഡിഷൻ)

ഇതിൽ നിന്നും മനസ്സിലാകുന്നത് ബർസഖ് ഘട്ടത്തിലും ആത്മാവിന് ഒരുദേഹത്തിന്റെ ആവശ്യകതയുണ്ടെന്നാണ്. ആ ശരീരം എവിടെനിന്നു ലഭിക്കുന്നു എന്നതിനെക്കുറിച്ചും ഹസ്രത്ത് അഹ്മദ് (അ) പറഞ്ഞുതരുന്നത് കാണുക. "എന്നാൽ എല്ലാ ആത്മാവിനും അതിന്റെ കർമ്മഫലം അനുഭവിക്കുന്നതിനായിക്കൊണ്ട് മദ്ധ്യഘട്ടമായ "ബർസഖിൽ" ഒരു താൽക്കാലികമായ ദേഹം നൽകപ്പെടുന്നതാണ്. ആ ദേഹം ഐഹിക ജീവിതത്തിലെ മൺശരീരം പോലെ ആയിരിക്കയില്ല. അതു കർമ്മങ്ങളുടെ നില അനുസരിച്ച് രൂപപ്പെട്ടുവരുന്ന പ്രകാശമോ അന്ധകാരപൂർണമോ ആയ ദേഹമായിരിക്കും. ഇങ്ങനെ മനുഷ്യന്റെ കർമ്മങ്ങൾ ആണ് ഈ ഘട്ടത്തിൽ ദേഹമായിത്തീരുന്നത്. അത് സൽകർമ്മപ്രകാശ

ത്തിൽ നിന്നോ ദുഷ്കർമ്മാന്ധകാരത്തിൽ നിന്നോ രൂപം കൊള്ളുന്നതത്രെ. ഇത് അതീവഗഹനമായ തത്ത്വരഹസ്യമാണെങ്കിലും യുക്തിക്ക് എതിരായതല്ല. പൂർണ്ണത പ്രാപിച്ച ഭക്തന് തന്റെ സ്ഥൂലശരീരത്തിൽ നിന്ന് വേറിട്ട് പ്രകാശമയമായ ഒരു ശരീരം രൂപപ്പെട്ടുവരുന്നതായി ഐഹിക ജീവിതത്തിൽ തന്നെ അനുഭവപ്പെടുന്നതാണ്. ...................... സ്ഥൂലബുദ്ധിയായ ഒരുവനു ഈ വിഷയം ഗ്രാഹ്യമാക്കിത്തീർക്കുന്നത് അനായാസമല്ല." ചുരുക്കത്തിൽ ഈ ഘട്ടത്തിലാണ് മേൽ പ്രസ്താവിച്ച സൂക്ഷ്മദേഹം കർമ്മഗതിക്കനുസരിച്ച് രക്ഷാശിക്ഷക്ക് പാത്രമായിത്തീരുന്നത്. ഹസ്റത്ത് അഹ്മദ് (അ) തുടർന്നുകൊണ്ടു പ്രസ്താവിക്കുന്നു. ''അതിഗഹനമായ ഈ ഗൂഡാർത്ഥക തത്ത്വത്തെ കേവലബുദ്ധികൊണ്ടുമാത്രം തെളിയിക്കുവാൻ ശ്രമിക്കുന്നതു അബദ്ധമായിരിക്കുന്നതാണ്. പദാർത്ഥത്തെ കാണുവാനുള്ള കണ്ണു കൊണ്ട് അതിനെ രുചിച്ചറിയാൻ കഴിയാത്തത് പോലെ രുചിച്ചറിയുന്നതിനുള്ള രസനേന്ദ്രിയത്തെക്കൊണ്ടു പദാർത്ഥത്തെ കാണുവാനും കഴിയുന്നതല്ലല്ലോ. അതേ പ്രകാരം ആത്മീയ ദർശനം മുഖേന സിദ്ധിക്കേണ്ടുന്ന പരലോകജ്ഞാനം കേവലം ബുദ്ധി കൊണ്ടു പ്രാപിക്കാവുന്നതല്ല''. (ഇസ്‌ലാംമതത്ത്വജ്ഞാനം (പേ145 ആറാം പതിപ്പ്). ആത്മീയദർശനത്തിലൂടെ വാഗ്ദത്ത മസീഹിന് ഇത്തരം ആത്മാക്കളെ അല്ലാഹു കാണിച്ചുകൊടുത്തതായും പ്രസ്തുത ഗ്രന്ഥത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട്.

ഒരു സംഗതി കൂടി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതായത് വെറും വിശ്വാസം മാത്രം മനുഷ്യനെ മോക്ഷത്തിന് അർഹമാക്കുന്നില്ല. അതോടനുബന്ധിച്ചുള്ള സൽക്കർമ്മങ്ങളും അനിവാര്യമാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. "വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്ന സത്യവിശ്വാസികൾക്ക് താഴോരത്ത് അരുവികൾ ഒഴുകുന്ന ആരാമത്തിൽ അവരെ പ്രവേശിപ്പിക്കും. (2:20) ഇവിടെ വിശ്വാസത്തെ ആരാമമായും സൽക്കർമ്മത്തെ താഴോരത്തുകൂടെ ഒഴുകുന്ന അരുവികളായും പ്രതീകാത്മമായി അല്ലാഹു മനസ്സിലാക്കിത്തന്നിരിക്കുകയാണ്. ജലസേചനമില്ലാത്ത തോട്ടമാണ് സൽക്കർമ്മമില്ലാത്ത വിശ്വാസം അതേപോലെ വിശ്വാസമില്ലാത്ത, സൽക്കർമ്മം തോട്ടമില്ലാത്ത അരുവി പോലെയാണ്. ഈ രണ്ടു കാര്യങ്ങളും പരസ്പരം പൂരകങ്ങളാണ്. നാം ഒരു വൃക്ഷം ഒരു തോട്ടത്തിൽ നടുന്നു. അതിന് ജലസേചനം നടത്തുന്നു. അതുകൊണ്ടുമായില്ല, അതിന് ആവശ്യമായ വളങ്ങളും നൽകി അതിന് വേണ്ടി കഠിനാദ്ധ്വാനം ചെയ്തെങ്കിലെ അത് ഫലം നൽകുകയുള്ളൂ. അതേ പോലെയാണ് ആത്മീയ ജീവിതം. സത്യവിശ്വാസി ദൈവത്തോടും സമസൃഷ്ടികളോടും ചെയ്യുന്ന കടപ്പാടുകളാണ് ഒരാളെ സ്വർഗ്ഗസ്ഥനാക്കുന്നത്. ആത്മീയ ലോകത്തെ അനുഗ്രഹങ്ങളെ പ്രതീകങ്ങളും ഉപമകളും വഴി ഈ ലോകത്തെ പദാർത്ഥങ്ങളുമായി താരതമ്യപ്പെടുത്തി അല്ലാഹു നമുക്ക് മനസ്സിലാക്കിത്തരുന്നു. മുസ്‌ലിം ലോകം സ്വർഗ്ഗനരകങ്ങളെ ഈ ജഡികലോകത്ത് നടക്കുന്ന സംഭവങ്ങൾ പോലെയാണ് വിലയിരുത്തുന്നത്. വാസ്തവത്തിൽ ഒരു മനുഷ്യൻ അവന്റെ സ്വർഗ്ഗവും നരകവും ഈ ലൗകിക ജീവിതത്തിൽ നിന്നാണു കരസ്ഥമാക്കുന്നത്. പ്രസ്തുത സ്ഥാനം കരസ്ഥമാക്കുന്ന കാര്യത്തിൽ അവൻ സ്വതന്ത്രനാണ്. സ്വർഗ്ഗം കരസ്ഥമാക്കുന്നവർ ഭാഗ്യവാന്മാരും നരകം കരസ്ഥമാക്കുന്നവർ നിർഭാഗ്യവന്മാരുമാകുന്നു. നരകവാസി ഒരു ദീർഘകാലശിക്ഷക്ക് വിധേയനാക്കപ്പെടുന്നു. എന്നാൽ സ്വർഗ്ഗം ലഭിച്ചവൻ ശാശ്വതമായി ആരാമത്തിൽ കഴിയുന്നു. ആത്മാവു ഇവിടെ ഉപേക്ഷിച്ചുപോയ മൺശരീരം തന്നെയാണോ പാരത്രിക ജീവിതത്തിൽ ആത്മാവിന് ലഭിക്കുന്നത്? മൺശരീരമോ അതോ മറ്റുവല്ല ശരീരവുമാണോ? സ്വർഗ്ഗത്തെ പറ്റിയും നരകത്തെപറ്റിയുമുള്ള വിവരണത്തിന്റെ തത്ത്വരഹസ്യങ്ങൾ അടുത്ത ലക്കത്തിൽ വായിക്കാം. (ഇ:അ). ●

■

**സത്യവിശ്വാസി ദൈവത്തോടും സമസൃഷ്ടികളോടും ചെയ്യുന്ന കടപ്പാടുകളാണ് ഒരാളെ സ്വർഗ്ഗസ്ഥനാക്കുന്നത്. ആത്മീയ ലോകത്തെ അനുഗ്രഹങ്ങളെ പ്രതീകങ്ങളും ഉപമകളും വഴി ഈ ലോകത്തെ പദാർത്ഥങ്ങളുമായി താരതമ്യപ്പെടുത്തി അല്ലാഹു നമുക്ക് മനസ്സിലാക്കിത്തരുന്നു.**

■

## മാസപ്പിറവി അറിയിപ്പ് - 2003

**25. 10. 2003 അസ്തമയത്തിന് ശേഷം 6.20നാണ് അമാവാസി സംഭവിക്കുക. അന്നേദിവസം യാതൊരു കാരണവശാലും മാസംകാണാൻ സാധ്യമല്ല. റംസാൻ മാസപ്പിറവി 26. 10. 03 ഞായറാഴ്ച അസ്തമയത്തിന് ശേഷം സംഭവിക്കുന്നതിനാൽ നോമ്പ് 27. 10. 2003 തിങ്കളാഴ്ച യായിരിക്കുമെന്ന് മാസപ്പിറവി നിർണ്ണയ കമ്മിറ്റി ചെയർമാൻ കെ.എം. അഹ്മദ്കോയ സാഹിബ് അറിയിച്ചതനുസരിച്ച് നോമ്പ് പ്രസ്തുത ദിവസം ആരംഭിക്കുമെന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന അമീർ ഏ.പി.കുഞ്ഞാമു സാഹിബ് പ്രഖ്യാപിച്ചു.**

Revelation Rationality Knowledge Truth
എന്ന പുസ്തകത്തിൽ നിന്ന്

# എൻട്രോപിയും പരിമിത പ്രപഞ്ചവും

ഖലീഫത്തുൽ മസീഹ് IV

**ഒരിക്കലും പുനഃസ്ഥാപിക്കാൻ കഴിയാത്തവിധം പ്രപഞ്ചത്തിൽ നിന്നും ക്രമേണ ഊർജ്ജം നഷ്ടപ്പെടുന്നുവെന്ന് എൻട്രോപി സിദ്ധാന്തം പറയുന്നു. പ്രപഞ്ചം അനാദിയും അന്തവുമാണെന്ന സങ്കല്പം ഇതോടെ തകരുകയാണ്.**

പ്രപഞ്ചം മുഴുവനും ഒരു തമോദ്വാരത്തിലേക്ക് (Black Hole) ഉൾവലിയുമെന്ന് വ്യക്തമായും തെളിയിക്കപ്പെട്ടതാണ്. പിന്നീട് ആ തമോദ്വാരത്തിൽ സംഘനിക്കപ്പെട്ട ദ്രവ്യം ബിഗ്ബാംഗ് പൊട്ടിത്തെറിയിലൂടെ വീണ്ടും പുറത്തേക്ക് ഉൽസർജിക്കപ്പെടുന്നു. ഇതിൽ നിന്നും കാലാകാലങ്ങളായി ഇങ്ങിനെ പ്രപഞ്ചം ഇടവിട്ട് പ്രത്യക്ഷമാവുകയും അപ്രത്യക്ഷമാവുകയും ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് വായനക്കാരൻ തെറ്റിദ്ധരിച്ചേക്കാം. തുടർ ന്നുവരുന്ന ചർച്ചകൾ ഒരിക്കലും അവസാനിക്കാത്ത അനശ്വര പ്രപഞ്ചം എ ന്ന മിഥ്യാസങ്കല്പം ഇല്ലാതാക്കുന്നതാണ്.

നാം വസിക്കുന്ന ഈ പ്രപഞ്ചം അതിന്റെ ഭൂതകാലവുമായോ ഭാവികാലവുമായോ ബന്ധപ്പെടുത്തുമ്പോൾ അത് ഒരിക്കലും അനശ്വരമല്ല എന്ന് ഗണിതശാസ്ത്രപരമായി തെളിയിക്കാൻ സാധിക്കും. ഈ വസ്തുത കൂടുതൽ വിശദീകരിക്കാൻ ഭൗതിക ശാസ്ത്രത്തിലെ 'എൻട്രോപി' (Entropy) എന്ന സാങ്കേതിക പദത്തിന്റെ നിർവചനം വിശദീകരിക്കേണ്ടതുണ്ട്. ലളിതമായി പറയുകയാണെങ്കിൽ എൻട്രോപി എന്നാൽ ഏത് രൂപത്തിൽ നിലകൊള്ളുന്ന ഭൗതിക പ്രപഞ്ചവും അതിന്റെ ദ്രവ്യത്തിന്റെ അതിസൂക്ഷ്മമായ ഒരു ഭാഗം ഊർജരൂപത്തിൽ മോചിതമാക്കപ്പെടുന്നു എന്നാണ്. ഈ വിമോചിത ഊർജം (Escaped energy) ഒരിക്കലും വീണ്ടെടുക്കാൻ കഴിയാത്തവിധം നഷ്ടപ്പെടുന്നു.

ഒരു നിശ്ചിത വ്യവസ്ഥയിൽ നിലകൊള്ളുന്ന എല്ലാ വസ്തുക്കളും പരസ്പരം പ്രതിപ്രവർത്തിക്കുന്നു. ഇതിന്റെ ഏറ്റവും ലളിതമായ ഉദാഹരണമാണ് ഹൈഡ്രജൻ, ഓക്സിജൻ എന്നീ മൂലകങ്ങൾ പരസ്പരം പ്രതിപ്രവർത്തിച്ചു കൊണ്ട് ജലം ഉണ്ടാവുന്നത്. ഹൈഡ്രജനും ഓക്സിജനും കൂടിച്ചേർന്ന ജലം നിർമ്മിക്കുകയാണെങ്കിൽ ആ നിർമ്മാണത്തിൽ ഒരു നിശ്ചിത ഭാഗം ഊർജം സ്വതന്ത്രമാക്കപ്പെടുന്നു.

ഓക്സിജൻ നിറച്ച ഒരു ജാറിൽ ഒരു ജെറ്റ് ട്യൂബ് ഉപയോഗിച്ച് ഹൈഡ്രജൻ കടത്തിവിട്ട് കത്തിക്കുക. ഓക്സിജൻ തീരുന്നത് വരെ ആ ജാറിൽ അത് കത്തും. ഈ പ്രതിപ്രവർത്തനങ്ങളുടെ ഫലമായി ഓക്സിജനും ഹൈഡ്രജനും സംശ്ലേഷിച്ച് ജാറിൽ ജലം ശേഖരിക്കപ്പെടുന്നു. ഈ രാസപ്രവർത്തനം നടക്കുമ്പോൾ നിശ്ചിത അളവ് ഊർജ്ജം പുറത്തേക്ക് വിടപ്പെടുന്നു. ജലത്തെ വീണ്ടും ഹൈഡ്രജനും ഓക്സിജനുമായി വിശ്ലേഷിപ്പിക്കണമെങ്കിൽ ജലം സംശ്ലേഷണം ചെയ്ത അവസരത്തിൽ പുറത്തേക്ക് വിട്ട അത്ര ഊർജ്ജം രണ്ടാമതും പുനർ വിതരണം നടത്തിയാൽ മതി.

ഈ പ്രതിഭാസങ്ങളിലൊന്നും സ്ഥിരമായ ഊർജ്ജനഷ്ടം ഉണ്ടാവുന്നില്ല. എൻട്രോപിയിലൂടെ എന്നെന്നേക്കുമായുള്ള ഊർജ്ജനഷ്ടം ഉദാഹരിക്കപ്പെടുന്ന പ്രതിഭാസങ്ങൾ ഇതൊന്നുമല്ല. ഹ്രസ്വമോ ദീർഘമോ ആയ ഏതൊരു രാസപ്രവർത്തനത്തിലും ഊർജ്ജം സ്വീകരിക്കപ്പെടുകയോ, മോചിപ്പിക്കപ്പെടുകയോ ചെയ്യുന്നു. അത്തരം ഊർജ്ജ വിനിമയങ്ങൾ സ്ഥിരമായ ഊർജ്ജനഷ്ടം ഉണ്ടാക്കുന്നില്ല. എന്നാൽ ചില ഊർജ്ജ നഷ്ടങ്ങൾ സ്ഥിരമായതും ഒരിക്കലും തിരിച്ച് വരാത്തതുമാണ്. സാധാരണ രാസപ്രക്രിയകളിൽ അത്തരം ഊർജ നഷ്ടം യാതൊരു കുറവും വരുത്തുന്നി

ല്ല. ഈ ഊർജനഷ്ടം എങ്ങനെ സംഭവിക്കുന്നു എന്നറിയാൻ ശാസ്ത്രീയമായ സങ്കീർണതകളിലേക്ക് പോകുന്നതിന് പകരം വായനക്കാരൻ ഒരു ചൂടുള്ള പദാർത്ഥം എങ്ങനെ സാവകാശത്തിൽ തണുക്കുന്നു എന്നതിനെ പറ്റി ചിന്തിച്ചാൽ മതി. ചുറ്റുപാടുമുള്ള ഊഷ്മാവുമായി സമതുലിതമാവുന്നത് വരെ ആ ചൂടുള്ള വസ്തുവിൽ നിന്നും തണുത്ത സ്ഥലത്തേക്ക് താപം പ്രസരിച്ചു കൊണ്ടിരിക്കും. അത് വിപരീത ദിശയിലേക്ക് പ്രസരിക്കുന്നില്ല. അതായത് താപം കൂടിയ സ്ഥലത്ത് നിന്നും കുറഞ്ഞ സ്ഥലത്തേക്കാണ് പ്രവഹിക്കുക, കുറഞ്ഞ സ്ഥലത്ത് നിന്നും കൂടിയ സ്ഥലത്തേക്ക് പ്രവഹിക്കില്ല. അവസാനം പ്രപഞ്ചത്തിലാകെയുള്ള മൊത്തം താപം ഇങ്ങിനെ പ്രപഞ്ചത്തിലാകെ പ്രസരിക്കുകയും താപം സ്വയം നഷ്ടപ്പെടുത്തിക്കൊണ്ട് ഒരു സമതുലിതാവസ്ഥ പ്രാപിക്കുകയും ചെയ്യുന്നു. താപം എല്ലായിടത്തും ഒരുപോലെ ആയതിന് ശേഷം യാതൊരു വിധത്തിലും താപം വിനിമയം ചെയ്യപ്പെടുന്നില്ല. അപ്രകാരം യാതൊരു വിധ രാസപ്രവർത്തനവും നടക്കുവാൻ സാധ്യമാവാതെ വരുന്നു. ഇതാണ് ശാസ്ത്ര ജ്ഞന്മാർ പറയുന്ന പ്രപഞ്ചത്തിന്റെ താപമരണം (Heat death).

പ്രപഞ്ചത്തിൽ ഉപയോഗിച്ചു കഴിഞ്ഞ ഊർജ്ജം (Consumed Energy) കൂടി വരികയും ഉപയോഗയോഗ്യമായ ഊർജ്ജം (Consumable Energy) നിരന്തരം കുറഞ്ഞു വരികയും ചെയ്യുന്നു. അതുകൊണ്ട് എത്ര വിദൂരമായ ഭാവിയിലായിരുന്നാലും ശരി മുഴുവൻ പ്രപഞ്ചവും അന്തിമമായി സമ്പൂർണ്ണ നിഷ്ക്രിയമായ ഒരു ജഡാവസ്ഥയിലേക്ക് പതിക്കുന്ന ഒരു കാലം വരുന്നതാണ്. ഭൗതിക പ്രപഞ്ചത്തിന് ഒരിക്കലും തന്നെ സജീവമായ പൂർവ്വാവസ്ഥ പ്രാപിക്കാൻ കഴിയാത്ത രൂപത്തിൽ പ്രപഞ്ചം ആയിത്തീരും. യാതൊരു വിധ പ്രവർത്തനങ്ങളോ, പ്ര തി പ്രവർത്തനങ്ങളോ സാധ്യമാവില്ല. ഇതിന്റെ മറ്റൊരു പേരാണ് സമ്പൂർണ്ണ മരണം അഥവാ നിതാന്തശൂന്യത.

ഈ ഊർജ്ജനഷ്ടം എത്ര നിസ്സാരമാണ് എന്നതിനെക്കുറിച്ച് വായനക്കാരന് ഒരു ധാരണ ലഭിക്കണമെങ്കിൽ ഒരു കാര്യം ഓർത്താൽ മതി. ശാസ്ത്രജ്ഞന്മാർ പോലും അതീവ സങ്കീർണമായ ഗണിത പ്രക്രിയകളിലൂടെയാണ് ഈ ഊർജനഷ്ടം കണക്കാക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം ഈ പ്രപഞ്ചത്തിന് അളവിലും തൂക്കത്തിലും പ്രായോഗികമായി കഴിഞ്ഞ 20 ലക്ഷം കോടി വർഷങ്ങളായി യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. പ്രപഞ്ചത്തിൽ മൊത്തം വ്യാപിച്ചു കിടക്കുന്ന താപവുമായി താരതമ്യം ചെയ്ത് വിമോചിത ഊർജ്ജത്തെ (Escaped energy) കണക്കാക്കാവുന്നതാണ്. ഇക്കാലമത്രയുമായിട്ടും അത് $4^0$ K* മാത്രമാണ്. ഇതിനർത്ഥം പ്രപഞ്ചത്തിൽ അറിയപ്പെടുന്ന സ്ഥലത്തെവിടെയും $4^0$ K യിൽ കുറഞ്ഞ താ പമില്ല എന്നാണ്. ഈ താഴ്ന്ന ഊഷ്മാവുള്ള ദിശയിലേക്ക് ഊർജ്ജം പ്രവഹിക്കുക എന്നത് സ്വാഭാവികമാണ്. ഈ ഊർജ്ജത്തിന്റെ ഒഴുക്ക് അതിലും ഉയർന്ന വിതാനത്തിലേക്ക് ഉയർത്തപ്പെടാൻ സാധ്യമല്ല. വിമോചിക്കപ്പെടുന്ന ഊർജ്ജത്തിന്റെ ദുർഗ്രാഹ്യമായ ഗണിതഭാഷ ഒരാൾക്ക് മനസ്സിലാക്കാൻ സാധിച്ചാലും ഇല്ലെങ്കിലും പുനഃരാവർത്തിക്കാൻ കഴിയാത്ത വിധം എന്തോ ഒന്ന് പ്രപഞ്ചത്തിൽ നിന്നും നിരന്തരമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് ഒരാൾക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും. ആ നഷ്ടപ്പെടുന്ന ഊർജ്ജം പ്രപഞ്ചത്തിലെ ദ്രവ്യത്തോട് ഒരിക്കലും കൂട്ടിച്ചേർക്കപ്പെടുന്നില്ല.

ഈ പുസ്തകത്തിന്റെ ഉദ്ദേശ്യത്തിന് ഉതകുന്ന വിധം എൻട്രോപിയെക്കുറിച്ച് വിശദീകരിച്ച് കഴിഞ്ഞതിന് ശേഷം അതിന്റെ അനിവാര്യമായ നിഗമനങ്ങളിലേക്ക് വായനക്കാരന്റെ ശ്രദ്ധ നാം ക്ഷണിക്കുകയാണ്. എൻട്രോപിയെ സംബന്ധിച്ച് പൂർണ ധാരണയുണ്ടാകുന്നതിന് മുമ്പ് ശാസ്ത്രജ്ഞന്മാരിൽ ബഹുഭൂരിപക്ഷവും ഒരു സ്രഷ്ടാവിന്റെ ആവശ്യകതയിൽ വിശ്വസിച്ചിരുന്നില്ല. കാരണം അസ്തിത്വത്തിന്റെ എല്ലാ രൂപങ്ങളും അനശ്വരമായി നിലനിലൽക്കുന്നുവെന്നായിരുന്നു അവർ കരുതിയിരുന്നത്. ഇപ്പോൾ എൻട്രോപിയെക്കുറിച്ചുള്ള കൂടുതൽ അഗാധമായ ധാരണകൾ ശാസ്ത്രസമൂഹത്തിലെ കുറച്ച് പേരുടേയെങ്കിലും വീക്ഷണങ്ങളെ വിപ്ലവകരമാം വിധം മാറ്റി മറിച്ചിരിക്കുന്നു. ബാക്കിയുള്ളവരിൽ ചിലർ ഈ പ്രശ്നത്തിൽ തർക്കിക്കാതെ ഇപ്പോൾ ഒഴിഞ്ഞു മാറുകയാണ്. അനശ്വരത എന്നത് ഒരു വസ്തുവിന്റെ ഭൂതകാലവും അതു പോലെ ഭാവികാലവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കപ്പെടുക. ദ്രവ്യം അനശ്വരവും അനാദിയുമാണെന്ന് വിശ്വസിക്കുന്ന ശാസ്ത്രജ്ഞൻ ദ്രവ്യത്തിന്റെ ഭൂതവും ഭാവിയും അനന്തമാണെന്ന് വിശ്വസിക്കണം. ഇതിനർത്ഥം നാം ഭൂതകാലത്തിലേക്ക് പിൻതിരിഞ്ഞു നോക്കിയാൽ അസ്ഥിത്വത്തിലിരിക്കുന്ന യാതൊന്നിന്റെയും തുടക്കം ആരംഭിച്ചതിന്റെ ബിന്ദു കാണുവാൻ സാധ്യമാകുകയില്ല എന്നാണ്. അനന്തതക്ക് തുടക്കവും ഒടുക്കവുമില്ല.

പദാർത്ഥം അനശ്വരമാണെന്ന ശാസ്ത്രത്തിന്റെ മിഥ്യാസങ്കല്പം എൻട്രോപിതത്വം കണ്ടെത്തിയതോടെ പൊട്ടിത്തകരുകയുണ്ടായി. ഈ പ്രപഞ്ചം അനന്തമാണെന്ന് ഏത് വിധേനയെങ്കിലും സങ്കല്പിച്ചാൽ തന്നെ അതിലെ ദ്രവ്യം എൻട്രോപിക്ക് വിധേയമായി തുടർച്ചയായി നഷ്ടപ്പെട്ടുകൊണ്ടിരിക്കും. യുക്തിപരമായി ഇത് അർത്ഥമാക്കുന്നത് അനന്ത വിദൂരമായ ഒരു ഭാവിയിൽ, ഒരു സമയബിന്ദുവിൽ പ്രപഞ്ചം ഇല്ലാതാവണം എന്നാണ്. ഭൂതകാലത്തിന്റെ ഏതൊരു സമയബിന്ദുവിൽ നിന്ന് നോക്കിയാലും അനന്തത എന്നത് തുടക്കവും ഒടുക്ക

*(ശേഷം പേജ് 34 ൽ)*

* K എന്നത് താപം അളക്കുന്ന ഒരു സ്കെയിലാണ്. ഡിഗ്രി കെൽവിൻ സ്കെയിൽ എന്നതിന്റെ ചുരുക്കെഴുത്താണ് . കെൽവിൻ സ്കെയിലിന്റെ പ്രത്യേകത അത് യാതൊരു വസ്തുവിന്റെയും ഭൗതിക ഗുണത്തേയും ആധാരമാക്കിയല്ല എന്നുള്ളതാണ്. ഉയർന്ന താപനിലകളുള്ള നക്ഷത്രങ്ങളിലെ താപം അളക്കുവാൻ ഡിഗ്രി കെൽവിൻ (Degree Kelivin) സ്കെയിലാണ് ഉപയോഗിക്കാറുള്ളത്. ജലം ഐസാവാൻ 273 ഡിഗ്രി കെൽവിനും തിളക്കുവാൻ 373 ഡിഗ്രി കെൽവിനും വേണം. ഇതിൽ നിന്നും 4 $^{O}$K എന്നത് എത്ര നിസ്സാരമാണെന്ന് വ്യക്തമാണല്ലോ. (വിവ:)

# ഖിലാഫത്ത് - ദൈവിക സംവിധാനം

മഹ്മൂദ് കൽക്കളം

## പ്രവാചകത്വത്തിന്റെ തുടർച്ചയായിവരുന്ന ഇസ്‌ലാമിക ആത്മീയ നേതൃത്വമാണ് ഖിലാഫത്ത്

"അവർ നിന്നെ വഞ്ചിക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ, തീർച്ചയായും അല്ലാഹു നിനക്ക് മതി. തന്റെ സഹായം കൊണ്ടും സത്യവിശ്വാസികളെക്കൊണ്ടും നിനക്ക് പിൻബലം നൽകിയവനാണ് അവൻ. അവരുടെ ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കമുണ്ടാക്കുകയും ചെയ്തു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾക്കിടയിൽ നീ ഇണക്കമുണ്ടാക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവർക്കിടയിൽ ഇണക്കമുണ്ടാക്കിയിരിക്കുന്നു. തീർച്ചയായും അവൻ പ്രതാപ ശാലിയും യുക്തിജ്ഞനുമാകുന്നു. ഓ, നബീ, നിനക്ക് അല്ലാഹുവും നിന്നെ പിന്തുടർന്ന സത്യവിശ്വാസികളും മതി" (വി. ഖുർആൻ. 8:63-65)

ഈ ഖുർആനിക വചനത്തിൽ മുഹമ്മദ് നബി (സ) യെ അല്ലാഹു ഇപ്രകാരം തെര്യപ്പെടുത്തുന്നു. "ഹൃദയങ്ങളിൽ അന്യോന്യം കോർത്തിണക്കപ്പെട്ട ഐക്യത്തിലും സ്നേഹത്തിലും നിലകൊള്ളുന്ന വിശ്വാസിസമൂഹത്തെയാണ് നിനക്ക് നൽകിയിരിക്കുന്നത്. ദിവ്യമായ പ്രചോദനങ്ങളാൽ ഒത്തൊരുമിച്ച് വർത്തിക്കുന്നവരാണവർ. അഥവാ അവർ തമ്മിലുള്ള ഇണക്കവും സ്നേഹവും മനുഷ്യപ്രയത്നങ്ങളാൽ ഉണ്ടാക്കിയെടുക്കുവാൻ സാധിക്കാത്തത്രയും സമുന്നതമാകുന്നു. അങ്ങനെയുള്ള ശിഷ്യസംഘം നിന്റെ പിന്നിൽ അണിനിരന്നിരിക്കുന്നു. അതിനാൽ അനിവാര്യമായും ദൈവാനുഗ്രഹവും അവന്റെ സഹായവും നിനക്കും നിന്നോടൊപ്പമുള്ളവർക്കും ലഭിക്കുന്നതായിരിക്കും. തന്റെ സഹായം കൊണ്ടും ഐക്യത്തിലും ഒരുമയിലും കഴിയുന്ന സത്യവിശ്വാസികളെ ക്കൊണ്ടും നിനക്ക് പിൻബലം നൽകിയവനാണ് അല്ലാഹു. തന്നിമിത്തം ശത്രുക്കളുടെ എല്ലാതരം വഞ്ചനകളിൽ നിന്നും നിനക്ക് അല്ലാഹുവും ഈ സത്യവിശ്വാസി സമൂഹവും മതിയാവുന്നതാണ്" എന്ന പരാമർശം ശ്രദ്ധേയമാണ്. അൽജമാഅത്ത് അഥവാ അനുസരിക്കപ്പെടുന്ന അനുചരവൃന്ദം ദൈവസമക്ഷം പ്രത്യേകം വാഴ്ത്തപ്പെട്ടവരും അനുഗൃഹീതരുമാണെന്ന് മേൽ വചനങ്ങളിൽ നിന്നും വ്യക്തമാകുന്നു. ഒരു ഭാഗത്ത് അൽജമാഅത്തിന്റെ മഹത്വത്തെക്കുറിച്ച് പ്രഘോഷണം ചെയ്യുന്ന വിശുദ്ധ ഖുർആൻ മറുഭാഗത്ത് ദിവ്യപ്രഭാവിതമായ ആദ്ധ്യാത്മിക നേതൃത്വത്തിൻ കീഴിൽ ഒരുമിച്ചു നിൽക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും എടുത്തുപറയുന്നുണ്ട്. "നിങ്ങളെല്ലാവരും ഒത്തുചേർന്ന് ദൈവിക പാശം മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ, അല്ലാഹു നിങ്ങൾക്കു ചെയ്തു തന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഠത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കല്പനകൾ നിങ്ങൾക്ക് വിവരിച്ചു തരുന്നു. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനു വേണ്ടി" (വി. ഖു. 3:104) ഇവിടെ ദൈവികപാശം എന്നതിന്റെ ഒരു വിവക്ഷ പ്രവാചകത്വവും പ്രവാചകത്വത്തിന്റെ പിന്തുടർച്ചയിൽ വരുന്ന ഖിലാഫത്തുമാകുന്നു. കാരണം ആ പാശം കൊണ്ടു മാത്രമെ ജനങ്ങൾക്കിടയിൽ അത്ഭുതകരമായ രൂപത്തിലുള്ള ഇണക്കവും ഏകീകരണവും സ്ഥാപിക്കാൻ കഴിയുമാറാകുകയുള്ളൂവെന്നു വിശുദ്ധ ഖുർആൻ മനസ്സിലാക്കിത്തരുന്നു. ചരിത്ര സംഭവങ്ങൾ ഇത് സാക്ഷീകരിക്കുകയും ചെയ്യുന്നുണ്ട്.

ആ ദൈവിക പാശവുമായുള്ള ബന്ധത്തിലൂടെ കൈവരുന്ന നേട്ടങ്ങൾ അനുസ്മരിച്ചുകൊണ്ട് അവ കൈവിട്ടുപോകാതിരിക്കാൻ ദൈവം ജാഗ്രതപ്പെടുത്തുകയാണ്: "നിങ്ങൾ അഗ്നികുണ്ഠത്തിന്റെ വക്കിലായിരുന്നു. നിങ്ങളുടെ ഹൃദയങ്ങളെ അവൻ ഇണക്കുകയും പരസ്പരം സഹോദരങ്ങളാക്കി മാറ്റുകയും ചെയ്തിരിക്കുന്നു. ഇനി നിങ്ങൾ ഭിന്നിക്കരുത്. ഈ ദൈവിക പാശം മുറുകെ പിടിച്ചുകൊള്ളുക. ചുരുക്കത്തിൽ അനുസരണ ബദ്ധമായ ജമാഅത്തും അനസുരിക്കപ്പെടുന്ന ആത്മീയ നേതൃത്വവും അന്യോന്യം വേർപ്പെടുത്താനാവാത്തതും ദൈവികമായ അനുഗ്രഹഫലമായുണ്ടാകുന്നതുമാകുന്നു." ഒരു ജമാഅത്തില്ലാതെ ഇസ്‌ലാമില്ല. ആത്മീയ നേതൃത്വമില്ലാതെ ജമാഅത്തുമില്ല; അനുസരണം പുലർത്തപ്പെടാതെ ഇമാറത്തുമില്ല" എന്ന തത്വം പഠിപ്പിച്ച ഹസ്റത്ത് ഉമറുൽ ഫാറൂഖ് (റ) ഈ യാഥാർത്ഥ്യത്തിലേക്കാണ് വെളിച്ചം വീശിയിരിക്കുന്നത്.

## പ്രവാചകത്വ പിന്തുടർച്ചയിലുള്ള ഖിലാഫത്ത്

പ്രവാചകന്മാരുടെ വിയോഗത്തെത്തുടർന്ന് അവരുടെ ആത്മീയ പ്രാതിനിധ്യം ഏറ്റെടുത്തുകൊണ്ട് എഴുന്നേൽപ്പിക്കപ്പെടുന്ന ഖലീഫമാർ വാസ്തവത്തിൽ പ്രവാചകന്മാരുടെ ദൗത്യപൂർണ്ണത ലക്ഷ്യമാക്കി മാത്രം പ്രവർത്തിക്കുന്നവരും അവരുടെ പ്രതിരൂപമെന്നോണം നിലകൊള്ളുന്നവരുമായിരിക്കും. 'ഖിലാഫത്തു അലാമിൻ ഹാജി അബുവ്വത്ത്' അഥവാ നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് എന്നും 'ഖുദ്റത്തെ സാനിയ' അഥവാ ദൈവത്തിന്റെ രണ്ടാമത്തെ ശക്തി വിലാസമെന്നുമാണ് അത്തരം ഖലീഫന്മാരെപ്പറ്റി വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്. ദൈവം ഏതൊരു തത്വസംഹിതകളാണോ ലോകത്ത് പ്രചരിപ്പിക്കാനുദ്ദേശിക്കുന്നത്, അതിന്റെ ബീജാവാപം പ്രവാചകരങ്ങളിലൂടെ അവൻ ചെയ്യിക്കുന്നു. എന്നാൽ അവയുടെ പൂർത്തീകരണവും വികാസവും സംഭവിക്കുന്നത് പ്രവാചകന്മാരെ പിന്തുടർന്നുവരുന്ന ഖലീഫമാരിലൂടെയായിരിക്കും. എല്ലാ പ്രവാചകന്മാർക്ക് ശേഷവും ഇപ്രകാരമുള്ള ഖലീഫന്മാരുണ്ടായിരുന്നതായി ഒരു നബി വചനത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. പ്രവാചകന്മാരാൽ സമുദ്ധരിക്കപ്പെട്ട സത്യവിശ്വാസികൾ സൽക്കർമ്മവും വിശ്വാസപരവുമായ അനുഷ്ഠാനങ്ങളിൽ അടിയുറച്ചു നിൽക്കുന്നതിന്റെ ഫലമായി ദൈവം അവർക്ക് ഒരു പാരിതോഷികമായാണ് പ്രവാചകത്വ പിന്തുടർച്ചയിലുള്ള ഖിലാഫത്ത് നൽകുന്നത്. നിരുപാധികം ചൊരിയുന്ന ദൈവിക കാരുണ്യത്തിന്റെ നിദർശനമായി പ്രവാചകത്വവും സോപാധിക കാരുണ്യത്തിന്റെ പ്രകടനം ഖിലാഫത്തുമാണ്.

## ഇസ്‌ലാമിലെ ഖിലാഫത്ത് ഒരു ദൈവിക വാഗ്ദാനം

മുസ്‌ലിംകളിൽ, യഥാർത്ഥ വിശ്വാസികളും സൽക്കർമ്മികളുമായവർക്ക് ഖിലാഫത്തെന്ന മഹനീയാനുഗ്രഹം നല്കുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. സൂറാ-അന്നൂറിലുള്ള പ്രസ്തുത വചനം ഇപ്രകാരമാണ്. "നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതു പോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തികൊടുക്കുകയും അവരുടെ ഭയത്തിന് ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനെയും പങ്ക് ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ" (24:56)

ഇസ്‌ലാമിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ഖിലാഫത്തിന്റെ സ്വഭാവവും അതു മൂലമുണ്ടാകുന്ന അനുഗ്രഹങ്ങളുടെ വ്യക്തമായ വിവരണവുമാണ് പരാമൃഷ്ട വചനത്തിൽ അനാവരണം ചെയ്തിരിക്കുന്നത്. വിശ്വാസപരവും കർമ്മപരവുമായ പ്രവർത്തനങ്ങൾക്ക് അല്ലാഹു നൽകുന്ന അംഗീകാരവും പാരിതോഷികവുമാണ് ഖിലാഫത്തെന്നതിനാൽ അത് ഏറ്റവും ശ്രേഷ്ഠവും മഹത്തരവുമായ സംവിധാനമാണെന്ന് ഗ്രഹിക്കാൻ പ്രയാസമില്ല. പോയ കാലങ്ങളിൽ ഖിലാഫത്തിലൂടെ കൈവന്ന അഭിവൃദ്ധികളും അതിന്റെ തിരോധാനത്തോടെ സംഭവിച്ച അപജയവും ശൈഥില്യവും നിശിതമായ പുനഃച്ചിന്തക്ക് മുസ്‌ലിം നേതാക്കന്മാരെ പ്രേരിപ്പിക്കുകയുണ്ടായി. അവർ പലവട്ടം ഉച്ചകോടി നടത്തി ചർച്ച ചെയ്തു. ഖിലാഫത്തിന്റെ പുനഃസ്ഥാപനമാണ് ഇതിനുള്ള ഏക പരിഹാരമെന്ന് അവർ കണ്ടെത്തി. അതിന്റെ പുനഃസ്ഥാപനത്തിന് വേണ്ടിയുള്ള മുറവിളികളും പരിശ്രമങ്ങളുമുണ്ടായി. ഇതിന്നായി ധാരാളം എണ്ണപ്പണം ചെലവഴിക്കപ്പെട്ടു. സഊദി നേതാക്കന്മാരായിരുന്ന ശരീഫ് ഹുസൈൻ ഫുആദ് രാജാവ്, ഫൈസൽ രാജാവ്, ഈജിപ്തിലെ ഫാറൂഖ് രാജാവ്, പാക്കിസ്ഥാൻ പ്രധാനമന്ത്രിയായിരുന്ന സുൽഫിഖർ അലി ഭൂട്ടോ, ഉഗാണ്ട ഭരണാധികാരിയായിരുന്ന ഈദീ അമീൻ തുടങ്ങിയ പ്രഗത്ഭമാർ ഖിലാഫത്ത് പുനഃസ്ഥാപിക്കാൻ വേണ്ടി വമ്പിച്ച പരിശ്രമങ്ങൾ നടത്തിയവരായിരുന്നു. അവരിൽ ചിലർ ഖിലാഫത്ത് സ്ഥാനത്തിന്നായി കൊതിച്ച് രംഗപ്രവേശം ചെയ്തവരുമായിരുന്നു. എന്നാൽ ദൈവനിശ്ചിതമായ ഖിലാഫത്ത് അഹ്മദിയ്യാ, മുസ്‌ലിം ജമാഅത്ത് മുഖേന ഇതിനകം പുനരുദയം ചെയ്യപ്പെട്ടതിനാൽ അവരുടെ എല്ലാ ശ്രമങ്ങളും പരാജയത്തിലും നാശത്തിലും കലാശിക്കുകയാണുണ്ടായത്.

## മതത്തിന്റെ തനത് രൂപവും നവചൈതന്യവും

സന്മാർഗ്ഗ പാതയിലൂടെ മാത്രം ജനങ്ങളെ നയിക്കുന്നവരാണ് ഖലീഫന്മാർ. ഖിലാഫത്തിന്റെ കീഴിൽ അനു

സരണബദ്ധരായി നിൽക്കുന്ന ജമാഅത്തിനാണ് വഴി കേടിൽ നിന്ന് തീർത്തും മുക്തമായ നിലയിൽ, ദൈവേഷ്ട മാർഗ്ഗത്തിൽ ചലിക്കാൻ സാധിക്കുന്നത്. എന്തുകൊണ്ടെന്നാൽ ഖലീഫന്മാർ ദൈവിക മാർഗ്ഗദർശനം സിദ്ധിച്ച ആത്മീയ നേതാക്കന്മാരാകുന്നു. അതിനാൽ തങ്ങളുടെ ആദ്ധ്യാത്മിക ദൃഷ്ടികൊണ്ട് അപകട ഘട്ടങ്ങളെ മുൻകൂട്ടി കാണാൻ അവർക്ക് സാധിക്കുന്നു. "അവർ എന്നെ മാത്രം ആരാധിക്കുന്നവരും എന്നോട് യാതൊന്നിനെയും പങ്ക് ചേർക്കാത്തവരുമാകുന്നു" എന്ന ഖുർആനിക പരാമർശം ഈ യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്നു. ഹസ്റത്ത് മുഹമ്മദ് നബി (സ) യുടെ വിയോഗത്തെ തുടർന്ന് അത്യന്തം ഉത്കണ്ഠാജനകവും സങ്കീർണ്ണവുമായ അവസ്ഥ സംജാതമായി. ഇസ്‌ലാം മതമാശ്ലേഷിച്ച നിരവധി ആളുകൾ മത നിരാസത്തിന്റെ മാർഗ്ഗം സ്വീകരിച്ചു. മാത്രമല്ല, അല്ലാഹുവിന്റെ പ്രവാചകൻ ഇപ്പോൾ മരിക്കാൻ പാടില്ല എന്നും മരിച്ചു എന്നു പറയുന്നവരുടെ ശിരസ്സറുത്തുകളയുമെന്നാക്രോശിച്ചുകൊണ്ട് വാളും ചുഴറ്റി ഹസ്റത്ത് ഉമറിബ്നുഖത്താബ് പോലും രംഗത്തു നിൽക്കുന്ന ഏറ്റവും ഭീഷണമായ ആ സന്ദർഭത്തിൽ, സമുദായത്തിൽ ശിർക്ക്പരമായ വിചാരങ്ങൾ നാമ്പെടുക്കുമായിരുന്ന ആ നിർണ്ണായക ഘട്ടത്തിൽ ഖലീഫയാകാൻ വിധിക്കപ്പെട്ടിരുന്ന ഹസ്റത്ത് അബൂബക്കർ സിദ്ധീഖ് (റ) വിൽ അനിതര സാധാരണമായ പ്രഭാവം ദർശിക്കാൻ സഹാബാക്കൾക്ക് സാധിച്ചു. ശിർക്ക്പരമായ ചിന്തകളുടെ അടിവേരറുക്കാൻ പോരുന്ന വിധത്തിൽ ഖുർആനിക വചനം ഉദ്ധരിച്ചുകൊണ്ട് ആ സന്നിഗ്ദ്ധ ഘട്ടത്തിൽ അദ്ദേഹം നടത്തിയ പ്രഭാഷണം പ്രഭാവ നിർഭരവും ഹൃദയങ്ങളിൽ തറക്കുന്നവയുമായിരുന്നു. അദ്ദേഹം പ്രഖ്യാപിച്ചു: " മുഹമ്മദ് അല്ലാഹുവിന്റെ ഒരു പ്രവാചകൻ മാത്രം. അദ്ദേഹത്തിന് മുമ്പുണ്ടായിരുന്ന പ്രവാചകന്മാരെല്ലാം കാലഗതിപ്രാപിച്ചിരിക്കുന്നു. അദ്ദേഹവും മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുകയാണെങ്കിൽ നിങ്ങൾ പിന്തിരിഞ്ഞുകളയുമോ? അല്ലാഹുവാണെ സത്യം; മുഹമ്മദിന് രണ്ട് മരണമില്ല. എല്ലാ മനുഷ്യർക്കും സംഭവിക്കുന്നതു പോലുള്ള മരണം, അഥവാ ഭൗമിക ലോകത്തുനിന്നുള്ള വേർപാട് മുഹമ്മദിനും സംഭവിച്ചിരിക്കുന്നു. എന്നാൽ ആത്മീയമായ മൃത്യു അദ്ദേഹത്തിന് ഒരിക്കലും സംഭവിക്കുകയില്ല.'' ഹസ്റത്ത് അബൂബക്കറിന്റെ ഈ വാക്കുകൾ സഹാബാക്കളിൽ സ്വാധീനമുണ്ടാക്കുക തന്നെ ചെയ്തു. ഖിലാഫത്ത് പദവിയിൽ അവരോധിതനായതോടെ, ഹസ്റത്ത് മുഹമ്മദ് നബി (സ), തന്റെ മരണത്തിന് മുമ്പെടുത്ത ഒരു തീരുമാനം അഥവാ ഉസാമയുടെ നേതൃത്വത്തിലുള്ള സൈന്യത്തെ സിറിയയിലേക്ക് അയക്കുക എന്ന തീരുമാനം ഉടനടി നടപ്പിൽ വരുത്തുകയാണ് അദ്ദേഹം ചെയ്തത്. മാറിയ സാഹചര്യത്തിൽ, മുസ്‌ലിംകളുടെ അവസ്ഥ അങ്ങേയറ്റം ദയനീയമായിരുന്നിട്ടും യുദ്ധ നിപുണരായ സഹാബാക്കൾ ഉസാമയുടെ കീഴിലുള്ള സൈന്യത്തോടൊപ്പം സിറിയിയിലേക്ക് പോകുകയാണെങ്കിൽ മദീനയിലുള്ള സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥ ആപൽക്കരമാകുമെന്ന് സഹാബിവര്യന്മാർ പലരും ഖലീഫാ തിരുമനസ്സ് ഹസ്റത്ത് അബൂബക്കറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും മുഹമ്മദ് നബി (സ) എടുത്ത ആ തീരുമാനം നടപ്പാക്കുന്നതിൽ ഒട്ടും വീട്ടുവീഴ്ച ചെയ്യാൻ അദ്ദേഹം തയ്യാറായില്ല. " നിങ്ങളാരുമില്ലെങ്കിലും അബൂബക്കറിന്റെ ശരീരം മദീനയുടെ തെരുവുകളിലൂടെ വന്യമൃഗങ്ങൾ കടിച്ചുകീറി വലിച്ചിഴച്ചുകൊണ്ടുപോയാലും അല്ലാഹുവിന്റെ പ്രവാചകൻ എടുത്ത തീരുമാനം ഞാൻ നടപ്പിൽ വരുത്തുക തന്നെ ചെയ്യും." പൊതുവെ ശാന്തപ്രകൃതനായിരുന്ന ഹസ്റത്ത് അബൂബക്കർ സിദ്ധിഖിന്റെ ഈ പ്രഖ്യാപനം കേട്ടപ്പോൾ അദൃശ്യ ശക്തി തന്നെയാണ് അദ്ദേഹത്തെ നയിക്കുന്നതെന്ന് സഹാബാക്കൾക്ക് ഒരിക്കൽ കൂടി ബോദ്ധ്യപ്പെട്ടു. പ്രസ്തുത തീരുമാനം നടപ്പിൽ വരുത്തുക വഴി താഴെപ്പറയുന്ന അതിപ്രധാനമായ രണ്ട് കാര്യങ്ങളിൽ മുസ്‌ലിം സമുദായത്തിന് മാർഗ ദർശനം ലഭിക്കുന്നതാണ്. ഒന്ന്: ഖലീഫന്മാർ ഭൗതിക പ്രലോഭനങ്ങൾക്ക് വഴങ്ങാത്തവരും ദൈവത്തിൽ മാത്രം സമർപ്പണം ചെയ്തു പ്രവർത്തിക്കുന്നവരുമാകുന്നു. ദിവ്യഹസ്തമാണ് അവർക്ക് പിന്നിൽ പ്രവർത്തിക്കുന്നത്. രണ്ട്: നുബുവ്വത്തിന്റെ പിന്തുടർച്ചയിൽ വരുന്ന ഖിലാഫത്ത് യഥാർത്ഥത്തിൽ , നുബുവ്വത്തിന്റെ പ്രതിച്ഛായയിലുള്ളതാകുന്നു. പ്രവാചകന്മാരുടെ ദൗത്യം പൂർണ്ണതയിലെത്തിക്കുക എന്നതുമാത്രമാണ് ഖലീഫന്മാരുടെ ലക്ഷ്യം. ആ ലക്ഷ്യത്തിൽ നിന്ന് അണുകിട പിന്മാറാൻ അവർ തയ്യാറാവുകയില്ല. ഹസ്റത്ത് അബൂബക്കർ (റ) ബാഹ്യമായ പ്രേരണകൾക്കടിപ്പെട്ട് ഉസാമയുടെ സൈന്യത്തെ സിറിയയിലേക്കയച്ചില്ലായിരുന്നുവെങ്കിൽ, പ്രവാചകന്മാർ കൈക്കൊണ്ട തീരുമാനങ്ങളിൽ നിന്ന് പിൻമാറാവുന്നതാണെന്ന ഒരു തെറ്റിദ്ധാരണ പിൽക്കാല്തത് ഉടലെടുക്കുമായിരുന്നു. അങ്ങനെ സമൂഹത്തിൽ വലിയ ബിദ്അത്തുകൾക്ക് വഴിമരുന്നിടാൻ അതൊരു നിമിത്തമാകുകയും ചെയ്യുമായിരുന്നു. അത്തരമൊരപകടാവസ്ഥ ഉടലെടുക്കാനുള്ള സാഹചര്യങ്ങൾ തന്നെ ഇല്ലാതാക്കുകയാണ് അദ്ദേഹം ചെയ്തത്. അതുകൂടാതെ സകാത്ത് വ്യവസ്ഥിതിക്കെതിരെ ശക്തമായി രംഗത്തുവന്ന ഒരു വിഭാഗം ആളുകളെ അദ്ദേഹം കർശനമായി നേരിടുകയും പരാജയപ്പെടുത്തുകയുമുണ്ടായി. ഹസ്റത്ത് അബൂബക്കറി (റ) ന് ശേഷം ഹസ്റത്ത് ഉസ്മാൻ (റ) ന്റെ ഖിലാഫത്ത് കാലത്ത് ആവശ്യമെങ്കിൽ ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കാവുന്നതാണെന്ന ധാരണ പരത്തി കുഴപ്പമുണ്ടാക്കാൻ കപട വിശ്വാസികൾ ശ്രമിച്ചപ്പോൾ അദ്ദേഹം ധീരമായി പ്രഖ്യാപിച്ചു. "ദൈവമാണ് എന്നെ ഖിലാഫത്തിന്റെ ഉടയാട അണിയിച്ചത്. അതിനാൽ എനിക്കെങ്ങനെ അത് അഴിച്ചു വെക്കാൻ സാധിക്കും? ദൈവത്തിന്റെ വരദാനമായ നുബുവ്വത്തിനെ ആർക്കും തട്ടിപ്പറിപ്പിക്കാൻ സാധി

ക്കാത്തപോലെ ദൈവം നിശ്ചയിച്ച ഖലീഫയെയും ലോകത്തിലെ ഒരു ശക്തിക്കും തെറിപ്പിക്കാനുള്ള അധികാരമില്ല" വാഗ്ദത്ത മസീഹ് (അ) ന്റെ ഖലീഫന്മാരുടെ കാലങ്ങളിലും മേൽപറഞ്ഞ സംഭവങ്ങളോട് സാദൃശ്യം പുലർത്തുന്ന പ്രശ്നങ്ങൾ തലപൊക്കാൻ തുടങ്ങിയപ്പോൾ അവരത് മുൻകൂട്ടി കാണുകയും അത്തരം കുഴപ്പങ്ങളെ മുളയിൽ നുള്ളിക്കളയുകയുമുണ്ടായി. ചുരുക്കത്തിൽ മതത്തിൽ, തെറ്റായ പ്രവണതകളും അനാചാരങ്ങളും, കുഴപ്പങ്ങളും ഉടലെടുക്കുമാറാകുന്ന സന്ദർഭങ്ങളിൽ നിന്നും സമുദായത്തെ രക്ഷിക്കാനും സന്മാർഗ പാതയിലൂടെ ജനങ്ങളെ നയിക്കാനുമുള്ള ദൈവനിശ്ചിതമായ സംവിധാനമാണ് ഖിലാഫത്ത്.

## ഖിലാഫത്തിന്റെ പുനരാഗമനം

പ്രവാചക വരേണ്യരായ നബി (സ) തിരുമേനിയുടെ ദീർഘദർശന പ്രകാരം ഒട്ടേറെ രൂപ മാറ്റങ്ങൾക്ക്ശേഷം വീണ്ടും യഥാർത്ഥ ഇസ്‌ലാമിക ഖിലാഫത്ത് നിലവിൽ വന്നിരിക്കുന്നു. ഇസ്‌ലാമിന്റെ പ്രത്യുത്ഥാനത്തിന് വേണ്ടി ആവിർഭവിച്ച വാഗ്ദത്ത മഹ്ദീ മസീഹ് മുഖേന തന്നെയാണ് ഇസ്‌ലാമിക ഖിലാഫത്തും പുനരുദയം ചെയ്തത്. ആ പുണ്യാത്മാവിന്റെ വിയോഗത്തെത്തുടർന്ന് അദ്ദേഹം രൂപം നൽകിയ അഹ്മദിയ്യാ ജമാഅത്തിൽ സന്മാർഗം സിദ്ധിച്ച ഖലീഫമാർ പ്രാദുർഭവിക്കുകയുണ്ടായി. ഇന്ന് 5-ാം ഖലീഫ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ ആത്മീയ നേതൃത്വത്തിൽ 'അൽജമാഅത്ത്' എന്ന സംജ്ഞയെ അർത്ഥപൂർണ്ണമാക്കിക്കൊണ്ട് വിശ്വതലത്തിൽ, ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്ന ഏക മുസ്‌ലിം സംഘടന അഹ്മദിയ്യാ മുസ്‌ലിംജമാഅത്ത് മാത്രമാകുന്നു. ഖിലാഫത്തിനെപ്പറ്റി പരാമർശിക്കുന്ന വിശുദ്ധവചനത്തിൽ (സൂറാ-അന്നൂർ -54) വിവരിച്ചിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നതും അഹ്മദിയ്യാ ജമാഅത്താണെന്ന് കാണാവുന്നതാണ്.

---

*(30-ാം പേജിൽ നിന്ന് തുടർച്ച)*

വുമില്ലാത്ത ഒന്നായിട്ടായിരിക്കും പ്രത്യക്ഷപ്പെടുക. സമയത്തിന്റെ ഏതൊരു ബിന്ദുവിൽ നിന്ന് നോക്കിയാലും ഇങ്ങനെ തന്നെയായിരിക്കും അനുഭവപ്പെടുക. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കാലത്തിന്റെ ഏതൊരു ബിന്ദുവിൽ വെച്ചും അനന്തതയെ അതിന്റെ സാന്നിദ്ധ്യമില്ലാത്ത അവസ്ഥയിൽ കണ്ടെത്താൻ സാധ്യമല്ല. പ്രകാശരശ്മിയുടെ ചുമലിലേറിക്കൊണ്ട് ഒരാൾ കോടാനുകോടി വർഷം ഭൂതകാലത്തേലേക്ക് സഞ്ചരിച്ചാലും അയാൾക്ക് അനന്തതയുടെ അറ്റം കണ്ടെത്താൻ സാധ്യമല്ല. അനന്തതയുടെ അറ്റം ഒരാൾക്ക് കണ്ടെത്താൻ കഴിഞ്ഞെങ്കിൽ അദ്ദേഹത്തിന്റെ ഉദ്യമം തെറ്റിപ്പോയിരിക്കുന്നു എന്ന് മനസ്സിലാക്കാം. അയാൾ പിൻതുടർന്നത് അനന്തതയെ ആയിരുന്നില്ല എന്ന് വ്യക്തമാണ്.

സമയത്തിലൂടെ പിറകോട്ട് സഞ്ചരിച്ച് പ്രപഞ്ചത്തെ അന്വേഷിക്കുന്ന അയാളെ തന്നെ ഒരിക്കൽ കൂടി സങ്കൽപ്പിക്കുക. എന്നെങ്കിലും അയാൾ തുടക്കം കണ്ടെത്തിയെന്നിരിക്കട്ടെ. പക്ഷെ അപ്പോഴേക്കും അനന്തത അയാളുടെ കയ്യിൽ നിന്നും പ്രപഞ്ചത്തെ അറ്റമില്ലാത്ത പാതയിലേക്ക് തള്ളിമാറ്റിയിരിക്കും. ഗ്രഹിക്കാൻ വളരെ വിഷമമുള്ള ഈ ആശയം യഥാർത്ഥലോകത്ത് വളരെ ലളിതവും മനസ്സിലാക്കാൻ എളുപ്പവുമാണ്. അത്തരം ഒരു സാങ്കല്പിക യാത്രക്കാരൻ കാലത്തിലൂടെയുള്ള പ്രയാണത്തിൽ പ്രപഞ്ചത്തിന്റെ ഉദ്ഭവം കണ്ടെത്തിയെന്നിരിക്കട്ടെ. അയാൾക്ക് അത് കണ്ടെത്തുന്നതിന് മുമ്പായി തന്നെ പ്രപഞ്ചം എന്തുകൊണ്ട് ഇല്ലാതായില്ല എന്ന് സ്വയം ചോദിക്കേണ്ടി വരും. കാലത്തിലെ ആ സമയബിന്ദുവിന് മുമ്പ് തന്നെ എൻട്രോപിക്ക് അത്തരം എണ്ണമറ്റ പ്രപഞ്ചങ്ങളെ വിഴുങ്ങാനുള്ള സമയമുണ്ട് എന്ന് ആ സഞ്ചാരിക്ക് എളുപ്പത്തിൽ കണ്ടെത്താൻ സാധിക്കും.

ഗണനാതീതമായ സമയഘട്ടങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന ഏറ്റവും വലിയ ഒരു സംഖ്യ സങ്കല്പിക്കുക. പിന്നീട് അനന്തതയെ ആ സംഖ്യ കൊണ്ട് നിറക്കാൻ ശ്രമിക്കുക. തീർച്ചയായും ആ സംഖ്യ പര്യവസാനിക്കുന്നതാണ്. എന്നാൽ അനന്തത പിന്നെയും ബാക്കിയാവുന്നു. എൻ ട്രോപി പ്രപഞ്ചത്തെ താപമരണത്തിന് (Heat death) വിധേയമാക്കാൻ കോടാനുകോടി വർഷം എടുത്താൻ പോലും അത് തീർച്ചയായും സംഭവിക്കേണ്ട ഒരു അനിവാര്യതയാണ്. ഇപ്പോൾ നമുക്ക് ഭൂതകാലത്തിലെ ഈ സാങ്കല്പിക യാത്രയിൽ നിന്നും വർത്തമാനകാലത്തിലേക്ക് തിരിച്ചു വരാം. എന്നിട്ട് ഈ സമയത്ത് എന്തുകൊണ്ട് നമുക്ക് ചുറ്റുമുള്ള പ്രപഞ്ചം നിലനിൽക്കുന്നു എന്ന് സ്വയം ചോദിക്കുക. അനന്തമായ ഭൂതകാലത്തിലൂടെ കുതറിമാറിക്കളയാൻ കഴിയാത്ത വിധം എൻട്രോപിയിൽ പ്രപഞ്ചം പൂർണമായും നശിക്കപ്പെടുമായിരുന്നില്ലേ? എന്നാൽ മറ്റൊരു വസ്തുത കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. എൻട്രോപിയുണ്ടായാലും ഇല്ലെങ്കിലും സൈദ്ധാന്തിക ശാസ്ത്രജ്ഞന്മാർ പ്രോട്ടോൺ നശിക്കാത്തതും അനന്തവുമാണെന്നും ഒരിക്കൽ വിശ്വസിച്ചിരുന്നു. എന്നാൽ പ്രോട്ടോണിന് ഒരു നിശ്ചിതമായ കാലയളവുണ്ടെന്നും അതിന് നാശത്തിന്നതീതവാൻ സാധ്യമല്ലെന്നുമുള്ള പൊതു സമ്മതിയിലേക്ക് ശാസ്ത്രജ്ഞന്മാർ എത്തിക്കഴിഞ്ഞു. പ്രോട്ടോണിന്റെ പ്രായം $10^{32}$ (10ന് ശേഷം 32 പൂജ്യങ്ങളുള്ള സംഖ്യ) എന്നത് ഭൗതികാതീതമായി കണക്കാക്കപ്പെടുന്നു. ഈ സംഖ്യ 1000ന് ശേഷം ആയിരം പൂജ്യങ്ങളുള്ള അതിനേക്കാൾ വലിയ സംഖ്യയായിരുന്നാ ലും ശരി അത് സൃഷ്ടിക്കപ്പെട്ടതാണെങ്കിൽ നാശത്തിന് വിധേയമാണ്. പ്രോ ട്ടോൺ കണം സൃഷ്ടിക്കപ്പെട്ടതല്ലായിരിക്കുകയും അനന്തമായി നിലനിൽ ക്കുകയും ചെയ്യുന്നതാണെങ്കിൽ എൻട്രോപിയുടെ കരങ്ങൾ അതിന് മുമ്പുണ്ടായിരുന്ന അറ്റമില്ലാത്ത വർഷങ്ങളെ ഉന്മൂലനം ചെയ്തിരിക്കണം. ●

ലേഖനം

# സൂര്യൻ ചുരുട്ടിമടക്കപ്പെട്ടു

എം. അലി വെള്ളയിൽ

## സൂര്യന്റെ പരിണാമത്തെക്കുറിച്ച് വിശുദ്ധഖുർആൻ

ഭൗതിക ശാസ്ത്രപരമായി വിചിന്തനം ചെയ്യുമ്പോൾ വിപ്ലവാത്മകമായ ഒരു ദർശനമാണ് സൂര്യൻ ചുരുട്ടിമടക്കപ്പെടുമ്പോൾ എന്ന വി. ഖുർആന്റെ പ്രവചനം. സൂര്യൻ അതിന്റെ പൂർണ്ണ പ്രതാപത്തോടുകൂടി സൗരയൂഥത്തെ സജീവമാക്കി നിലനിർത്തികൊണ്ടിരിക്കുമ്പോൾ സൂര്യൻ ചുരുട്ടിമടക്കപ്പെടുമെന്ന് വി. ഖുർആൻ പ്രഖ്യാപിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെയും മനുഷ്യനജ്ഞാതമായ ഒരപൂർവ്വ വിജ്ഞാനമായിരുന്നു അത്. മനുഷ്യന്റെ ബൗദ്ധികമായ പുരോഗതിയിൽ ഇരുപതാം നൂറ്റാണ്ടിലാണ് ഈ യാഥാർത്ഥ്യങ്ങളെല്ലാം അവൻ കണ്ടെത്തുന്നത്. വി. ഖുർആന്റെ അവതരണത്തിന് മുമ്പോ അതിന് ശേഷം ഇരുപതാം നൂറ്റാണ്ട് വരെ മനുഷ്യൻ ചർച്ച ചെയ്തിട്ടില്ലാത്ത ഒരു നക്ഷത്ര രഹസ്യമായിരുന്നു ഇത്. എന്നാൽ വി. ഖുർആന്റെ ഈ പ്രവചനം മനുഷ്യന് അജ്ഞാതമായ ഒരു വിജ്ഞാനമായതിനാൽ മുസ്ലിംകൾ തന്നെ അതിനെ ആലങ്കാരികമായിട്ടായിരുന്നു കണ്ടിരുന്നത്. ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രീയമായ വിജ്ഞാനങ്ങളുടെ കുതിച്ചുചാട്ടം ഈ പ്രസ്താവത്തെ അക്ഷരാർത്ഥത്തിൽ തന്നെ യാഥാർത്ഥ്യമാക്കിയിരിക്കുന്നു.

ഹെറാക്ലീറ്റസ് എന്ന യവനദാർശനികൻ ധരിച്ചിരുന്നത് സൂര്യന് ഒരു പരിചയുടെ വലിപ്പമേയുള്ളൂ എന്നായിരുന്നു. പുരാതന ഗ്രീസിലെ നവോത്ഥാന ചിന്തകനായിരുന്ന അനക്സാ ഗോറസ് എന്ന ദാർശനികൻ സൂര്യൻ ഗ്രീസിനോളം വലിയ ഒരു അഗ്നിഗോളമാണെന്ന് കുട്ടികളെ പഠിപ്പിച്ച കാരണത്താൽ അദ്ദേഹം നാടുകടത്തപ്പെട്ടു എന്ന് ജോർജ് ഗാമോവ് പറയുമ്പോൾ കാറൽ മാർക്സ് പറയുന്നത് അതിനോടൊപ്പം ഭൗതിക വാദം കൂടി പ്രചരിപ്പിച്ചതിനാലാണ് അദ്ദേഹം നാടുകടത്തപ്പെട്ടതെന്നാണ്. അരിസ്റ്റർക്കസ് എന്ന മറ്റൊരു യവന ദാർശനികനാണ് പിന്നീട് സൂര്യനെ സംബന്ധിച്ച ആശയങ്ങൾ പ്രകടിപ്പിച്ചത്. ഇദ്ദേഹം സൂര്യന്റെ വലിപ്പത്തെക്കുറിച്ചും ദൂരത്തെപറ്റിയുമാണ് ചിന്തിച്ചത്. ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്കുള്ള ദൂരത്തിന്റെ പത്തൊമ്പത് ഇരട്ടി ദൂരം സൂര്യനിലേക്കാണെന്നും ചന്ദ്രന്റെ പത്തൊമ്പത് ഇരട്ടി വലുപ്പം സൂര്യന് ഉണ്ടെന്നും അദ്ദേഹം വാദിച്ചു. ഇദ്ദേഹം സൂര്യകേന്ദ്ര സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായിരുന്നു. ഇദ്ദേഹത്തിന്റെയും കോപ്പർ നിക്കസിന്റെയും സൂര്യകേന്ദ്ര സിദ്ധാന്തങ്ങൾക്കിടയിൽ ആയിരത്തി എഴുനൂറ് വർഷത്തെ ഇടവേളയുണ്ട്. ഇദ്ദേഹത്തിന്റെ ദർശനങ്ങളെല്ലാം പൂർണമായും അവഗണിക്കപ്പെടുകയായിരുന്നു. സൗരയൂഥത്തിൽ ഗ്രഹങ്ങൾ ഉപഗ്രഹങ്ങളെയും കൊണ്ട് സൂര്യന് ചുററും ഭ്രമണം ചെയ്യുന്നു. ഭൂമിയോടൊപ്പം അതിന്റെ അന്തരീക്ഷത്തേയും ചന്ദ്രനേയും ദൈവം ഘടിപ്പിച്ചിരിക്കുന്നു. ഭൂമിയും അതിന്റെ അന്തരീക്ഷവും ചന്ദ്രനേയും മനുഷ്യൻ വിക്ഷേപിച്ച കൃത്രിമ ഉപഗ്രഹങ്ങളെയും കൊണ്ട് സെക്കന്റിൽ 30 കിലോമീറ്റർ വേഗത്തിൽ സൂര്യന് ചുറ്റും പ്രദക്ഷിണം അഥവാ തവാഫ് ചെയ്യുകയാണ്. അതേസമയം സൂര്യൻ 900 കോടി കിലോമീറ്റർ വരുന്ന സൗരയൂഥത്തേയും വഹിച്ചുകൊണ്ട് ഗാലക്സി കേന്ദ്രത്തിന് ചുറ്റും തവാഫ് ചെയ്യുകയാണ്. ഗാലക്സി കേന്ദ്രത്തെ അടിസ്ഥാനമാക്കിയുള്ള സൂര്യന്റെ പരിക്രമണത്തിനു പുറമെ സൂര്യന് മറ്റൊരു ചലനവും കൂടിയുണ്ടെന്ന് ജ്യോതിശാസ്ത്രം കണ്ടെത്തിയിരിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിലെ ഈ ജ്യോതി ശാസ്ത്രപരമായ കണ്ടെത്തലുകളെസ്സംബന്ധിച്ച് വിശുദ്ധ ഖുർആൻ ഏഴാം നൂറ്റാണ്ടിൽ മാനവരാശിയോടു പ്രഖ്യാപിച്ചിട്ടുണ്ട്.

"സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ച് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു." (55:6)

സൂര്യൻ അതിന്റെ നിശ്ചിത ദിശയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപവാനും സർവജ്ഞ്നുമായ അല്ലാഹുവിന്റെ ആസൂത്രണമത്രെ. (36:39)

1927 ൽ ഹെൻറിക്ക് ഊർട്ട് എന്ന ഡച്ച് ജ്യോതിശാസ്ത്രജ്ഞനാണ് ഗാലക്സി കേന്ദ്ര സിദ്ധാന്തം അവതരിപ്പിക്കുന്നത്. മിൽക്കിവേ എന്ന് വിളിക്കപ്പെടുന്ന നമ്മുടെ ഗാലക്സി കേന്ദ്രത്തിൽ ഒരു മഹാതമോഗർത്തമുണ്ട്. ഗാലക്സി കേന്ദ്രത്തിൽ നിന്ന് മുപ്പതിനായിരം പ്രകാശവർഷം അകലത്തിലാണ് സൂര്യൻ നിലനിൽക്കുന്നത്. ഗാലക്സികളുടെ ദ്രവ്യമാനം കണക്കാ

ക്കുന്നത് സൂര്യന്റെ ദ്രവ്യമാനത്തെ ആസ്പദമാക്കിയാണ്. ക്ഷീരപഥമെന്ന നമ്മുടെ ഗാലക്സിയുടെ ദ്രവ്യമാനം $2 \times 10^{12} M^{SUN}$ ആണ്. അതായത് രണ്ട് ലക്ഷം കോടി സൂര്യൻമാരുടെ ദ്രവ്യമാനം ക്ഷീരപഥ ഗാലക്സിക്ക് ഉണ്ടെന്നർത്ഥം. ഗാലക്സിയിലുള്ള പതിനായിരം കോടി നക്ഷത്രങ്ങൾ കേന്ദ്രത്തിനു ചുറ്റും പരിക്രമണം ചെയ്തുകൊണ്ടിരിക്കുകയാണ്. സൂര്യൻ ഒരു സെക്കന്റിൽ 220 കിലോ മീറ്റർ വേഗത്തിലാണ് കേന്ദ്രത്തിന് ചുറ്റും ചുറ്റിക്കൊണ്ടിരിക്കുന്നത്. ഹെൻഡ്രിക് ഊർട്ടിന്റെ സമീകരണങ്ങളുടെ അടിസ്ഥാനത്തിൽ ആകാശ ഗംഗയെന്ന നമ്മുടെ ഗാലക്സിയുടെ കേന്ദ്രത്തെ സൂര്യന് പൂർണമായ ഒരു പരിക്രമണം നടത്താൻ ആവശ്യമായ സമയം $2.5 \times 10^{8}$ വർഷമാണ്. അതായത് 25 കോടി വർഷം. ജ്യോതിശാസ്ത്രം സൂര്യന് കണക്കാക്കിയിരിക്കുന്ന പ്രായം $5 \times 10^{9} = 500$ കോടി ആണ്. സൗരയൂഥം ഇതുവരെ 20 തവണ ഗാലക്സി കേന്ദ്രത്തിനു ചുറ്റും പരിക്രമണം നടത്തിയിട്ടുണ്ടെന്ന് കണക്കാക്കുന്നു. മനുഷ്യന്റെ കാലഗണനയുടെ രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ സൗരയുഥത്തിന് ഇരുപത് വയസ്സായെന്നർഥം.

അരിസ്റ്റോട്ടലിന്റെ ഭൂകേന്ദ്ര സിദ്ധാന്തത്തിൽ നിന്ന് നാം കോപ്പർ നിക്കോസിലൂടെ സൗരകേന്ദ്ര സിദ്ധാന്തത്തിലെത്തിചേർന്നു. സൗരകേന്ദ്ര സിദ്ധാന്തത്തിൽ നിന്ന് ഹെൻഡറിക്ക് ഊർട്ടിലൂടെ ഇപ്പോൾ ഗാലക്സി കേന്ദ്ര സിദ്ധാന്തത്തിലെത്തി ചേർന്നിരിക്കുകയാണ്. ഇനി എന്നാണ് നാം ഗാലക്സി കേന്ദ്ര സിദ്ധാന്തത്തിൽ നിന്ന് ഒരു പ്രപഞ്ച കേന്ദ്ര സിദ്ധാന്തത്തിലെത്തിച്ചേരുക?

ഗാലക്സി കേന്ദ്രത്തിന് ചുറ്റുമുള്ള പ്രദക്ഷിണം കൂടാതെ സൂര്യന് മറ്റൊരു ചലനം കൂടിയുണ്ടെന്ന് ജ്യോതിശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. സൂര്യന്റെ ഈ പ്രയാണം ഹെർക്കുലിസ് നക്ഷത്ര ഗണത്തിലെ ഒരു ബിന്ദുവിനെ ലക്ഷ്യമാക്കിയാണ്. സൂര്യന്റെ ഈ ചലനം സെക്കന്റിൽ 20 കിലോമീറ്റർ എന്നതോതിലാണ് കണക്കാക്കിയിരിക്കുന്നത്.

ഭൂമിയിൽ നിന്ന് സൂര്യനിലേക്കുള്ള ദൂരം 14 കോടി 96 ലക്ഷം കിലോ മീറ്ററാണ്. സൂര്യന്റെ ദ്രവ്യമാനം ഭൂമിയുടെ ദ്രവ്യമാനത്തിന്റെ മൂന്ന് ലക്ഷം ഇരട്ടി വരും. സൗരയുഥത്തിലെ ദ്രവ്യത്തിന്റെ 99% ശതമാനം ദ്രവ്യവും സൂര്യനിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണ്. ഏകദേശം 14 ലക്ഷം കിലോമീറ്ററാണ് സൂര്യവ്യാസം. കൃത്യമായി കണക്കാക്കുമ്പോൾ എണ്ണായിരത്തി ഇരുപത് കിലോ മീറ്റർ കുറയും അതായത് 13, 91, 980 കി. മി.

സൂര്യനിൽ നടക്കുന്ന ആണവ പ്രക്രിയയുടെ ശരിയായ വിവരണം നൽകിയത് ജർമ്മൻ ശാസ്ത്രജ്ഞനായ ഹാൻസ് ബെഥെയാണ്. സൂര്യൻ ഒരു സെക്കന്റിൽ 45 ലക്ഷം ടൺ ഹൈഡ്രജൻ ഹിലീയമാക്കിമാറ്റുന്നു. സൂര്യന്റെ കേന്ദ്ര ഭാഗത്ത് വളരെ ചെറിയ ഒരു പ്രദേശത്താണ് ന്യൂക്ലിയർ സംയോജനം നടക്കുന്നത്. സൂര്യന്റെ അതിശക്തമായ ഗുരുത്വത്താൽ ഹൈഡ്രജൻ ആറ്റങ്ങൾ കേന്ദ്രത്തിൽ ഞെരിഞ്ഞമർന്നു സൃഷ്ടിക്കപ്പെടുന്ന മർദ്ദം ഉന്നതമായ താപാവസ്ഥ സൃഷ്ടിക്കുന്നു. ഒന്നരക്കോടി കെൽവിനോളം വരുന്ന ഈ താപാവസ്ഥ കേന്ദ്രത്തിലെ ചെറിയൊരു പ്രദേശത്ത് ദ്രവ്യത്തെ പ്ലാസ്മാവസ്ഥയിലാക്കുന്നു. പ്ലാസ്മാവസ്ഥയിൽ ആറ്റത്തിന് അതിന്റെ തനിമ നിലനിർത്താനാവില്ല. ആറ്റം ഉപ കണികകളായി വേർപ്പെട്ടുകൊണ്ടാണ് ന്യൂക്ലിയർ സംയോജനം നടക്കുന്നത്.

ഹൈഡ്രജന്റെ ന്യൂക്ലിയസുകൾ കൂടിചേർന്നാണ് ഡ്യൂട്ടിരിയം ന്യൂക്ലിയസുണ്ടാകുന്നത്. ഡ്യൂട്ടിരിയം ഹൈഡ്രജന്റെ ഐസോട്ടോപ്പ് തന്നെയാണ് ആറ്റോമിക സംഖ്യ തുല്യവും ആറ്റോമിക ഭാരം വ്യത്യസ്ഥവുമായതാണ് ഐസോടോപ്പുകൾ. ഹൈഡ്രജന്റെ ന്യൂക്ലിയസിലും പ്രോട്ടോൺ ഒന്നേയുള്ളൂ. എന്നാൽ ഡ്യുട്ടീരിയത്തിൽ ഒരു ന്യൂട്രോൺ കൂടിയുണ്ട്. തുടർന്ന് ഹീലിയത്തിന്റെ ഐസോട്ടോപ്പ് ഉണ്ടാകുകയും പിന്നീട് ഹീലിയമുണ്ടാകുകയും ചെയ്യുന്നു. ഇതാണ് സൂര്യനിലെ ആണവ പ്രക്രിയയുടെ ഒരു വശം. ഇത് മൗലികമായ രണ്ട് ചോദ്യങ്ങൾ ഉയർത്തും. ഒന്ന് ഹൈഡ്രജന്റെ ന്യൂക്ലിയസിൽ ഒരു പ്രോട്ടോൺ മാത്രമേയുള്ള ന്യൂട്രോണില്ല. മറ്റുമൂലകങ്ങൾ സൃഷ്ടിക്കുവാൻ സൂര്യന് ന്യൂട്രോൺ എവിടെ നിന്ന് കിട്ടി? രണ്ടാമതായി രണ്ട് പ്രോട്ടോണുകൾ തമ്മിൽ വികർഷണ ബലം വിനിമയം ചെയ്യുന്നതിനാൽ അവ തമ്മിൽ സാധാരണ നിലയിൽ അടുക്കുകയില്ല. രണ്ട് പ്രോട്ടോൺ മാത്രമുള്ള ന്യൂക്ലിയസ് പ്രപഞ്ചത്തിലില്ല.

ക്വാണ്ടം ഭൗതികം ഇതിന് വിശദീകരണം നൽകുന്നു. രണ്ട് പ്രോട്ടോണുകൾ തമ്മിലുള്ള വികർഷണ ബലത്തേക്കാൾ ശക്തമായ മറ്റൊരു ബലം രണ്ട് പ്രോട്ടോണുകളെ അടുപ്പിക്കുമ്പോൾ അതിലൊന്ന് ന്യൂട്രോണായി പരിണമിക്കാം. ഒരു പ്രോട്ടാണിൽ നിന്ന് ഒരു പോസിട്രോണും ഒരു ന്യൂട്രിനോയും ഡിസ്ചാർജ് ചെയ്യപ്പെടുന്ന പ്രതി പ്രവർത്തനം നടക്കുന്നതിനാലാണ് ന്യൂട്രോണാകുന്നത്. മറ്റു മൂലകങ്ങളുടെ ന്യൂക്ലിയസ് നിർമ്മിക്കാനുള്ള ന്യൂട്രോൺ ഇങ്ങനെ ലഭ്യമാകുന്നു.

ഭൗതിക ശാസ്ത്രപരമായി രണ്ട് ബലങ്ങൾക്കിടയിലാണ് നക്ഷത്രത്തിന്റെ തനിമ നിലനിൽക്കുന്നത്. അതായത് രണ്ട് ബലങ്ങളുടെ സമ്മിതിതിയാണ് സൂര്യനെ സൂര്യനാക്കി നിർത്തുന്നത്. ഈ രണ്ട് ബലങ്ങളിൽ ഒന്ന് സ്ഥായിയായതാണ്. രണ്ടാമത്തെ ബലം ആപേക്ഷികമാണ്. ഒന്നാമത്തെ ബലം തന്നെയാണ് രണ്ടാമത്തെ ബലത്തെ സൃഷ്ടിക്കുന്നത്. ഒന്നാമത്തെ ബലം ഗുരുത്വബലമാണ്. രണ്ടാമത്തെ ബലം ഊർജ്ജപ്രസാരണമാണ്. ഈ രണ്ടാമത്തെ ബലം ഉണ്ടാകുന്നത്. ഗുരുത്വബലം ഹൈഡ്രജനെ കേന്ദ്രത്തിലേക്ക് ഞെരുക്കുന്നു. ഈ ശക്തമായ മർദ്ദം ഉന്നതമായ താപം സൃഷ്ടിക്കുന്നു. അങ്ങനെ നടക്കുന്ന ന്യൂക്ലിയ സംയോജനത്തിൽ വിസർജ്ജിക്കപ്പെ

*(ശേഷം പേജ് 41 ൽ)*

മുസാഫിർ

# ജെറുസെലേമിനു മുകളിൽ പ്രേതനക്ഷത്രം

ഇസ്രായേലി പ്രവാചകന്മാരുടെ പിതൃഭൂമിയാണ് ഫലസ്തീൻ. പ്രവാചകന്മാരുടെ തിരുവവതാരമുണ്ടാകുമ്പോൾ ജെറുസലേമിൽ വെള്ളിനക്ഷത്രങ്ങൾ ഉദിച്ചുയരുമെന്ന് യഹൂദ പാരമ്പര്യങ്ങളും ബൈബിളും പറയുന്നു. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് കിഴക്ക് നിന്നുള്ള ജ്ഞാനികളെ ആകർഷിച്ച നക്ഷത്രം ഉദിച്ചുയർന്നത് ജറുസലേമിന് മുകളിലായിരുന്നല്ലോ. ആത്മീയ സാന്ത്വനങ്ങൾക്കായി ഒരു കാലത്ത് ഇസ്രായേലി ജനത കണ്ണും നട്ടിരുന്ന ഫലസ്തീന്റെ വ്യോമ മണ്ഡലത്തിൽ ഇന്ന് പ്രേതനക്ഷത്രങ്ങൾ ഉദിച്ചുയരുകയാണ്. ദാവീദിന്റെ നക്ഷത്രം കൊടിയടയാളമായി സ്വീകരിച്ച ഇസ്രയേൽ രാഷ്ട്രം തിന്മയുടെ മൂർത്തിയായി മാറിയിരിക്കുന്നു.

ഇസ്രയേൽ രാഷ്ട്രത്തിന്റെ പ്രധാനമന്ത്രി ഏരിയൽ ഷാരോണിന്റെ കുപ്രസിദ്ധി ഭുവന പ്രസിദ്ധമാണ്. പതിനാലാം വയസ്സിൽ 'ഫഗനാഹ്' എന്ന സയണിസ്റ്റ് ഭീകരസംഘടനയിൽ അംഗമായി ചേർന്ന ഷാരോൺ ഇസ്രയേൽ രൂപീകരണ വേളയിൽ പട്ടാളത്തിലായിരുന്നു. പട്ടാളത്തിനകത്തെ യൂണിറ്റ് 101 എന്ന കൊലയാളി സംഘത്തെ രൂപീകരിച്ചുകൊണ്ട് സൈനികസേവനം ആരംഭിച്ച ഷാരോൺ 1972 ൽ പാർലിമെന്റംഗമായി രാഷ്ട്രീയത്തിൽ പ്രവേശിച്ചു. കുടിയേറ്റ മന്ത്രിയായി സേവനമനുഷ്ടിച്ച അദ്ദേഹം അധിനിവിഷ്ട ഭൂമിയിൽ ജൂത പാർപ്പിട നിർമ്മാണ പദ്ധതിക്ക് നേതൃത്വം നൽകി. 1982 ൽ ലബനോണിലെ ഫലസ്തീൻ അഭയാർത്ഥി ക്യാമ്പുകളിൽ ഷരോൺ നടത്തിയ ആക്രമണങ്ങളിൽ 18,000 ഫലസ്തീനികളാണ് കൊല്ലപ്പെട്ടത്. ഷാബ്റ, ഷാറ്റില എന്നീ ക്യാമ്പുകളിലെ ആക്രമണത്തിൽ മാത്രം 3500 ഫലസ്തീനികളാണ് കശാപ്പ് ചെയ്യപ്പെട്ടത്. കൊടുംഭീകരന്മാർ പോലും ചെയ്യാൻ മടിക്കുന്ന കുറ്റകൃത്യങ്ങൾ ചെയ്ത് കയ്യറപ്പ് തീർന്ന ഒരു മനുഷ്യനെയാണ് നിർഭാഗ്യവശാൽ ഇസ്രായേൽ ജനത രാഷ്ട്രത്തലവനായി തിരഞ്ഞെടുത്തിരിക്കുന്നത്. രാഷ്ട്രത്തലവൻ എന്ന നിലക്ക് ബി. ജെ. പി. സർക്കാറിന്റെ ആതിഥ്യം സ്വീകരിച്ച് അദ്ദേഹം ഈയ്യിടെ ഇന്ത്യ സന്ദർശിക്കുകയുണ്ടായി. ഫലസ്തീനികളുടെ നേരെ ഇന്ത്യ അനുവർത്തിച്ച ഇത:പര്യന്തമുള്ള വിദേശ നയത്തിൽ ആശങ്കകളും ആശയക്കുഴപ്പങ്ങളുമാണ് അത് സൃഷ്ടിച്ചിരിക്കുന്നത്. രാഷ്ട്രപിതാവ് ഗാന്ധിജി മുതൽ രാജീവ് ഗാന്ധി വരെയുള്ളവരുടെ അനുഭാവം ജന്മഭൂമിയിൽ നിന്നും ആട്ടിപ്പുറത്താക്കപ്പെട്ട ഫലസ്തീൻ ജനതക്കുണ്ടായിരുന്നു. ചേരിചേരാനയത്തിന്റെ ഭാഗമായ ഇന്ത്യയുടെ ഫലസ്തീൻ സമീപനം ഇന്ത്യയുടെ ധാർമ്മിക ബോധത്തിന്റെ കീർത്തി ധാവള്യമായി ലോകം കണ്ടിരുന്നു. ബി. ജെ. പി. സർക്കാർ ആ സമവാക്യങ്ങളെല്ലാം അട്ടിമറിച്ചുവോ? ഏരിയൽ ഷാരോണിന്റെ സന്ദർശനത്തിനെതിരെ ഇടത്പക്ഷകക്ഷികളും ജനതാദൾ, സമാജ് വാദി, രാഷ്ട്രീയ സമാജ് വാദി മുതലായ പാർട്ടികളും. രൂക്ഷമായി വിമർശനമുയർത്തിയിരുന്നു. അതിനെതിരെ ബി. ജെ. പി. വക്താക്കൾ നൽകിയ മറുപടിയും ശ്രദ്ധേയമാണ്. മുസ്ലിം വോട്ട് ബാങ്ക് ഭയപ്പെട്ട് കൊണ്ടാണ് സ്വാഭാവികമായും മിത്രങ്ങളാവേണ്ട ഇസ്റായേലും ഇന്ത്യയും തമ്മിൽ നയതന്ത്ര ബന്ധം പോലും നടക്കാതെ പോയതെന്നാണ് ജസ്വന്ത് സിംഗ് പറഞ്ഞത്. അതുപോലെ ജോർദ്ദാൻ, ഈജിപ്ത്, ഖത്തർ മുതലായ അറബ് രാജ്യങ്ങൾ പരസ്യമായും മറ്റു മുസ്ലിം രാജ്യങ്ങൾ രഹസ്യമായും ഇസ്രായേലുമായി നയതന്ത്ര ബന്ധമുണ്ടായിരിക്കെ എന്തിന് ഇന്ത്യ മടിച്ചു നിൽക്കണം എന്ന ബി. ജെ. പി വക്താക്കളുടെ ചോദ്യത്തിനും വിമർശകർക്ക് ഉത്തരമില്ല. രാജ്യങ്ങളും ജനതകളും തമ്മിലുള്ള സഹവർത്തിത്വവും സഹകരണവും നല്ലത് തന്നെ. പക്ഷേ, ചിരന്തനമായ മൂല്യങ്ങളെ ബലികഴിച്ചാകരുതെന്ന് മാത്രം.

ലോകം ആദരിക്കുന്ന എല്ലാ നീതി സങ്കല്പങ്ങളേയും ബോധപൂർവ്വം തകർക്കുന്ന ഒരു വിധ്വംസക ശക്തിയായി വളരുകയാണ് ഇസ്രായേൽ. ഫലസ്തീൻ ജനതയുടെ അനിഷേധ്യനായ നേതാവ് യാസിർ അറഫാത്ത് ഫലസ്തീൻ വിമോചനത്തിന്റെ ഒരു പ്രതീകം കൂടിയാണ്. കഴിഞ്ഞ ഒന്നര പതിറ്റാണ്ട് കാലമായി അറഫാത്ത് സമാധാനത്തിന്റെ പാതയിലാണ്. അദ്ദേഹത്തെ നിഷ്കാസനം ചെയ്ത് ഫലസ്തീൻ പ്രശ്നം ഇല്ലാതാക്കാനാണ് ഇസ്രായേലിന്റെ ശ്രമം. ഈനാംപേച്ചിക്ക് മരപ്പട്ടി കൂട്ട് എന്ന മട്ടിൽ ഇസ്രായേലിന്റെ എല്ലാ പൈശാചിത കൃത്യങ്ങൾക്കും സംരക്ഷക

നായി അമേരിക്കയും നിലകൊള്ളുന്നു. ക്യാമ്പ് ഡേവിഡ്, ഓസ്ലോ കരാർ എന്നീ വ്യാജ സമാധാന ശ്രമങ്ങൾക്ക് ശേഷം റോഡ് മാപ്പ് എന്ന പേരിൽ ലോകത്തിനു മുന്നിൽ അമേരിക്കയും യഹൂദരും ചേർന്ന് ഒരു സമാധാന നാടകം അരങ്ങേറുകയാണ്. ഇതിന്റെ ഭാഗമായി ഇസ്രയേലി നിർദ്ദേശമനുസരിച്ച് മഹ്മൂദ് അബ്ബാസിനെ ഫലസ്തീൻ പ്രധാനമന്ത്രിയായി യാസിർ അറഫാത്ത് നിയമിക്കുകയുണ്ടായി. ഫലസ്തീനികളുമായുള്ള ചർച്ചയിൽ നിന്നും അറഫാത്തിനെ പൂർണമായും തഴഞ്ഞ് മഹ്മൂദ് അബ്ബാസിനെ ഫലസ്തീൻ പ്രതിനിധിയായി അംഗീകരിച്ച് കൊണ്ട് റോഡ് മാപ്പ് സമാധാന ശ്രമങ്ങൾ ഇസ്രായേലി താല്പര്യത്തിനനുസരിച്ച് മുന്നോട്ടുകൊണ്ടുപോകുകയായിരുന്നു. ലോകമാധ്യമത്തിൽ ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന റോഡ് മാപ്പിനെ വിശകലനം ചെയ്താൽ അത് വെറും തട്ടിപ്പാണെന്ന് കാണാം. ഒന്നാം ഘട്ടത്തിൽ അധിനിവേശ ഭൂമിയിൽ നിന്നും പിൻമാറുമെന്ന് റോഡ് മാപ്പിൽ വാഗ്ദാനമുണ്ടെങ്കിലും ഗാസയിലും പടിഞ്ഞാറെ തീരത്തുമുള്ള അധിനിവിഷ്ട ഭൂമിയിൽ കുടിയിരുത്തിയ 2 ലക്ഷം ജൂതന്മാരെപ്പറ്റി യാതൊന്നും റോഡ് മാപ്പിൽ പറയുന്നില്ല. ഈസ്റ്റ് ജറുസലേമിലുള്ള ലക്ഷക്കണക്കിന് ജൂത കുടിയേറ്റക്കാരെ മാറ്റുന്നതിനെ കുറിച്ചും യാതൊരു പരാമർശവുമില്ല. രണ്ടാം ഘട്ടത്തിൽ സ്വതന്ത്ര ഫലസ്തീൻ വാഗ്ദാനമുണ്ടെങ്കിലും ഫലസ്തീന്റെ അതിർത്തി താൽക്കാലികമായിരിക്കണമെന്നും അതിൽ പറയുന്നു. മൂന്നാം ഘട്ടത്തിൽ മദ്ധ്യപൗരസ്ത്യദേശം യുദ്ധ വിമുക്തമാക്കണമെന്നാണ് വാഗ്ദാനം. അതേ മദ്ധ്യപൗരസ്തദേശം ഇറാക്ക് ആക്രമണത്തിനു ശേഷം ഒരു ദശാബ്ദത്തിലേറെയായി അമേരിക്കയും ഇസ്രായേലും ചേർന്ന് തീക്കളമാക്കിയിരിക്കുന്നു. ഇറാനിലേക്കും സിറിയയിലെക്കും അത് വ്യാപിക്കുമെന്നും പറയുന്നു. ഫലസ്തീൻ താല്പര്യങ്ങൾക്കെതിരായി നിന്ന മഹ്മൂദ് അബ്ബാസ് സെപ്തംബർ 6 ന് രാജി വെച്ചൊഴിഞ്ഞു. അതോടെ സമാധാന പദ്ധതി എന്ന് അമേരിക്കൻ മാധ്യമങ്ങൾ കൊട്ടിഘോഷിച്ച റോഡ് മാപ്പ് പദ്ധതി തകർന്നുവെന്ന് ഏരിയേൽ ഷാരോൺ പ്രഖ്യാപിച്ചു. ഇതിനുശേഷം ഭീകരവാദിയായ അറഫാത്തുമായി ചർച്ച ചെയ്യാൻ സാധ്യമല്ല എന്ന് പറഞ്ഞ് യഥാർത്ഥ ഭീകരനായ ഷാരോൺ ഹമാസ് നേതാവായ അബൂഷനാബിനെ വധിച്ചുകൊണ്ട് ഏകപക്ഷീയമായി അക്രമണമാരംഭിക്കുകയാണ്. മാത്രമല്ല, ഫലസ്തീൻ നേതാക്കന്മാരെ വധിക്കാൻ വേണ്ടി ചാപ്പകുത്തിയിരിക്കുന്നുവെന്ന അത്യന്തം പ്രകോപനപരമായ പ്രഖ്യാപനവും അയാൾ നടത്തി. ഷാറോണിന്റെ പ്രസ്താവനക്ക് പ്രതികരണമായിക്കൊണ്ട് ആത്മഹത്യാ ബോംബ് സ്ഫോടനങ്ങളുടെ പരമ്പരയാണ് ഇസ്രായേലിൽ അരങ്ങേറുന്നത്.

ഫലസ്തീനികളുടെ അനിഷേധ്യ നേതാവ് യാസിർ അറഫാത്തിനെ വധിക്കുകയോ പുറത്താക്കുകയോ ചെയ്യുമെന്ന ഇസ്രായേലിന്റെ പ്രഖ്യാപനത്തെ ലോകരാഷ്ട്രങ്ങൾ ഒന്നടങ്കം എതിർത്തിരിക്കുകയാണ്. രക്ഷാസമിതിയിൽ അവതരിപ്പിക്കപ്പെട്ട ഇസ്രായേലിനെ അപലപിക്കുന്ന പ്രമേയം അമേരിക്ക വീറ്റോ ചെയ്ത് പരാജയപ്പെടുത്തിയെങ്കിലും പൊതുസഭയിൽ 133 രാജ്യങ്ങൾ ഇസ്രായേലിനെ അപലപിക്കുന്ന പ്രമേയത്തിനനുകൂലമായി വോട്ടു ചെയ്തു. അമേരിക്കയും ഇസ്രായേലുമടക്കം 4 രാജ്യങ്ങൾ മാത്രമേ അതിനെ എതിർത്തുള്ളൂ. 15 രാജ്യങ്ങൾ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു. ഇതിൽ നിന്നും ലോക ജനാഭിപ്രായം ഇസ്രായേലിനെതിരെ എത്ര മാത്രം ശക്തമാണെന്ന് വ്യക്തമാണ്.

റോഡ് മാപ്പ് ചർച്ചകൾ നടന്നുകൊണ്ടിരിക്കെ ഇസ്രായേൽ പിടിച്ചെടുത്ത ഫലസ്തീൻ ഭൂമിയിലൂടെ ഒരു മതിൽ നിർമ്മാണം മുന്നേറുകയാണ്. ഫലസ്തീൻ ഭൂമി കവർന്നെടുത്ത് ഈ മതിൽ 8 മീറ്റർ ഉയരത്തിൽ 640 കീലോമീറ്റർ നിർമ്മിക്കാനാണ് പദ്ധതി. 150 കി. മീറ്റർ പണി പൂർത്തിയായി. സാധാരണ ബർലിൻ മതിൽ പോലെയുള്ള ലളിതമായ ഒരു മതിലല്ല ഇത്. ഇതൊരു ഇലക്ട്രോണിക് മതിൽ ആണ്. മതിലിനോട് ചേർന്ന് 4 മീറ്റർ ആഴത്തിൽ കിടങ്ങ്. പിന്നീട് ഇസ്രായേലീ സൈനിക വാഹനങ്ങൾക്ക് കടന്ന് പോകാൻ റോഡ്. അതിനുശേഷം അത്യന്താധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ ഘടിപ്പിച്ച കമ്പിവേലി. ഇതാണ് മതിൽ സംവിധാനം. അമേരിക്കയിലെ പ്രഗത്ഭനായ അറബ് ക്രിസ്ത്യൻ ചിന്തകൻ എഡ്വേർഡ് സെയ്ദ്* ഈ മതിലിനെ വിളിച്ചത്. Ghasty racist wall (ഭീഭത്സമായ വംശീയ മതിൽ) എന്നാണ്. മതിൽകെട്ടി സ്വയം മറ്റു ജനതയിൽ നിന്നും വിഘടിച്ചു നിൽക്കുക എന്നത് ഹീനവും ഔദ്ധത്യപൂർണ്ണവുമായ ഒരു ജൂത മന:ശാസ്ത്രം കൂടിയാണ്. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്ന മനോഗ്രസ്തിയാണ് ബാധിച്ചിരിക്കുന്നത്. യൂറോപ്പിൽ ഗട്ടോകളിൽ സ്വയംകൃത വിപ്രാവസ്ഥ ദൈന്യമാർന്നതാണെങ്കിലും ഇതിനുദാഹരണമാണ്. റസൂൽ തിരുമേനിയുടെ കാലത്ത് യഹൂദ ഗ്രാമങ്ങൾക്ക് ചുറ്റും മതിൽകെട്ടി ബന്ധിച്ചിരുന്നതായി ചരിത്രം പറയുന്നു. റസൂൽ തിരുമേനി

* ഈ കുറിപ്പ് എഴുതിതീർന്നപ്പോഴേക്കും എഡ്വേർഡ് സെയ്ദ് (67) അമേരിക്കയിൽ വെച്ച് സെപ്തംബർ 25 ന് രക്താർബുദം ബാധിച്ച് അന്തരിച്ചു. അമേരിക്കയിൽ സ്ഥിരതാമസമാക്കിയ ഈ ക്രിസ്ത്യൻ ഫലസ്തീൻ വംശജൻ കൊളംബിയാ യൂണിവേഴ്സിറ്റിയിൽ സാഹിത്യ വിഭാഗം പ്രൊഫസറും ഫലസ്തീനികൾക്ക് വേണ്ടി വാദിച്ച പാശ്ചാത്യ ലോകത്തെ ഏറ്റവും ശ്രദ്ധേയനായ ധിഷണാശാലിയുമായിരുന്നു. കോളോണിയിലിസത്തിന്റെ ഹീനമായ വശം വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം രചിച്ച 'ഓറിയന്റിലിസം' (Orientalism) എന്ന പുസ്തകം ലോക പ്രശസ്തമാണ്. യൂറോപ്യൻ ഉദാരവാദവും സെക്കുലർ നൈതികതയും സാമ്രാജ്യത്വ വിരുദ്ധ മനോഭാവവും സമ്മേളിച്ച പാശ്ചാത്യ ലോകത്തെ അപൂർവ്വം ബുദ്ധിജീവികളിലൊരാളായിരുന്നു എഡ്വേർഡ് സെയ്ദ് . 1977 ൽ ഫലസ്തീൻ നാഷനൽ കൗൺസിലിലേക്ക് (പി.എൻ.സി) തിരഞ്ഞെടുക്കപ്പെട്ട സെയ്ദ്, യാസിർ അറഫാത്തിന്റെ രാഷ്ട്രീയ നേതൃത്വവുമായി വിയോജിച്ചിരുന്നു. യാസിർ അറഫാത്തുമായി അമേരിക്കയും യഹൂദികളും ഉണ്ടാക്കിയ ഓസ്ലോ കരാറിന്റെ നിശിത വിമർശകനായിരുന്നു അദ്ദേഹം. പ്രതിഭാശാലിയായ ആ മനുഷ്യസ്നേഹിയുടെ സ്മരണക്ക് മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

കുറിപ്പുകൾ

മുസാഫിർ

# വ്യഭിചാരവും എറിഞ്ഞുകൊല്ലലും

വ്യഭിചാര കുറ്റത്തിന് നൈജീരിയയിലെ ഇസ്‌ലാമിക കോടതി കല്ലെറിഞ്ഞു കൊല്ലാൻ വിധിച്ച ഒരു യുവതിയെ അവിടത്തെ അപ്പീൽ കോടതി വെറുതെ വിട്ടിരിക്കുന്നു. ഭർത്താവ് മൊഴിച്ചൊല്ലിയതിനുശേഷം ഒരു കുഞ്ഞിന് ജന്മം നൽകിയതാണ് ആമിനാ ലവാൾ എന്ന യുവതിക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം. അന്തർദേശീയ മനുഷ്യാവകാശ സംഘടനകളും മാധ്യമങ്ങളും നിയമജ്ഞരും ഇസ്‌ലാമിക കോടതിയുടെ ഈ വിധിക്കെതിരെ രൂക്ഷമായ വിമർശനമുന്നയിച്ചിരുന്നു. നൈജീരിയയിലെ 12 മുസ്‌ലിം സംസ്ഥാനങ്ങളിൽ 1999ൽ ഇസ്‌ലാമിക ശരീഅത്ത് നിയമം നടപ്പാക്കിയതിന് ശേഷം വ്യഭിചാരിണിയെ സംബന്ധിച്ച് ആദ്യമുണ്ടായ വിധിയാണ് അപ്പീൽ കോടതി തടഞ്ഞത് (അവലംബം: The Hindu - സെപ്റ്റംബർ 26 - 2003)

വ്യഭിചാരക്കുറ്റം ചെയ്തയാളെ കഴുത്തോളം മണ്ണിൽ കുഴിച്ച് മൂടി കല്ലെറിഞ്ഞു കൊല്ലുന്ന രാക്ഷസീയ ശിക്ഷാ സമ്പ്രദായം തീർച്ചയായും ഇസ്‌ലാമികമല്ല. ആധുനിക കുറ്റശാസ്ത്രത്തിന്റെയും (Criminology) ശിക്ഷാ ശാസ്ത്രത്തിന്റെയും (Penology) ഏറ്റവും പുരോഗമനപരമായ വീക്ഷണങ്ങൾ പോലും ഉൾക്കൊള്ളാൻ കഴിയുന്ന ഇസ്‌ലാമിക നീതിന്യായ സംവിധാനങ്ങൾക്ക് ഇത്തരം പ്രാകൃത രീതികളുമായി യാതൊരു ബന്ധവുമില്ല. പൈശാചിക വാസനകളുള്ള വ്യാജ സദാചാര വാദികളായ ഫുഖഹാക്കളാണ് ഈ യഹൂദ നിയമത്തെ ഇക്കാലത്തും ഇസ്‌ലാമിക ശരീഅത്താണെന്നും പറഞ്ഞ് നെഞ്ചിലേറ്റി നടക്കുന്നത്. മതസ്വാതന്ത്ര്യത്തിന് ഏറ്റവും കൂടുതൽ ഊന്നൽ നൽകികൊണ്ട് മതംവിശ്വസിക്കുന്ന കാര്യത്തിൽ യാതൊരു നിർബന്ധവുമില്ലെന്ന് വ്യക്തമായ ഭാഷയിൽ ഖുർആൻ പ്രഖ്യാപിച്ചതാണ്. എന്നിട്ടും ഇസ്‌ലാം മതം ഉപേക്ഷിക്കുന്നവന്റെ തലവെട്ടിക്കളയണം എന്ന് സിദ്ധാന്തിക്കുന്ന ജമാഅത്തെ ഇസ്‌ലാമി നേതാവ് അബുൽ അഅ്‌ലാ മൗദൂദിയേയും മുസ്‌ലിം ലോകം പണ്ഡിതനായി എണ്ണുന്നു. ഇത് പോലെയുള്ള താലീബാനിസം ആവേശിച്ച പണ്ഡിത കോമരങ്ങൾ ഉറഞ്ഞുതുള്ളുന്ന രാവണൻ കോട്ടയാണ് ഇന്ന് മുസ്‌ലിം ലോകം. ഇത്തരം പൊല്ലാപ്പ് പിടിച്ച മുല്ലാക്കളെ ഇസ്‌ലാമിന്റെ പേരിൽ വേഷം കെട്ടിച്ച് എഴുന്നള്ളിച്ചാൽ മനുഷ്യ സ്വാതന്ത്ര്യത്തിന്റെയും നീതിയുടേയും ഏറ്റവും വലിയ തത്വങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഇസ്‌ലാം മതത്തെ മറ്റുള്ളവർ തെറ്റിദ്ധരിച്ചില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ!

വ്യാഭിചാരിയെ എറിഞ്ഞുകൊല്ലുക എന്നത് ഒരു യഹൂദ സമ്പ്രദായമാണ് അവളെ ചുട്ടുകൊല്ലാനാണ് ബൈബിൾ പറയുന്നത് (ലേവ്യ: 21:9). അടിസ്ഥാനപരമായി വ്യഭിചാരം ഒരു ക്രിമിനൽ കുറ്റമല്ല. ഒരു ധാർമ്മിക കുറ്റമാണ്. അതായത് അന്യായക്കാരനും പ്രതിയുമില്ലാത്ത രണ്ടുപേർ ചേർന്നു നടത്തുന്ന ഒരു സദാചാര ലംഘനമാണ് വ്യഭിചാരം. ഇത് കേവലമൊരു സദാചാരലംഘനം മാത്രമല്ല. അനവധി ജീവിത പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്ന വ്യഭിചാരം നികൃഷ്ടമായ ഒരു ഹീനകൃത്യമായിട്ടാണ് ഖുർആൻ കാണുന്നത്. "നിങ്ങൾ വ്യഭിചാരത്തെ സമീപിക്കരുത്. അത് തീർച്ചയായും നീചകൃത്യവും എത്രയും ചീത്തയായ ഒരു വഴിയുമാണ്. (17:33). വ്യഭിചാരിക്ക് 100 അടി ശിക്ഷ എന്നാണ് ഖുർആൻ അസന്നിഗ്ദമായി പറയുന്നത്: "വ്യഭിചാരിണിയേയും വ്യഭിചാരിയേയും അവർ രണ്ടുപേരിൽ ഓരോരുത്തരേയും (കുറ്റം തെളിഞ്ഞാൽ) നൂറ് വീതം അടിക്കുക (24:3). വ്യഭിചാരം എന്ന ഈ രഹസ്യവേഴ്ച സ്ഥാപിക്കാനാകട്ടെ നാല് പേരുടെ സാക്ഷ്യവും

---

മദീനയിൽ വസിച്ചിരുന്നപ്പോൾ അവിടെ യഹൂദ ഗോത്രങ്ങൾ കോട്ടമതിലുകൾക്കകത്തായിരുന്നു താമസിച്ചത്. ബനൂ നളീർ എന്ന യഹൂദ ഗോത്രം മുസ്‌ലിംകളുമായി കോട്ടമതിലിനകത്ത് നിന്ന് യുദ്ധം ചെയ്ത സംഭവം വിവരിച്ചുകൊണ്ട് ഖുർആൻ പറയുന്നു: "കോട്ടകളുള്ള പ്രദേശങ്ങളിൽ വെച്ചോ മതിലുകളുടെ പിന്നിൽ നിന്നോ അല്ലാതെ അവർ നിങ്ങളോട് സംഘടിച്ച് യുദ്ധം ചെയ്യുന്നതല്ല." (59:15). കോട്ടക്കകത്തും മതിലിന്നകത്തും സുരക്ഷിതരാണെന്ന് കരുതി അനീതിയും പൈശാചിക കൃത്യങ്ങളും ചെയ്തു കൂട്ടുന്ന യഹൂദികളോടുള്ള അല്ലാഹുവിന്റെ താക്കീത് അവർ ശ്രദ്ധിക്കട്ടെ. 'തങ്ങളുടെ കോട്ടകൾ അല്ലാഹുവിൽ നിന്ന് അവരെ രക്ഷിക്കുമെന്ന് അവർ ധരിച്ചിരുന്നു. എന്നാൽ അവർ വിചാരിക്കാത്തഭാഗത്തുകൂടി അല്ലാഹു അവരുടെയടുക്കൽ ചെന്നു. അവരുടെ ഹൃദയങ്ങളിൽ അവൻ ഭീതി ജനിപ്പിക്കുകയും ചെയ്തു. അവർ തങ്ങളുടെ വീടുകൾ സ്വന്തം കരങ്ങൾ കൊണ്ട് തകർത്തുകൊണ്ടിരുന്നു. വിശ്വാസികളുടെ കരങ്ങൾ കൊണ്ടും. അതുകൊണ്ട് കണ്ണുള്ളവരേ, നിങ്ങൾ പാഠം പഠിച്ചുക്കൊള്ളുക. (സൂറ:അൽ ഹശ്ർ 59 :15)


വേണമെന്ന് ഖുർആൻ നിഷ്കർഷിക്കുന്നത് കാണുക. "ചാരിത്ര്യവ്രതകളായ സ്ത്രീകളുടെ പേരിൽ വ്യഭിചാരക്കുറ്റം ആരോപിക്കുന്നവർ നാലുസാക്ഷികളെ കൊണ്ടുവന്നില്ലെങ്കിൽ അവരെ എൺപത് അടി അടിക്കുക. അവരുടെ സാക്ഷ്യം ഒരിക്കലും നിങ്ങൾ സ്വീകരിക്കരുത് അവർ തന്നെയാണ് ധിക്കാരികൾ" (24:5). ഈ ഖുർആൻ ആയത്തിൽ നിന്നും മനസ്സിലാകുന്നത് സമൂഹത്തിന്റെ സദാചാര ഭദ്രതയെ അപകടപ്പെടുത്തും വിധം തുറന്ന നിലയിലുള്ള വ്യഭിചാരം മാത്രമേ രാജ്യത്തിന്റെ നിയമത്തിന്റെ ദൃഷ്ടിയിൽ പെടാൻ സാധ്യതയുള്ളൂ എന്നാണ്. അതും അന്യായമായ രീതിയിൽ നിരുത്തരവാദിത്തപരമായി വ്യഭിചാരക്കുറ്റം ആരോപിക്കുകയും നാല് സാക്ഷികളെ ഹാജരാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്താൽ, എൺപത് അടി ശിക്ഷക്ക് ആരോപണമുന്നയിച്ചയാൾ വിധേയനാകും. മാത്രമല്ല പിന്നീട് നീതിപീഠങ്ങൾക്ക് മുമ്പിൽ സാക്ഷിപറയാനുള്ള അയാളുടെ യോഗ്യത കാലാകാലത്തേക്കുമായി നഷ്ടപ്പെടുകയും ചെയ്യും. ഭർത്താവില്ലാത്തവൾക്ക് ഒരു കുഞ്ഞുണ്ടായി എന്ന കാരണം കൊണ്ട് മാത്രം അവളെ വ്യഭിചാരിണിയായി ചിത്രീകരിക്കാൻ ഇസ്‌ലാമിക നിയമം അനുവദിക്കുന്നില്ല. വിശുദ്ധഖുർആനിൽ തന്നെ പുണ്യവതികളിൽ പുണ്യവതിയും ഒരു പ്രവാചകന്റെ മാതാവുമായ ഹസ്റത്ത് മർയം ബീവി കന്യാകാവസ്ഥയിൽ മാതൃപദം പൂകിയതായി ഖുർആൻ പറയുന്നു. അത്യപൂർവ്വം സന്ദർഭങ്ങളിൽ ചില അസാധാരണമായ ജൈവ ശാസ്ത്ര പ്രതിഭാസങ്ങൾക്കൊണ്ട് പുരുഷന്റെ സഹായമില്ലാതെ തന്നെ സ്ത്രീ ഗർഭിണിയാകാനുള്ള സാധ്യത (Partheno Genesis) യുണ്ടെന്ന് ആധുനിക ശാസ്ത്രം പറയുന്ന കാര്യവും നാം ഓർക്കണം.

മധ്യകാല ക്രിസ്തീയ ലോകത്ത് നടപ്പാക്കിയിരുന്ന ഇൻക്വിസിഷൻ വിചാരണ സമ്പ്രദായ പ്രകാരം നീതിപീഠങ്ങൾ തെളിവൊന്നും കൂടാതെ പ്രതിയിൽ കുറ്റം ആരോപിക്കുമായിരുന്നു. ഈ സമ്പ്രദായത്തിൽ നീതിപീഠങ്ങളുടെ സംശയങ്ങൾ പ്രതിയെ അപരാധിയും ശിക്ഷാ പാത്രവുമാക്കുന്നു. എന്നാൽ ആധുനിക കോടതികളെപ്പോലെ സംശയത്തിന്റെ ആനുകൂല്യങ്ങൾ മുഴുവൻ പ്രതിക്ക് നൽകുന്ന സമ്പ്രദായം ഇസ്‌ലാമാണ് വ്യവസ്ഥാപിതമായി ലോകത്തെ പരിചയപ്പെടുത്തിയതെന്ന് ചരിത്രം പറയുന്നു. ആയിരം അപരാധികളെ വെറുതെ വിട്ടാലും ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുത് എന്നാണല്ലോ നീതി വാക്യം.

വ്യഭിചാരിക്ക് എറിഞ്ഞു കൊല്ലലല്ല ശിക്ഷ എന്നതിന് മറ്റൊരു വ്യക്തമായ തെളിവ് ഇതാണ്. അതായത് അടിമസ്ത്രീകൾ വ്യഭിചാര കൃത്യത്തിൽ ഏർപ്പെട്ടാലുള്ള ശിക്ഷയെ സംബന്ധിച്ച് ഖുർആൻ പറയുന്നു: 'അവർ (അടിമസ്ത്രീകൾ) ഏതെങ്കിലും അസന്മാർഗ്ഗിക ചെയ്തികളിലേർപ്പെട്ടതായാൽ സ്വതന്ത്ര സ്ത്രീകൾക്ക് നൽകപ്പെടുന്നതിന്റെ പകുതി ശിക്ഷ അവർക്ക് നൽകേണ്ടതാണ്. (4:26). ഇവിടെ വ്യഭിചാരിണികളായ സ്വതന്ത്ര സ്ത്രീകളുടെ പകുതി ശിക്ഷയാണ്. വ്യഭിചാരിണികളായ അടിമസ്ത്രീക്ക് നിർദ്ദേശിക്കപ്പെട്ടത്. എറിഞ്ഞു കൊല്ലലാണ് ശിക്ഷയെങ്കിൽ കൊല്ലൽ എങ്ങിനെ പകുതിയാക്കാൻ സാധിക്കും.

ചില ഹദീസുകളിൽ വ്യഭിചാരിണിയെ എറിഞ്ഞു കൊന്നതായ പരാമർശമുണ്ട്. ആ ഹദീസുകൾ സൂക്ഷ്മ വിശകലനത്തിൽ നിവേദനത്തിലും യുക്തിപരതയിലും വളരെയേറെ വൈകല്യങ്ങൾ ഉള്ളതാണെന്ന് അഹ്മദീ മുസ്‌ലിം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെ ഇസ്‌ലാമിക നിയമവ്യവസ്ഥ രൂപം കൊണ്ടിട്ടില്ലാത്ത ഘട്ടത്തിൽ ഇസ്‌ലാം മതം സ്വീകരിച്ച യഹൂദികളിലോ അതല്ല യഹൂദ പാരമ്പര്യമനുസരിച്ച് നിയമം വിധിച്ചിരുന്ന ഗോത്രങ്ങളിലോ സംഭവിച്ചതാകാം. ഏതായാലും മുസ്‌ലിംകളുടെ ഏറ്റവും ആധികാരിക പ്രമാണമായ ഖുർആന്റെ വ്യക്തമായ നിർദ്ദേശം വന്നതിൽ പിന്നെ മറ്റെല്ലാ പാരമ്പര്യങ്ങൾക്കും സമ്പ്രദായങ്ങൾക്കും ഇസ്‌ലാമിൽ യാതൊരു പ്രസക്തിയുമില്ല.

ശിക്ഷാ ശാസ്ത്രത്തിൽ ഉണ്ടാവുന്ന നൂതന വികാസങ്ങൾ ഉൾക്കൊള്ളാൻ വേണ്ടി അയവുള്ള നിലപാടാണ് ഖുർആൻ സ്വീകരിച്ചത്. കുറ്റവാളികളുടെ സംസ്കരണം ഉദ്ദേശിച്ച് മാപ്പിന്റെയും പൊറുത്തുകൊടുക്കലിന്റെയും തത്വങ്ങൾ കുറ്റകൃത്യങ്ങളെക്കുറിച്ച് പറഞ്ഞ സ്ഥലത്തെല്ലാം ഖുർആൻ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. വാദിയും പ്രതിയുമില്ലാത്ത വ്യഭിചാരക്കുറ്റം സെക്കുലർ കോടതികൾ നിർദ്ദോഷ കുറ്റമായിട്ടാണ് കാണുന്നത്. എന്നാൽ വ്യഭിചാര കുറ്റം തെളിഞ്ഞാൽ അടിശിക്ഷ എന്ന കർശനമായ നിയമത്തിന്റെ ഭാഷയിൽ ഖുർആൻ സംസാരിക്കുന്നത് ഏറ്റവും ശ്രദ്ധേയമാണ്. ചില ആധുനിക വിമർശകർ ഖുർആൻ നിർദ്ദേശിക്കുന്ന അടിശിക്ഷയെ പ്രാകൃതമെന്ന് പറഞ്ഞു പരിഹസിക്കാറുണ്ട്. പക്ഷേ ശാസ്ത്രീയമായി വിശകലനം ചെയ്യുമ്പോൾ അടി ശിക്ഷ ചില കുറ്റകൃത്യങ്ങൾക്ക് ഏറ്റവും യുക്തിപൂർണവും ഫലപ്രദവുമാണെന്ന് കാണാം. ശരീരത്തിന്റെ സുഖത്തിനും ആസക്തിക്കും വേണ്ടി ഒരാൾ നടത്തുന്ന അഗമ്യഗമനങ്ങളും കുറ്റകൃത്യങ്ങൾക്കുമുള്ള ശിക്ഷ ആ ശരീരത്തെ തന്നെ വേദനിപ്പിക്കുകയാണ്. എന്നാൽ ജയിൽ ശിക്ഷ പലപ്പോഴും കുറ്റവാളിയുടെ സംസ്കരണത്തിനോ അവന്റെ ശ്രേയസ്സിനോ യോജിച്ചതല്ല. കുറ്റവാളികളെ അലസന്മാരാക്കുകയും അവരുടെ കർമ്മശേഷിയെ നിശ്ചേതനമാക്കി ഒരു സ്ഥലത്ത് ഭക്ഷണം കൊടുത്ത് ബന്ധനസ്ഥനാക്കി ഇടുകയും ചെയ്യുന്നത് മൂലം രാഷ്ട്രത്തിനു ണ്ടാകുന്ന നഷ്ടം ഭാരിച്ചതാണ്. മറ്റു ജയിൽ പുള്ളികളുമായുള്ള സഹവാസം അവനെ കൂടുതൽ മോശക്കാരനാക്കുകയും ചെയ്യും. വിശ്വപ്രശസ്തനായ നോവലിസ്റ്റ് ലിയോ ടോൾസ്റ്റോയിയുടെ 'ഉയിർത്തെഴുന്നേൽപ്പ്' (Resurrection) എന്ന നോവലിൽ ഇത് സംബന്ധമായുള്ള ഒരു ചർച്ചയുണ്ട്. ആ സംഭാഷണ ശകലം ഉദ്ധരിച്ചുകൊണ്ട് ഈകുറിപ്പ് അവസാനിപ്പിക്കാം.



സെപ്റ്റംബർ 6, 7 തീയതികളിൽ സിദ്ദിഖ് അമീർ അലി നഗർ (അമാനി ഓഡിറ്റോറിയം, കണ്ണൂർ) വെച്ച് നടന്ന സംസ്ഥാന അൻസാറുല്ലാഹ് ഇജ്തിമ അമീർ എ. പി. കുഞ്ഞാമു സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ഇരിക്കുന്നവർ മൗലാനാ കരീമുദ്ദീൻ സാഹിബ്, മൗലാനാ മുഹമ്മദ് ഉമർ, ബി. എം. കോയ സാഹിബ് (നാസിം അഅ്ലാ-കേരള)



സെപ്റ്റംബർ 7, 8, 9 തീയതികളിൽ സിദ്ദിഖ് അമീർ അലി നഗർ (അമാനി ഓഡിറ്റോറിയം, കണ്ണൂർ) വെച്ച് നടന്ന സംസ്ഥാന അത്ഫാൽ ഖുദ്ദാം ഇജ്തിമ അഖിലേന്ത്യാ സദർ മൗലവി നസിം ഖാൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ഇരിക്കുന്നവർ: മൗലവി കരീമുദ്ദീൻ സാഹിബ്, ശിറാസ് സാഹിബ് എ. പി. കുഞ്ഞാമു സാഹിബ്, മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ് (ഖാഇദ്), മൗലവി അലിക്കുഞ്ഞ് സാഹിബ്, ബി. എം. കോയ സാഹിബ്.

*(37-ാം പേജിൽ നിന്ന് തുടർച്ച)*

ടുന്ന ഊർജ്ജമാണ് അതിശക്തമായി പുറത്തേക്ക് ഒഴുകി എതിർബലമായി പ്രവർത്തിക്കുന്നത്. സൂര്യന്റെ പുറം പാളികളെ കേന്ദ്രത്തിലേക്ക് തകർന്നടിയാതെ സംരക്ഷിച്ചു നിർത്തുന്നത് ഈ എതിർബലമാണ്. ഇങ്ങനെ രണ്ട് ബലങ്ങളുടെ സമമിതിയാണ് സൂര്യൻ അഥവാ നക്ഷത്രങ്ങൾ.

സൂര്യനിലുള്ള ഹൈഡ്രജൻ ശേഖരവും ഒരു സെക്കന്ററിൽ ഉപയോഗിക്കുന്ന ഹൈഡ്രജന്റെ കണങ്ങളുടെയും അടിസ്ഥാനത്തിൽ ഇനിയും 500 കോടി വർഷത്തോളം എരിയുവാനുള്ള ഹൈഡ്രജൻ സൂര്യനിലുണ്ടെന്ന് ജ്യോതിശാസ്ത്രം കണക്ക് കൂട്ടുന്നു. സൂര്യനിലുള്ള ഹൈഡ്രജൻ എരിഞ്ഞുതീരുമ്പോൾ പിന്നെ അണുകേന്ദ്രസംയോജനം നടക്കുകയില്ല. അണുകേന്ദ്രസംയോജനം നടക്കാതാകുമ്പോൾ ഊർജ്ജ പ്രസാരണ നിലക്കും. എതിർ ബലമായി പ്രവർത്തിച്ച ഊർജ്ജ പ്രസരണം നിലക്കുമ്പോൾ സൂര്യൻ ഗുരുത്വ തകർച്ചക്ക് വിധേയമാകും. ഗുരുത്വം സൂര്യന്റെ ബാഹ്യപാളികളെ കേന്ദ്രത്തിലേക്ക് സങ്കോചിപ്പിച്ച് കൊണ്ടിരിക്കും. വിശുദ്ധഖുർആനിന്റെ ഭാഷയിൽ പറഞ്ഞാൽ സൂര്യൻ ചുരുട്ടിമടക്കപ്പെട്ടു കൊണ്ടിരിക്കും. സൂര്യൻ നിരന്തരമായ സങ്കോചത്തിലൂടെ ഒരു വെള്ള കുള്ളനായിമാറും. അപ്പോൾ സൂര്യന്റെ വ്യാസം രണ്ടായിരം കിലോമീറ്ററിനു താഴെയായിരിക്കും. പതിനാല് ലക്ഷത്തിൽ നിന്ന് രണ്ടായിരം കിലോമീറ്ററിലേക്ക് ചുരുട്ടിമടക്കപ്പെടുന്നു. ചരിത്രകാരൻമാർ ഇരുണ്ട യുഗമെന്ന് വിശേഷിപ്പിച്ച ഒരു കാലഘട്ടത്തിൽ സാമൂഹ്യമായ ഭ്രഷ്ടിന് വിധേയനായി അതിജീവനത്തിന്റെ എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട് പട്ടിണിയും കഠിനമായ ദാരിദ്ര്യവും അനുഭവിച്ച് കൊണ്ടിരുന്ന മഹാനായ ഒരു മനുഷ്യനായ മുഹമ്മദ് (സ) ന്റെ നാവിലൂടെ ദൈവം സംസാരിക്കുകയായിരുന്നു. 'സൂര്യൻ ചുരുട്ടി മടക്കപ്പെടുമ്പോൾ' 81:2). പത്തൊമ്പതാം നൂറ്റാണ്ടിലെ മനുഷ്യന് പോ ലും എത്തിപ്പിടിക്കാൻ സാദ്ധ്യമായിരുന്നിട്ടില്ലാത്ത ഒരു നക്ഷത്ര രഹസ്യമായിരുന്നു ഇത്. ഭൗതികശാ സ്ത്രത്തിൽ സൂര്യനെ സംബന്ധിക്കുന്ന പഠനങ്ങൾ വിശുദ്ധഖുർആന്റെ സൂര്യനെപറ്റിയുള്ള പ്രവചനം ഒരു തികഞ്ഞ യാഥാർത്ഥ്യമാണെന്നതിന് അ നിഷേധ്യമായ ഒരു ദൃഷ്ടാന്തമായി നിലനിൽക്കുന്നു.

---

"യുക്തിപൂർവ്വമായ രണ്ടേ രണ്ടു ശിക്ഷകളേയുള്ളൂവെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അവ പണ്ടുകാലങ്ങളിൽ ഉപയോഗിച്ചിരുന്നവയാണ്; ദേഹണ്ഡനയെന്ന ശിക്ഷയും വധശിക്ഷയും ആചാരങ്ങൾ മയപ്പെട്ടു വരുന്നതോടെ അവയുടെ പ്രയോഗവും കുറഞ്ഞു കുറഞ്ഞുവരുന്നു. നെഹ്ലൂദൊവ് പറഞ്ഞു. 'നിങ്ങളുടെ നാവിൽ നിന്ന് ഇത് കേൾക്കുന്നതിൽ. പുതുമയും അത്ഭുതവും തോന്നുന്നു' (റഗോഷിൻസ്കി പറഞ്ഞു).

ഒരാൾക്ക് ദേഹണ്ഡന നൽകുന്നത് യുക്തിക്കു നിരക്കുന്നതാണ്. എന്ത് ചെയ്തതിന്റെ പേരിലാണോ അയാൾക്ക് ആ ദേഹണ്ഡന നൽകിയത് അത് അയാൾ മേലിൽ ചെയ്യാതിരിക്കാൻ വേണ്ടിയാണ്. സമുദായത്തിന് ഉപദ്രവകാരിയും അപകടകാരിയുമായിട്ടുള്ള ഒരുത്തന്റെ തലവെട്ടിക്കളയുന്നതും യുക്തിക്ക് തികച്ചും നിരക്കുന്നതാണ്. ഈ രണ്ടു ശിക്ഷകളുടേയും അർത്ഥം നമുക്ക് മനസ്സിലാക്കാൻ കഴിയും. എന്നാൽ അലസ ജീവിതം കൊ ണ്ടും മറ്റുള്ളവരുടെ ദുഷ്പ്രവൃത്തികൾ കണ്ടുപഠിച്ചും വികലസ്വഭാവിയായി തീർന്ന ഒരുത്തനെ ജയിലിലടക്കുക, നിർബന്ധിതമായ അലസതയുടെ ചുറ്റുപാടുകളിലും, ഏറ്റവും വികല സ്വാഭാവികളായിട്ടുവരുടെ സഹവാസത്തിലും അയാളെ തീറ്റിപ്പോറ്റുക, അതിലെന്ത് അർത്ഥമാണുള്ളത്? ആളൊന്നുക്ക് അഞ്ഞൂറു റൂബിളിൽ കൂടുതൽ ചിലവും വരും. (ഉയിർത്തെഴുന്നേൽപ്പ് പേജ്. 455)